കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2024 ജൂലൈ
വില ₹25



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**തേനീച്ച**
പി ഐ മിനി
(ചിത്രപുസ്തകം)
വില ₹60




**ദിയ മോളുടെ തൂവൽ**
എസ് ശാന്തി
(ചിത്രപുസ്തകം)
വില ₹60




**രണ്ട് ഡൈനസോർ കുട്ടികൾ**
സൈജ എസ്
(ചിത്രപുസ്തകം)
വില ₹90




**മീശ**
ഷിനോജ് രാജ്
(ചിത്രപുസ്തകം)
വില ₹60




**കിലുക്കിട്ടം**
എൻ കെ ദേശം
(ചിത്രപുസ്തകം)
വില ₹130




**ഒരു പ്ലാവിലക്കഥ**
അനിത എസ്
(ചിത്രപുസ്തകം)
വില ₹60

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ 0471-233 3790, e-mail : director@ksicl.org
താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക. MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

---

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ഇമെയിൽ (thaliru@ksicl.org)അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ജൂലൈ 2024
വില ₹25
വാർഷികവരിസംഖ്യ ₹250

# തളിര്

Vol:31, Issue: 7
July 2024

## ഉള്ളടക്കം



6

## ഒരു സംവാദം

**സച്ചിദാനന്ദൻ**

ഏതിടിവന്നു മുഴങ്ങിയാലും
ഞാൻ കേൾക്കും പൊട്ടിച്ചിരിച്ചു വീഴും
നീർച്ചാട്ടം, പൂമ്പാറ്റ തന്നിളക്കം.

## കാന്റർവില്ലെയിലെ പ്രേതം

**ഓസ്കാർ വൈൽഡ്**

**പുനരാഖ്യാനം: രജ്ന കെ ആസാദ്**

8

തന്നെ ഈ മനുഷ്യർക്ക് പേടിയേയില്ല. പ്രേതത്തിന് ആകെ നിരാശയും സങ്കടവും തോന്നി. അവരെ പേടിപ്പിക്കുമെന്ന് പ്രേതം ശപഥം ചെയ്തു.



32

## ഉത്തരധ്രുവത്തിന്റെ അടിയിലൂടെയുള്ള യാത്ര

**ജൂലിയസ് മാനുവൽ**



ആർട്ടിക് സമുദ്രത്തിന്റെ അടിയിലൂടെ അന്തർവാഹിനിയിൽ യാത്ര ചെയ്യാൻ കഴിയുമോ? 1958ൽ ലോകത്ത് ആദ്യമായി അങ്ങിനെയൊരു സംഭവം നടന്നു. അതും നോട്ടിലസ് എന്നു പേരുള്ള ഒരു അന്തർവാഹിനിയിൽ.

ഭാഷാപരിചയം.................................7
സാബു കോട്ടുക്കൽ
റ്റിറ്റിക്കാക്ക തടാകത്തിലെ യവാരി കപ്പൽ.................................14
വിനയരാജ് വി ആർ
ഉറുമ്പുജീവിതം.................................18
ഡോ. അരുൺ ഡി ഐ
ഇത്തിരി കടുവക്കാര്യം.................................20
വിജയകുമാർ ബ്ലാത്തൂർ
അരിത്തമ്പുരാൻ.................................24
ഇ പി പവിത്രൻ
പന്നൽച്ചെടികൾ.................................28
വി യു രാധാകൃഷ്ണൻ
ജീവിതമാണു പ്രധാനം.................................31
പള്ളിയറ ശ്രീധരൻ
സയന്റിസ്റ്റ് വാസൂട്ടൻ.................................35
ജിഷ യു സി
ഖജുരാഹോ ക്ഷേത്രങ്ങൾ.................................36
കെ രമ
കാട് വിളിക്കുന്നു.................................39
സുരേന്ദ്രൻ കാടങ്കോട്
കുരുവികൾ കുയിലുകൾ.................................39
സി ആർ ദാസ്
മഴയോർമ്മ.................................40
വിജയാ വാസുദേവൻ
ഇളംതളിര്.................................42

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**

കവർ
**സുധീർ പി വൈ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790, 8547971483
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



# വർണ്ണ വിവേചനത്തിനെതിരെ...

ഇന്ത്യയ്ക്ക് മഹാത്മാ ഗാന്ധി എങ്ങനെയാണോ അതേ പ്രാധാന്യമാണ് ദക്ഷിണാഫ്രിക്കയ്ക്ക് നെൽസൺ മണ്ടേല. ഗാന്ധിജിയുടെ ആശയങ്ങളിൽ ഏറെ ആകൃഷ്ടനായിരുന്നു മണ്ടേല. തകർക്കാനും നശിപ്പിക്കാനും എളുപ്പമാണ്. സമാധാനം സൃഷ്ടിക്കുന്നവരും പടുത്തുയർത്തുന്നവരുമാണ് ഹീറോയാകുന്നത് എന്നു പറഞ്ഞ നെൽസൺ മണ്ടേലയിൽനിന്ന് പഠിക്കാൻ നമുക്കേറെയുണ്ട്.

ഓരോ മനുഷ്യനും കറുത്തതെന്നും വെളുത്തതെന്നും വേർതിരിക്കപ്പെട്ടിരുന്ന കാലഘട്ടത്തിലാണ് മണ്ടേല ജീവിച്ചത്. ഇന്ത്യയിലെ ജാതിവിവേചനത്തിനു സമാനമായ മനുഷ്യാവകാശലംഘനമായിരുന്നു വർണ്ണവിവേചനം. മനുഷ്യർ ഇടപഴകുന്ന ഓരോ ഇടത്തുനിന്നും കറുത്തവരെ വേർതിരിച്ച് അവഗണിച്ചിരുന്നു. നിറത്തിന്റെ പേരിൽ അവരനുഭവിച്ച യാതനകൾക്ക് കൈയും കണക്കുമില്ലായിരുന്നു.

ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സ് എന്ന രാഷ്ട്രീയകക്ഷിയുടെ രൂപീകരണമാണ് വർണ്ണവിവേചനത്തിന് എതിരായ പ്രക്ഷോഭങ്ങൾക്ക് ശക്തിപകർന്നത്. ആഫ്രിക്കയുടെ ചരിത്രവും സംസ്കാരവും ആഴത്തിൽ പഠിച്ച മണ്ടേല ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിനെ നയിക്കാൻ തുടങ്ങിയതോടെ പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടു. ദീർഘകാലത്തേക്ക് മണ്ടേല ജയിലിലായി.

എന്നിരുന്നാലും 1990 ആവേണ്ടിവന്നു വർണ്ണവിവേചന നിയമങ്ങൾ ഇല്ലാതാവാൻ. 1994ൽ ജനാധിപത്യരീതിയിൽ ദക്ഷിണാഫ്രിക്കയിൽ നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ ആഫ്രിക്കൻ

നാഷണൽ കോൺഗ്രസ്സ് ഭൂരിപക്ഷം നേടി അധികാരത്തിൽ വരികയും മണ്ടേല ദക്ഷിണാഫ്രിക്കയുടെ പ്രസിഡന്റായി സ്ഥാനമേൽക്കുകയും ചെയ്തു.

1990ൽ ഭാരതരത്ന പുരസ്കാരം നൽകി ഇന്ത്യ അദ്ദേഹത്തെ ആദരിച്ചിരുന്നു. ഇന്ത്യൻ പൗരനല്ലാതെ ഭാരതരത്ന ലഭിച്ച ചുരുക്കം പേരിൽ ഒരാളാണ് മണ്ടേല.

1918 ജൂലൈ 18നായിരുന്നു നെൽസൺ മണ്ടേലയുടെ ജനനം. ആ ദിനം ഇന്ന് ലോകം ആചരിക്കുന്നത് നെൽസൺ മണ്ടേല ദിനമായിട്ടാണ്. 2013 ഡിസംബർ 5ന് 95ാമത്തെ വയസ്സിലാണ് ആ മനുഷ്യസ്നേഹി ലോകത്തോടു വിടപറഞ്ഞത്. ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനത്തിനെതിരെ നിരന്തരം പോരാടിയ ആ മഹാമനുഷ്യനെക്കുറിച്ച് കൂടുതൽ അറിയാൻ കൂട്ടുകാർ ശ്രമിക്കുമല്ലോ.

അന്താരാഷ്ട്ര ചാന്ദ്രദിനം, കടുവാദിനം, ലോക ചെസ്സ് ദിനം എന്നു തുടങ്ങി പല ദിനാചരണങ്ങളും ജൂലൈ മാസത്തിൽ വരുന്നുണ്ട്. അവയെക്കുറിച്ച് അറിയാനും നമ്മൾ ശ്രമിക്കണം.

മറ്റൊരു പ്രധാന കാര്യം കൂടി ഇത്തവണ പറയാനുണ്ട്. തളിര് സ്കോളർഷിപ്പ് 2024ന്റെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുകയാണ്. ഓരോ ജില്ലയിലും നൂറു പേർക്ക് ആയിരം രൂപ വീതമാണ് ജില്ലാതല സ്കോളർഷിപ്പ് ലഭിക്കുക. വായനശീലം വളർത്താൻ ലക്ഷ്യമിട്ടുള്ള ഈ സ്കോളർഷിപ്പ് പദ്ധതിയിൽ മുൻവർഷങ്ങളിലെപ്പോലെ ഇത്തവണയും വലിയ പങ്കാളിത്തമാണ് പ്രതീക്ഷിക്കുന്നത്. തളിര് സ്കോളർഷിപ്പ് 2024നെക്കുറിച്ച് കൂട്ടുകാരോടെല്ലാം പറയുമല്ലോ.

സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**1918 ജൂലൈ 18നായിരുന്നു നെൽസൺ മണ്ടേലയുടെ ജനനം. ആ ദിനം ഇന്ന് ലോകം ആചരിക്കുന്നത് നെൽസൺ മണ്ടേല ദിനമായിട്ടാണ്. 2013 ഡിസംബർ 5ന് 95ാമത്തെ വയസ്സിലാണ് ആ മനുഷ്യസ്നേഹി ലോകത്തോടു വിടപറഞ്ഞത്. ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനത്തിനെതിരെ നിരന്തരം പോരാടിയ ആ മഹാമനുഷ്യനെക്കുറിച്ച് കൂടുതൽ അറിയാൻ കൂട്ടുകാർ ശ്രമിക്കുമല്ലോ.**



## ഹോർത്തൂസ് മലബാറിക്കൂസിലൂടെ

### മലപൊന്ന

**ശാസ്ത്രീയനാമം:**
**ലിറ്റ്സിയ ക്വിൻക്വിഫ്ളോറ**
(Litsea quinqueflora)



മലംപുന്ന എന്ന പേരും ഒരു ചിത്രത്തിനു നൽകിയിരിക്കുന്നു. ഈ പേര് സസ്യത്തെ കുറിക്കാൻ ഇപ്പോൾ ഉപയോഗിക്കുന്നില്ല. കലോഫില്ലം ഓസ്ത്രോ ഇൻഡിക്കം എന്ന വനസസ്യത്തെയാണ് ഇപ്പോൾ മലമ്പുന്നയെന്നു വിളിക്കുന്നത്. റാപോലിൻ എന്നു പരാമർശിക്കുന്ന പ്രദേശം കൊച്ചിക്കു വടക്കുള്ള ഇന്നത്തെ ഇടപ്പള്ളിയാണ്.

**ഔഷധഗുണങ്ങൾ**
ഇലകൾ പൊടിച്ച്, ഉണക്കിയ ആനപ്പിണ്ടവും ചേർത്ത് മസൂരി ഭേദമാകുമ്പോഴുള്ള മുറിവിൻപാടിൽ തൂവിയാൽ പാടുകൾ ഇല്ലാതായി വേഗം ഭേദപ്പെടും.

ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ *കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്* എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

കവിത

# ഒരു സംവാദം

**സച്ചിദാനന്ദൻ**

ഭൂമി ചോദിച്ചു, "പ്രപഞ്ചമേ നിൻ
ഗോളസമൂഹത്തിൽ ഞാൻ കറങ്ങും
മൂളൽ വേറിട്ടൊന്നായ് കേട്ടിടാമോ?"

ഓതീ പ്രപഞ്ചം, "ഹേ ഭൂമി, ഏറെ
ഗോളസമൂഹങ്ങളുണ്ടതിൽ നിൻ
ഗോളസമൂഹമതൊന്നു മാത്രം."

ഭൂമി മറുപടി ചൊല്ലി, "എന്നിൽ
ഏറെയിലകൾ തൻ മർമ്മരങ്ങൾ
ഏറെക്കിളികൾ തൻ പാട്ട്, ഏറെ-
യേറെ മൃഗങ്ങൾ തൻ ശബ്ദജാലം,
പോരാ, മനുഷ്യർ തന്നാരവങ്ങൾ,
ഏതിടിവന്നു മുഴങ്ങിയാലും
ഞാൻ കേൾക്കും പൊട്ടിച്ചിരിച്ചു വീഴും
നീർച്ചാട്ടം, പൂമ്പാറ്റ തന്നിളക്കം.
നീയും ചെവിയോർക്കു സൂക്ഷ്മമായി,
ഈ നാദമൊക്കെച്ചെവിയിൽ വീഴും."

ഒന്നു ചിരിച്ചൂ പ്രപഞ്ചം; "എന്റെ
കാതിലിതെല്ലാം ഒരേയിരമ്പം;
നാദവുമല്ലതു മൗനമല്ലാ;
താരാഗ്രഹങ്ങൾ തൻ ഭാഷയല്ലോ.
കാതോർക്ക, കേൾക്കാം നിനക്കുമപ്പോൾ,
വേറിട്ടു നിൽക്കില്ല പിന്നെയൊന്നും."



വര: വെങ്കി

# വചനം

## സാബു കോട്ടുക്കൽ

നാമപദങ്ങളിൽ വ്യത്യാസം വരുത്തുന്ന മറ്റൊരു ഭാഷാഘടകമാണ് വചനം. വസ്തുക്കളെ കുറിക്കുവാനായി നാം ഉപയോഗിക്കുന്ന നാമപദങ്ങൾ ഒന്നിനെയാണോ ഒന്നിലധികം എണ്ണത്തെയാണോ സൂചിപ്പിക്കുന്നത് എന്നു വ്യക്തമാക്കുന്ന സമ്പ്രദായത്തിനാണ് വചനം എന്നു പറയുന്നത്. കല്ല് എന്നുപറഞ്ഞാൽ ഒരു കല്ല് എന്നാണല്ലോ അർത്ഥം? കല്ലുകൾ എന്നു പറഞ്ഞാലോ? ഒന്നിലധികം കല്ലുകൾ എന്നർത്ഥം കിട്ടുന്നു. കല്ല് എന്ന നാമപദം തനിയെ നിന്നപ്പോൾ കിട്ടിയ അർത്ഥമല്ല അതിനോട് *കൾ* എന്ന പ്രത്യയം ചേർത്തപ്പോൾ കിട്ടിയത്. ഇതാണ് വചനത്തിന്റെ രീതി. ഒന്നിനെ കുറിക്കുന്നതിന് ഏകവചനം എന്നും ഒന്നിലധികമുള്ളതിനെ കുറിക്കുന്നതിന് ബഹുവചനമെന്നും പേര്. ഇപ്രകാരം നോക്കിയാൽ ഭാഷയിലെ എല്ലാ നാമപദങ്ങളും ഏകവചനം, ബഹുവചനം എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെടുന്നു എന്നു മനസ്സിലാക്കാനാവും.

ഏകവചനത്തിനു വിഭാഗങ്ങളൊന്നുമില്ല. എന്നാൽ ബഹുവചനം നാലു തരത്തിലുണ്ട്.

1 സലിംഗബഹുവചനം

2 അലിംഗബഹുവചനം

3 പൂജകബഹുവചനം

4 നപുംസകബഹുവചനം

ലിംഗസൂചനയുള്ള ബഹുവചനമാണ് സലിംഗ ബഹുവചനം. സ്ത്രീകൾ എന്ന ഉദാഹരണം നോക്കുക. സ്ത്രീലിംഗത്തെ സൂചിപ്പിക്കുന്ന പദമാണ് സ്ത്രീ എന്നത്. അതോടൊപ്പം *കൾ* എന്നുകൂടി ചേർത്ത് സ്ത്രീകൾ എന്നാക്കിയപ്പോൾ, ഒന്നിലധികം സ്ത്രീകൾ ആ പദംകൊണ്ട് സൂചിപ്പിക്കപ്പെടുന്നു എന്ന ആശയംകൂടി ലഭിക്കുന്നു. ആതായത് സ്ത്രീകൾ എന്നത് ലിംഗസൂചനയുള്ള ബഹുവചനമാകുന്നു. അധ്യാപകന്മാർ എന്ന പദവും ഇതുപോലെയാണ്. ആ പദം പുരുഷന്മാരായ അധ്യാപകരെയാണ് സൂചിപ്പിക്കുന്നത്. ഇതാണ് സലിംഗ ബഹുവചനത്തിന്റെ രീതി. എന്നാൽ പുരുഷനോ സ്ത്രീയോ എന്നു സൂചനയില്ലാതെ ബഹുത്വത്തെ സൂചിപ്പിക്കാനാണ് അലിംഗബഹുവചനം ഉപയോഗിക്കുന്നത്. അധ്യാപകർ, മക്കൾ, സുഹൃത്തുക്കൾ, മനുഷ്യർ, പണക്കാർ എന്നിവ ഉദാഹരണങ്ങൾ.

ബഹുമാനസൂചകമായി ഏകവചനാർത്ഥത്തിൽ ബഹുവചനത്തിന്റെ രൂപം സ്വീകരിക്കുന്നതരം വചനമാണ് പൂജകബഹുവചനം. ഗുരുക്കൾ, അവർകൾ, തമ്പ്രാക്കൾ, മാരാർ എന്നിവ ഉദാഹരണങ്ങൾ. നപുംസകത്തിന്റെ ബഹുത്വത്തെയാണ് സപുംസകബഹുവചനം സൂചിപ്പിക്കുന്നത്. മരങ്ങൾ, വീടുകൾ, നാടുകൾ എന്നിവ ഉദാഹരണങ്ങളാണ്.

ഈ ധാരണയുടെ അടിസ്ഥാനത്തിൽ ഇവിടെ നൽകിയിട്ടുള്ള പട്ടിക പൂരിപ്പിക്കാനാവുമോ? ശ്രമിച്ചുനോക്കൂ. നാമപദങ്ങളുടെ ഏകവചനരൂപങ്ങളാണ് നൽകിയിട്ടുള്ളത്. ആ പദങ്ങൾക്ക് ഏതെല്ലാം ബഹുവചനരൂപങ്ങൾ എഴുതാനാകും എന്നു നോക്കുക.

| ഏകവചനം | സലിംഗ ബഹുവചനം | അലിംഗ ബഹുവചനം | നപുംസക ബഹുവചനം | പൂജക ബഹുവചനം |
|---|---|---|---|---|
| പശു | | | | |
| അധ്യാപകൻ | | | | |
| വേലക്കാരി | | | | |
| സ്വാമി | | | | |
| അനുജത്തി | | | | |
| മനുഷ്യൻ | | | | |
| കുട്ടി | | | | |
| തട്ടാൻ | | | | |

ക്ലാസിക് കഥ

# കാന്റർവില്ലെയിലെ പ്രേതം

## ഓസ്കാർ വൈൽഡ്

**പുനരാഖ്യാനം: രജ്ന കെ ആസാദ്**

ഐറിഷ് കഥാകൃത്തായ ഓസ്കാർ വൈൽഡിന്റെ മനോഹരമായ കഥയാണ് കാന്റർവില്ലെയിലെ പ്രേതം. ഹാസ്യത്തിന്റെ അകമ്പടിയോടെ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രേതകഥ ലോകപ്രശസ്തമായ ഒരു ക്ലാസിക് ചെറുകഥയാണ്.



അമേരിക്കൻ മന്ത്രി ഹിറം ഒട്ടിസ്, കാന്റർവില്ലെ പ്രഭുവിന്റെ ബംഗ്ലാവ് വാങ്ങുന്നെന്ന് കേട്ടപ്പോഴേ നാട്ടുകാര് പറഞ്ഞു, 'അതു വേണ്ടായിരുന്നു, വെറുതെ പുലിവാല് പിടിക്കേണ്ടായിരുന്നു.'

എഗ്രിമെന്റ് എഴുതുമ്പോൾ ഉടമയായ പ്രഭുവും പറഞ്ഞു,

"പറയുമ്പോൾ എല്ലാം പറയണമല്ലോ മിസ്റ്റർ ഒട്ടിസ്, ഞങ്ങളും പ്രേതങ്ങളിൽ വിശ്വസിച്ചിരുന്നില്ല, എന്റെ വല്യമ്മായി അതുകണ്ടു പേടിക്കും വരെ. അവർ ഡ്രസ്സ് മാറിക്കൊണ്ടിരിക്കുമ്പോൾ രണ്ട് അസ്ഥികൂടങ്ങൾ അവരുടെ തോളിൽ പിടിക്കുകയായിരുന്നു. അതിൽപ്പിന്നെ മരിക്കുംവരെ അവർക്ക് അപസ്മാരംപോലെ വരുമായിരുന്നു. ഈ അദൃശ്യശക്തികളുടെ സാന്നിധ്യവും ശബ്ദങ്ങളും കാരണം വീട്ടുകാർ ശരിയായി ഉറങ്ങിയിട്ട് മാസങ്ങളായി."

എന്നാൽ മന്ത്രി അതൊന്നും കാര്യമാക്കിയില്ല.

"ബംഗ്ലാവും ഫർണിച്ചറും ഒപ്പം ആ പ്രേതങ്ങളെയും ഞാൻ വില തന്നു വാങ്ങിയേക്കാം." അദ്ദേഹം തമാശരൂപേണ പറഞ്ഞു.

അങ്ങനെ ആഴ്ചകൾക്കു ശേഷം ആ കച്ചവടം നടന്നു. മന്ത്രിയും കുടുംബവും ആ വീട്ടിൽ വന്നിറങ്ങി. അതിസുന്ദരിയായിരുന്നു മന്ത്രി



യുടെ ഭാര്യ ലുക്രേഷ്യ. മൂത്ത മകൻ വാഷിങ്ടൻ എന്ന സുന്ദരൻ യുവാവും പതിനഞ്ചുകാരിയായ മകൾ വിർജീനിയയും മഹാവികൃതികളായ ഇരട്ട ആൺകുട്ടികളും അടങ്ങുന്നതായിരുന്നു മിനിസ്റ്റർ ഒട്ടിസിന്റെ കുടുംബം.

ഏഴു മൈൽ സഞ്ചരിച്ച് ബംഗ്ലാവിന്റെ അങ്കണത്തിലെത്തിയപ്പോൾ കറുത്ത സിൽക് ഗൗണും ഏപ്രണും ധരിച്ച് ഒരു വൃദ്ധ അവിടെ അവരെ കാത്തുനിൽപ്പുണ്ടായിരുന്നു. കാന്റർവില്ലെയിലെ പഴയ വേലക്കാരി മിസിസ് ഉമ്മിനിയായിരുന്നു അത്.

"ഞാൻ നിങ്ങളെ കാന്റർവില്ലെ ചേസിലേക്ക് സ്വാഗതം ചെയ്യുന്നു."

അവരെ പിന്തുടർന്ന് ഒട്ടിസ് കുടുംബം ബംഗ്ലാവിന്റെ ഇടനാഴിയിലേക്കു കടന്നു. താഴത്തെ മുറിയും വലിയ ജാലകവും കടന്ന് ഒരു ടേബിളിനരികിലെത്തിയ അവർക്കായി അവിടെ ചായ പകർന്നുവെച്ചിരിക്കുന്നു. കസേരയിലേക്ക് ഇരിക്കാൻ തുടങ്ങവേ മിസിസ് ഒട്ടിസ് നിലത്ത് ചുവന്ന കറ കണ്ടു.

"ഇതൊരു നല്ല ലക്ഷണമല്ല." അവർ ഉമ്മിനിയോടു പറഞ്ഞു.

"മാഡം, അത് ലേഡി എലനോറിന്റെ രക്തമാണ്. ഇവിടത്തെ പ്രഭ്വി. ഇതേ സ്ഥലത്തു വെച്ചാണ് അവർ ഭർത്താവിനാൽ കൊലചെയ്യപ്പെട്ടത്. 1575 ലാണത് സംഭവിച്ചത്. ഒമ്പതു വർഷങ്ങൾ കഴിഞ്ഞ് സൈമൺ പ്രഭുവിനെയും ദുരൂഹസാഹചര്യത്തിൽ കാണാതായി. അയാളുടെ ജഡംപോലും കണ്ടുകിട്ടിയില്ല. ഈ രക്തക്കറ തുടച്ചുകളയാൻ പലകുറി ശ്രമിച്ചതാണ്. ഡിറ്റർജന്റുകൊണ്ട് തുടച്ചിട്ടും അത് വീണ്ടും പ്രത്യക്ഷപ്പെടുന്നു."

മിസ്സിസ് ഒട്ടിസ് ഭയം കൊണ്ട് വിറച്ചുപോയി.

"നോൺസെൻസ്."

അത് പറഞ്ഞുകൊണ്ട് വാഷിങ്ടൻ തറയിലിരുന്ന് ചുവന്ന കറ ചുരണ്ടിയെടുക്കാൻ തുടങ്ങി. അവന്റെ പരിശ്രമത്താൽ അത് തീർത്തും അപ്രത്യക്ഷമായി.

പെട്ടെന്നവിടെ ഒരു ഇടി മുഴങ്ങി. അവരുടെ പാദങ്ങൾക്കടിയിൽനിന്നോണം മിന്നൽ ശക്തിയായി പ്രകാശിച്ചു. വേലക്കാരി ബോധംകെട്ടു നിലം പതിച്ചു. വീട്ടുകാരുടെ പരിചരണത്തിൽ അവൾക്ക് ബോധം വന്നെങ്കിലും നന്നായി ഭയന്നിരുന്നു ആ പാവം വൃദ്ധ.

"ഞാനെന്റെ കണ്ണുകൊണ്ട് കണ്ടതാണ് സാറേ. അതുകാരണം എത്രയോ രാത്രികൾ ഒരു പോള കണ്ണടച്ചിട്ടില്ല."

ഉമ്മിനി പറഞ്ഞു.

അടുത്ത ദിവസം പകൽ വളരെ പ്രസന്നമായിരുന്നു. ഒട്ടിസ് കുടുംബം ഒന്നു പുറത്തുപോകാനിറങ്ങി. പുറത്തെ കാലാവസ്ഥയും പ്രകൃതിയും ആസ്വദിച്ച് ലഘുഭക്ഷണവും കഴിച്ച് സിനിമയും രാഷ്ട്രീയവുമെല്ലാം അവർ ചർച്ചചെയ്തു. കാന്റർവില്ലെയെക്കുറിച്ചും അവിടത്തെ പ്രേതത്തെക്കുറിച്ചും മാത്രം ആരും മിണ്ടിയതേയില്ല. തിരിച്ചു ബംഗ്ലാവിലെത്തി ഉറങ്ങാൻ കിടക്കുമ്പോൾ സമയം പത്തുണ്ടായിരുന്നു.

ആ സമയം ഒട്ടിസിന്റെ മുറിയുടെ പുറത്ത് ഇരുമ്പ് തമ്മിൽ ഉരയുന്നതുപോലെയോ ചങ്ങലകൾ കിലുങ്ങുന്നതുപോലെയോ ഒരു ശബ്ദം കേൾക്കാൻ തുടങ്ങി. അത് അടുത്തടുത്തു വരുന്നതായി അനുഭവപ്പെട്ടു. സാവകാശം എഴുന്നേറ്റ് തീപ്പെട്ടിയുരച്ച് ക്ലോക്കിൽ നോക്കിയപ്പോൾ ഒരു മണിയായിരിക്കുന്നു. ഒട്ടിസ് തെല്ലും ഭയന്നില്ല.

അതൊരു കാലടിശബ്ദമാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. ഡ്രസ്സിങ് കെയ്സിൽ നിന്ന് ദീർഘചതുരാകൃതിയിലുള്ള ഒരു വടി കൈയിലെടുത്ത് ഒട്ടിസ് വാതിൽ തുറന്നു.

ഒരു വൃദ്ധൻ മുറിയുടെ മുമ്പിലായി നിൽക്കുന്നു. കൽക്കരിപോലെ ചുവന്ന കണ്ണുകൾ. നരച്ച നീളൻമുടി ചുരുളുകളായി തോൾ വരെയുണ്ട്. കാലപ്പഴക്കംകൊണ്ട് കീറി നരച്ച വസ്ത്രങ്ങൾ. ഇരു കൈത്തണ്ടകളിലുമുള്ള കൈയാമത്തിൽ നിന്ന് തുരുമ്പിച്ച ചങ്ങലകൾ താഴോട്ട് നീണ്ടുകിടന്നു.

**ആ സമയം ഒട്ടിസിന്റെ മുറിയുടെ പുറത്ത് ഇരുമ്പ് തമ്മിൽ ഉരയുന്നതുപോലെയോ ചങ്ങലകൾ കിലുങ്ങുന്നതുപോലെയോ ഒരു ശബ്ദം കേൾക്കാൻ തുടങ്ങി. അത് അടുത്തടുത്തു വരുന്നതായി അനുഭവപ്പെട്ടു. സാവകാശം എഴുന്നേറ്റ് തീപ്പെട്ടിയുരച്ച് ക്ലോക്കിൽ നോക്കിയപ്പോൾ ഒരു മണിയായിരിക്കുന്നു.**

"ഡിയർ സർ, നിങ്ങളുടെ കൈകളിലെ ചങ്ങലകളിൽ അൽപം എണ്ണയിടുന്നത് നന്നാവും. ഈ കരകരപ്പും തുരുമ്പുമൊക്കെ പോകാൻ ടമ്മനി ലൂബ്രിക്കേറ്റർ ബെസ്റ്റാണ്. അതു മാത്രമല്ല ഇനി നിങ്ങൾക്ക് മെഴുതിരികളാണ് വേണ്ടതെങ്കിൽ അതും തരാം." അത്രയും പറഞ്ഞു വാതിൽ വലിച്ചടച്ച് ഒട്ടിസ് ബെഡ്റൂമിലേക്ക് തിരിച്ചുനടന്നു.

കാന്റർവില്ലെ പ്രേതം നടുങ്ങിപ്പോയി. നിസ്സഹായനായ അയാൾ രോഷംകൊണ്ട് പല്ലു കടിച്ചു. പിന്നെ ആ ബോട്ടിൽ തറയിൽ എറിഞ്ഞുടച്ച് കോപത്തോടെ ഗോവണി കയറി നേരേ മുകളിലേക്കു പോയി. പെട്ടെന്ന് വെളുത്ത തുണി

കൊണ്ട് മൂടിപ്പുതച്ച രണ്ട് രൂപങ്ങൾ തനിക്കു നേരേ വരുന്നതുകണ്ട് പ്രേതം നിന്നു. പൊടുന്നനെ രണ്ടു തലയിണകൾ ചീറിവന്ന് പ്രേതത്തിന്റെ തലയിൽ പതിച്ചു. പ്രേതം പെട്ടെന്നവിടെനിന്ന് അപ്രത്യക്ഷനായി. പറന്ന് ദൂരെയുള്ള ചേമ്പറിലെത്തുമ്പോഴും അതിന്റെ വിറയൽ മാറിയിരുന്നില്ല.

പ്രേതത്തിന് തന്നോടുതന്നെ പുച്ഛം തോന്നി. നീണ്ട മുന്നൂറ് വർഷങ്ങൾ എത്രപേരെ ഭയപ്പെടുത്തിയിരിക്കുന്നു. ഇടവകയിലെ റെക്ടർ അച്ചനെപ്പോലും ഭയപ്പെടുത്തിയ ഉജ്ജ്വലമായ പാരമ്പര്യമുള്ള താനാണ് ഈ അമേരിക്കക്കാരുടെ മുമ്പിൽ പരാജയപ്പെട്ട് ഇങ്ങനെ ചൂളിനിൽക്കുന്നത്. ലജ്ജാകരം! ഇതിനൊക്കെ പ്രതികാരം ചെയ്യണം.

**പിന്നെയും കുറെനാൾ കഴിഞ്ഞാണ് പ്രേതം വീണ്ടും പ്രത്യക്ഷപ്പെട്ടത്. ആ ഞായറാഴ്ച പ്രധാനഹാളിൽനിന്ന് എന്തോ തകർന്നുവീഴുന്നപോലുള്ള ശബ്ദം കേട്ട് വീട്ടുകാർ അമ്പരന്നു. ഹാളിൽ സൂക്ഷിച്ച വലിയ പടച്ചട്ട അതിന്റെ സ്റ്റാൻഡ് വിട്ട് തകർന്നുവീണതായിരുന്നു അത്.**

പിറ്റേന്ന് ഒട്ടിസ് കുടുംബം പ്രാതലിന് ഒന്നിച്ചിരുന്നപ്പോൾ പ്രേതത്തെക്കുറിച്ചായി ചർച്ച.

“ഇത്രയും കാലം ഇവിടെ താമസിച്ച അതിനെ തലയിണകൊണ്ടെറിഞ്ഞത് ശരിയായില്ല.”

ഇതുകേട്ട് ഇരട്ടക്കുഞ്ഞുങ്ങൾ പൊട്ടിച്ചിരിച്ചു.

“എന്തായാലും അവനൽപ്പം ഓയിലിട്ടേ മതിയാവൂ. ചങ്ങലയുടെ കരകര ശബ്ദം കാരണം ഉറക്കം വരുന്നേയില്ല.”

കുടുംബം ഒന്നാകെ ആർത്തുചിരിച്ചു. എന്നാൽ ഈ തമാശകളിലൊന്നും പങ്കെടുക്കാതെ വിർജീനിയ മാത്രം നിശ്ശബ്ദയായിരുന്നു.

പിന്നീട് കുറേനാളത്തേക്ക് പ്രേതത്തിനെ കാണാഞ്ഞ് അവർക്കു ബോറടിച്ചു. തറയിലെ രക്തക്കറ മാത്രമായിരുന്നു ഏക ആശ്വാസം. അത് പല തവണ നിറം മാറിവന്നു. പച്ച, ചുവപ്പ്, നീല ഇങ്ങനെയിങ്ങനെ...

പിന്നെയും കുറെനാൾ കഴിഞ്ഞാണ് പ്രേതം വീണ്ടും പ്രത്യക്ഷപ്പെട്ടത്. ആ ഞായറാഴ്ച പ്രധാനഹാളിൽനിന്ന് എന്തോ തകർന്നുവീഴുന്നപോലുള്ള ശബ്ദം കേട്ട് വീട്ടുകാർ അമ്പരന്നു. ഹാളിൽ സൂക്ഷിച്ച വലിയ പടച്ചട്ട അതിന്റെ സ്റ്റാൻഡ് വിട്ട് തകർന്നുവീണതായിരുന്നു അത്.

അവർ എഴുന്നേറ്റുവന്നപ്പോൾ പ്രേതം വലിയൊരു ചാരുകസേയിൽ ചാഞ്ഞിരുന്ന് സ്വന്തം കാൽമുട്ടുകൾ തടവുകയായിരുന്നു. അതിന്റെ മുഖം മ്ലാനമായിരുന്നു.

പൊടുന്നനെ തങ്ങളുടെ കളിത്തോക്കുകളുമായി ഇരട്ടക്കുഞ്ഞുങ്ങൾ ഹാളിലെത്തി. രണ്ടുപേരും കാഞ്ചിവലിച്ചപ്പോൾ കളിത്തോക്കിലെ ബുള്ളറ്റുകൾ കൃത്യമായി പ്രേതത്തിന്റെ ശിരസ്സിൽത്തന്നെ പതിച്ചു. അവരുടെ അച്ഛനാകട്ടെ തന്റെ റിവോൾവർ നീട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു:

“ഹാൻസ് അപ്പ്.”

ഭയന്നുപോയ പ്രേതം വന്യമായ അലറിക്കരച്ചിലോടെ അവിടം വിട്ടു പാഞ്ഞു. ഒരു വിധം കോണിപ്പടികൾ കയറി മുകളിലെത്തിയ പ്രേതം വീട്ടുകാരെ ഭയപ്പെടുത്താനായി അവിടെനിന്ന് ഉറക്കെയുറക്കെ അലറിച്ചിരിച്ചു.

“നിങ്ങളുടെ ആ വയറുവേദന ഇനിയും മാറിയില്ലേ?”

മിസിസ് ഒട്ടിസായിരുന്നു അത്. നീല നൈറ്റ് ഗൗണിൽ അതിസുന്ദരിയായി കാണപ്പെട്ട അവളുടെ കൈയിൽ ഒരു മരുന്നുകുപ്പിയുണ്ടായിരുന്നു.

“ഇതാ ഡോക്ടർ ഡോബലിന്റെ കഷായം. ദഹനക്കേടിന് ഇത് ബെസ്റ്റാ.”

പ്രേതം അവളെ തുറിച്ചുനോക്കി. കറുത്തു ഭീമനായ നായയായി മാറി അവളെ പേടിപ്പിക്കാൻ തീരുമാനിച്ചെങ്കിലും അയാൾ ക്ഷീണിതനായിരുന്നു. പിന്നീട് ക്ഷീണം വിട്ടകന്നപ്പോൾ മന്ത്രി കുടുംബത്തെ ഭയപ്പെടുത്താനുള്ള അടുത്ത ശ്രമം ആരംഭിച്ചു.

ആഗസ്റ്റ് 17 വെള്ളിയാഴ്ച രാത്രി ചുവന്ന തൂവൽ പിടിപ്പിച്ച തൊപ്പിയും കോളറിലും കൈകളിലും മനോഹരമായ ഫ്രില്ലുകൾ വെച്ച കുപ്പായവുമായി പ്രേതം ഇറങ്ങിയ അതേ നേരത്താണ് കനത്ത മഴയോടൊപ്പം വന്ന ഇടിമിന്നലിൽ ബംഗ്ലാവ് കുലുങ്ങിയത്. കാറ്റിൽ ജനൽപാളികൾ ശബ്ദത്തോടെ അടഞ്ഞു. അവനു സന്തോഷമായി.

അന്നത്തെ തമാശകൾക്കും പൊട്ടിച്ചിരികൾക്കും ശേഷം കുടുംബം തങ്ങളുടെ ഉറക്കറകളിലേക്കു പോയി. പ്രേതം വാഷിങ്ടന്റെ മുറിയിൽപ്പോയി മൂന്നു തവണ പ്രത്യേക ഈണത്തിൽ മൂളിയെങ്കിലും അതൊന്നും ഏശിയില്ല. പിന്നീടത് മന്ത്രിയുടെയും ഭാര്യയുടെയും മുറിയിലേക്കു നടന്നു. മൂങ്ങയായി വാതിലിനടുത്തുനിന്ന് മൂളി. കാക്കയെപ്പോലെ കരഞ്ഞു. ഒരു ഫലവുമുണ്ടായില്ല.

മന്ത്രിയുടെ കൂർക്കംവലി മാത്രം ഉച്ചത്തിൽ കേട്ടു. അതിനെക്കാൾ ഉച്ചത്തിൽ ഇരട്ടകൾ

ഉറക്കത്തിൽ ചിരിക്കുന്നതു കേട്ടു പ്രേതം തിരിച്ചുനടന്നു. എന്നാൽ പൊടുന്നനെ അവൻ നടുങ്ങി വിറച്ചുപോയി. കൺമുന്നിൽ തന്നെക്കാൾ ഭീകരനായ മറ്റൊരു പ്രേതം! കണ്ണുകളിൽ നിന്ന് പച്ചവെളിച്ചം പ്രസരിക്കുന്നു! അതിന്റെ കൈയിൽ ഒരു പ്ലക്കാർഡുണ്ടായിരുന്നു. കാന്റർവില്ലെ പ്രേതം ജീവനും കൊണ്ട് തന്റെ കാബിനിലേക്കോടി. എന്നാൽ ഏകാകിയായ തനിക്ക് ഒരു കൂട്ടുകാരൻ കൂടിയുള്ളത് നല്ലതാണെന്ന് പിന്നീട് സ്വയം സമാധാനിച്ചു.

പകൽ തന്റെ കൂട്ടുകാരനാവാൻ പോകുന്ന പുതിയ പ്രേതത്തെ തിരഞ്ഞുനടന്ന അവന് അക്കിടി പറ്റി.

അതൊരു പ്രേതമായിരുന്നില്ല, ആരോ നിർമ്മിച്ച ഒരു പൊയ്ക്കോലമായിരുന്നു. അവനെ അപമാനിക്കുവാൻ മാത്രമായി അമേരിക്കൻ ഇംഗ്ലീഷിൽ ഒരു ബോർഡ് അതിന്റെ കഴുത്തിൽ കെട്ടിത്തൂക്കിയിരുന്നു.

“ഒറിജിനൽ ഗോസ്റ്റ് ഇതാണ്. മാന്യജനങ്ങൾ അനുകരണങ്ങളിൽ വഞ്ചിതരാകാതിരിക്കുക.”

ദേഷ്യവും അപമാനവും മൂലം അവൻ തന്റെ പല്ലില്ലാത്ത മോണകൾ തമ്മിൽ കടിച്ചുഞെരിച്ചു. പിന്നെ ആത്മധൈര്യം നശിച്ച് സ്വന്തം ശവപ്പെട്ടിയിലേക്കുതന്നെ തിരിച്ചുപോയി.

മറ്റുള്ളവരറിയാതെ പ്രേതം പല പുരാണഗ്രന്ഥങ്ങളും വായിച്ചു. ചരിത്രത്തിൽ മുമ്പ് ഏതെങ്കിലും പ്രേതം ഇങ്ങനെ പരാജയപ്പെട്ടിട്ടുണ്ടോ എന്നും ഒപ്പം ഈ മന്ത്രികുടുംബത്തെ പരാജയപ്പെടുത്താനുള്ള വഴികളും അന്വേഷിച്ചു.

അവൻ തന്റെ ഷൂസ് അഴിച്ചുവെച്ചു. ചങ്ങലകളിൽ ലൂബ്രിക്കേറ്റ് പുരട്ടി. ശബ്ദമില്ലാതെ രാത്രിയിൽ പതുങ്ങിപ്പതുങ്ങി നടന്നു. എന്നിട്ടും പ്രേതം പല തവണ വീണു. മുറിക്ക് കുറുകെ ഇരട്ടകൾ ചരടുകൾ വലിച്ചു കെട്ടിയിരുന്നു. തെന്നിവീണും നിരങ്ങിയും പലതവണ പ്രേതത്തിന്റെ തല ഗോവണിയിലടിച്ചു. ഓരോ തവണയും ഒട്ടിസ് ഫാമിലിക്കെതിരേ കഠിനമായി പ്രതികാരം ചെയ്യുമെന്ന് ശപഥംചെയ്തു.

വീണ്ടുമൊരിക്കൽ കുടുംബം ഒന്നുചേർന്ന് പ്രേതത്തെ വളഞ്ഞപ്പോൾ അവന് അടുപ്പിൽ വരെ ഒളിക്കേണ്ടിവന്നു. ഇതിലൊന്നിലും പങ്കെടുക്കാത്ത ഒരേയൊരാൾ വിർജീനിയ ആയിരുന്നു. അവൾക്ക് കാന്റർവില്ലെ ഗോസ്റ്റിനോട് ബഹുമാനവും അനുതാപവും തോന്നിത്തുടങ്ങിയിരുന്നു.

അതിനുശേഷം പ്രേതം തീരെ പുറത്തിറങ്ങാതെയായി. അത് ബംഗ്ലാവ് വിട്ടുപോയതായി ഒട്ടിസ് ഫാമിലി വിശ്വസിച്ചു. മിനിസ്റ്റർ ഒട്ടിസ് ബംഗ്ലാവിന്റെ പഴയ ഉടമസ്ഥനെ വിളിച്ചു കാര്യം പറഞ്ഞപ്പോൾ അദ്ദേഹത്തിനും സന്തോഷമായി.

കുട്ടികൾ വിവിധങ്ങളായ വിനോദങ്ങളിൽ ഏർപ്പെട്ടു. മന്ത്രി റിപ്പബ്ലിക്കൻ പാർട്ടിയിൽ വീണ്ടും സജീവമായി. വിർജിനീയ കുതിരസവാരി നടത്തി. അവളുടെ പ്രതിശുതവരനായ യുവപ്രഭു അവധിക്കാലം ചിലവഴിക്കാനായി ബംഗ്ലാവിലെത്തി. മിസിസ് ഒട്ടിസ് സുഹൃത്തുക്കൾക്ക് ഗംഭീര വിരുന്നു നൽകി.

ഒരുനാൾ വിർജിനീയ പുറത്തുപോയി തിരിച്ചെത്തുമ്പോൾ സമയം വൈകിയിരുന്നു. അമ്മയെയും വേലക്കാരികളെയും



ഒളിച്ച് എങ്ങനെ വീടിനുള്ളിൽ കടക്കാം എന്നാലോചിച്ചു ടെൻഷനടിച്ചു നിൽക്കുമ്പോൾ പിൻവശത്തെ വാതിൽ തുറന്നിരിക്കുന്നതായി കണ്ടു. രണ്ടും കൽപ്പിച്ച് വാതിൽ തുറന്ന് അകത്തു കടന്നപ്പോൾ പ്രേതം അവിടെ ഇരിപ്പുണ്ടായിരുന്നു. അത് സ്വന്തം തല മടിയിലെടുത്തുവെച്ചു തഴുകുകയായിരുന്നു. അവൻ വല്ലാതെ അവശനായിരുന്നു. അവൾക്ക് സങ്കടം തോന്നി.

"എന്റെ അനിയന്മാർ ഇപ്പോളിവിടെയില്ല. അടങ്ങിയൊതുങ്ങി ജീവിച്ചാൽ താങ്കൾക്കിവിടെ സുഖമായി കഴിഞ്ഞുകൂടാം." അവൾ പറഞ്ഞു.

**"മിസ്റ്റർ പ്രേതം, നിങ്ങൾക്ക് വിശക്കുന്നുണ്ടോ... ഞാനൊരു സാൻവിച്ച് തരട്ടേ?" വിർജിനിയ ചോദിച്ചു.**
**"വേണ്ട. താങ്ക്സ്. ഞാനിപ്പോൾ ഒന്നും കഴിക്കാറില്ല. നീ നല്ലവളാണ്. പക്ഷേ നിന്റെ സംസ്കാരമില്ലാത്ത കുടുംബം..." പ്രേതം തന്റെ അമർഷം മുഴുവൻ അവളോടു കാണിച്ചു.**

പ്രേതത്തിനു കോപം വന്നു.

"സാദ്ധ്യമല്ല. അടങ്ങിയൊതുങ്ങി ജീവിക്കാനോ! എനിക്കെന്റെ ചങ്ങലകൾ കിലുക്കണം. കരകര ശബ്ദം കേൾപ്പിക്കണം. ഇതുവരെ എന്നോടാരും ഒന്നും കൽപിച്ചിട്ടില്ല. നിന്റെ സഹോദരന്മാരെ ഞാൻ വെറുതെവിടില്ല."

"നിങ്ങൾ സ്വന്തം ഭാര്യയെ കൊന്നയാളല്ലേ. മിസിസ്സ് ഉമ്മിനി ഞങ്ങളോട് എല്ലാം പറഞ്ഞിട്ടുണ്ട്." വിർജീനിയയ്ക്കും കോപം വന്നു.

"ഞാനത് സമ്മതിക്കുന്നു. അതൊരു കുടുംബപ്രശ്നം മാത്രമാണ്." പ്രേതം സ്വയം ന്യായീകരിക്കാൻ ശ്രമിച്ചു.

"ആരെയും കൊല്ലുന്നതിന് ഒരു ന്യായീകരണവുമില്ല." വിർജീനിയ വീറോടെ പറഞ്ഞു.

"നിങ്ങളെന്തിനാണ് എന്റെ ചായങ്ങൾ മോഷ്ടിക്കുന്നത്, രക്തക്കറ വരയ്ക്കാനാണോ?"

"അത് ചായമൊന്നുമല്ല. കാന്റെർവില്ലെ പരമ്പരയ്ക്ക് നീല രക്തമാണ്." പ്രേതം പറഞ്ഞു.

"മിസ്റ്റർ പ്രേതം, നിങ്ങൾക്ക് വിശക്കുന്നുണ്ടോ... ഞാനൊരു സാൻവിച്ച് തരട്ടേ?" വിർജിനിയ ചോദിച്ചു.

"വേണ്ട. താങ്ക്സ്. ഞാനിപ്പോൾ ഒന്നും കഴിക്കാറില്ല. നീ നല്ലവളാണ്. പക്ഷേ നിന്റെ സംസ്കാരമില്ലാത്ത കുടുംബം..."

പ്രേതം തന്റെ അമർഷം മുഴുവൻ അവളോടു കാണിച്ചു. വിർജീനിയക്ക് ദേഷ്യം വന്നെങ്കിലും അവളത് പ്രകടിപ്പിച്ചില്ല.

"സഹോദരന്മാരെ പതുക്കെ മടക്കി അയച്ചാൽ മതിയെന്ന് ഞാൻ പപ്പയോട് പറയട്ടെ."

"വേണ്ട വിർജീനിയ. നീ ഇവിടെത്തന്നെ ഇരിക്കൂ. അതാണ് എനിക്കാശ്വാസം."

പ്രേതം വിർജീനിയയുടെ സാന്നിദ്ധ്യം ആഗ്രഹിച്ചുതുടങ്ങിയിരിക്കുന്നു. അത്രയും കാരുണ്യം മറ്റാരിൽനിന്നും അനുഭവിക്കാത്തതിനാലാവാം അത്.

"നിനക്കറിയാമോ, മുന്നൂറ് വർഷങ്ങളായി ഒരു പോള കണ്ണടച്ചിട്ടില്ല ഞാൻ." പ്രേതം പറഞ്ഞു.

"അപ്പോൾ ഒന്നുറങ്ങണമെന്ന് തോന്നുന്നുണ്ടല്ലേ. നിങ്ങൾക്ക് ഉറങ്ങാനൊരിടം തരട്ടേ?"

"വേണ്ട. ഇനിയുള്ള എന്റെ ഉറക്കം സെമിത്തേരിയിലാണ്. ഒടുക്കത്തെ ഉറക്കം."

പ്രേതം ഉദാസീനനായി പറഞ്ഞു. വിർജീനിയ കരച്ചിലിന്റെ വക്കിലായി.

"മരണമാണോ?"

"അതേ. ശാന്തമായ മരണം. കൊച്ചു മാലാഖേ, നിനക്കെന്നെ സഹായിക്കാനാവും. നിന്നെപ്പോലെ ഒരുവളുടെ പ്രാർത്ഥന ദൈവം കേൾക്കും. എന്റെ പാപങ്ങൾ പൊറുക്കപ്പെടും." വിർജീനിയ മറുപടി പറയാത്തതിൽ പ്രേതം ഖിന്നനായി.

അപ്പോൾ അവൾ അവന്റെ ചുളിവുവീണ കൈകളിൽ ചുംബിച്ചു. ഐസ് പോലെ തണുത്തിരുന്നു അത്. പ്രേതം അവളുടെ കൈ പിടിച്ച് ഒരു ഇരുട്ടുമുറിയിലൂടെ നടന്നു. അവിടെ വിളറിയ മഞ്ഞവെളിച്ചത്തിൽ ഒരു വേട്ടക്കാരന്റെ ശില്പം.

"കുഞ്ഞേ വിർജീനിയ, അങ്ങോട്ടു പോകരുത്." പ്രേതം വിളിച്ചുപറഞ്ഞത് അവൾ അവഗണിച്ചു.

അവർ ഇരുട്ടിലൂടെ മുറിയുടെ അറ്റത്തെത്തിയപ്പോൾ നിന്നു. അവിടെ ചുമർ അവസാനിക്കുകയായിരുന്നു.

ചുമരിനഭിമുഖമായി നിന്ന് പ്രേതം എന്തോ പിറുപിറുത്തു. അവൾക്കൊന്നും മനസ്സിലായില്ല. അവൾ കണ്ണുകൾ തുറന്നപ്പോൾ ചുമർ മഞ്ഞുപോലെ ഉരുകി മാഞ്ഞുപോകുന്നതു കണ്ടു.

പ്രേതം അവളുടെ ഉടുപ്പിൽ പിടിച്ചുവലിച്ചു ധൃതി കൂട്ടി.

"വേഗം വേഗം. ഇപ്പോൾ തന്നെ നമ്മൾ വൈകി."

ഗുഹപോലൊരു വാതിലിലൂടെ അവർ ഉള്ളിൽ പ്രവേശിച്ചു. മുന്നിലെ വർണ്ണപ്പട്ടു തിരശ്ശീല നീക്കി മുമ്പോട്ട് നീങ്ങി. എന്നാൽ മരപ്പലകകൾ പതിച്ച ആ മുറി ശൂന്യമായിരുന്നു.

വൈകുന്നേരമായിട്ടും വിർജീനിയയെ കാണാതെ വീട്ടുകാർ പരിഭ്രാന്തരായി.

സമീപത്തു താമസിച്ചിരുന്ന നാടോടികളെയാണവർ സംശയിച്ചത്. അവരാകട്ടെ കുറച്ചു മുമ്പേ അവിടം വിട്ടിരുന്നു. പൊലീസിനെ അറിയിച്ചിട്ടും ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം പലയിടത്തും അന്വേഷിച്ചിട്ടും വിവരമൊന്നും ലഭിച്ചില്ല. ഒട്ടിസ് കുടുംബം ആകെ സങ്കടത്തിലായി. വിർജീനിയയുടെ കാമുകനായ പ്രഭു കൊച്ചു കുഞ്ഞിനെപ്പോലെ കരഞ്ഞു.

പാതിരാത്രിയായി. ക്ലോക്കിൽ അവസാനത്തെ മണി മുഴങ്ങി. പെട്ടെന്ന് വീടിനെ നടുക്കിയ ഒരു ശബ്ദം കേട്ടു. ഒപ്പം ദയനീയമായ കരച്ചിലും.

അത് ശമിച്ചപ്പോൾ വിർജീനിയ ഹാളിൽ പ്രത്യക്ഷപ്പെട്ടു. എല്ലാവരും സന്തോഷംകൊണ്ട് വീർപ്പുമുട്ടി.

വിർജീനിയ പറഞ്ഞു,

“പപ്പാ, ഞാൻ പ്രേതത്തിനൊപ്പമായിരുന്നു. അയാൾ മരിച്ചു. നിങ്ങളെല്ലാവരും എനിക്കൊപ്പം വരണം. മരണത്തിനു മുമ്പ് അദ്ദേഹം എല്ലാവരോടും ക്ഷമ ചോദിച്ചു. ഈ പെട്ടിയിലെ രത്നങ്ങൾ എനിക്ക് സമ്മാനമായി തന്നു.”

അവൾ പോയ വഴിയിലൂടെ എല്ലാവരും നടന്നു. പഴയ അതേ ഇടനാഴിയും കടന്ന് അവർ ആ വലിയ വാതിലിനരികിലെത്തി. വിർജീനിയ ഒന്നു തൊട്ടപ്പോൾ ആ വാതിൽ തുറന്നു. അവിടെ ഒരു കല്ലറയും അതിനപ്പുറം ചങ്ങലയിൽ കിടക്കുന്ന ഒരു അസ്ഥികൂടവും കണ്ടു. വിർജീനിയ അവിടെ നിന്നു. അവന്റെ ആത്മാവിനായി പ്രാർത്ഥിച്ചു.

“ദൈവം അവനോടു ക്ഷമിച്ചു.”

വിർജീനിയ പറഞ്ഞു. അപ്പോൾ ദിവ്യമായ ഒരു പ്രകാശത്താൽ അവളുടെ മുഖം തിളങ്ങി.

“എത്ര നല്ലവളാണു നീ.” അവളുടെ കാമുകനായ പ്രഭു അവളെ പുണർന്നു.

നാല് ദിവസത്തിനുശേഷം ആർഭാടമായി കാന്റർവില്ലെയുടെ ശവസംസ്കാരം നടന്നു. നാല് കുതിരകളെ പൂട്ടിയ വണ്ടിയിലാണ് ഈയത്തിൽ നിർമ്മിച്ച ശവപ്പെട്ടി കൊണ്ടുപോയത്. വലിയൊരാൾക്കൂട്ടം അതിന് അകമ്പടി സേവിച്ചു. പെട്ടി കുഴിയിലേക്കിറക്കി വെച്ച ശേഷം പുരോഹിതൻ പ്രാർത്ഥന ചൊല്ലി. അനന്തരം വിർജീനിയ ഒരു മരക്കുരിശ് പെട്ടിയുടെ മുകളിൽ വെച്ചു. അന്നേരം ചന്ദ്രൻ മേഘത്തിനുള്ളിൽനിന്ന് പുറത്തുവന്നു. അവിടമെങ്ങും നിലാവു പരന്നു.

വിർജീനിയയുടെ കണ്ണ് നിറഞ്ഞിരുന്നു.

പിറ്റേന്ന് ബംഗ്ലാവിന്റെ ഉടമയായിരുന്ന പുതിയ കാന്റർവില്ലെ പ്രഭുവുമായി ഒട്ടിസ് വിർജീനിയക്ക് കിട്ടിയ രത്നങ്ങളെക്കുറിച്ചു സംസാരിച്ചു. പതിനാറാം നൂറ്റാണ്ടിലെ വെനീഷ്യൻ പാരമ്പര്യത്തിന്റെ അമൂല്യമായ സ്വത്താണവ. എന്നാൽ ഫർണിച്ചറിനൊപ്പം പ്രേതത്തെയും വിലക്കെടുത്ത നിങ്ങൾക്കു തന്നെയാണ് അതിന്റെ അവകാശം, അതിനാൽ അതെല്ലാം വിർജീനിയക്കുതന്നെ കൊടുക്കാനാണ് പ്രഭു പറഞ്ഞത്.

കുറച്ചു മാസങ്ങൾ കഴിഞ്ഞു.

വിർജീനിയ പ്രായപൂർത്തിയായ യുവതിയായി. ഇപ്പോൾ യുവ പ്രഭുവുമായി അവളുടെ വിവാഹം കഴിഞ്ഞിരിക്കുന്നു, നവദമ്പതികൾ ആദ്യംതന്നെ കാന്റർവില്ലെ സൈമന്റെ കല്ലറയിൽ പോയി പ്രാർത്ഥിക്കാനും അവിടെ പൂക്കൾ സമർപ്പിക്കാനും മറന്നില്ല.



# റ്റിറ്റിക്കാക്ക തടാകത്തിലെ യവാരി കപ്പൽ

വിനയരാജ് വി ആർ

**വലിപ്പത്തിൽ വേമ്പനാട്ടുകായലിനോടു താരതമ്യപ്പെടുത്താൻ കഴിയുന്ന ഒരു തടാകം സങ്കല്പിച്ചുനോക്കൂ. അതും സമുദ്രനിരപ്പിൽനിന്ന് നാലു കിലോമീറ്റർ ഉയരത്തിൽ. തെക്കേ അമേരിക്കയിലെ റ്റിറ്റിക്കാക്ക അങ്ങനെയൊരു തടാകമാണ്. ഏതാണ്ട് ഇരുന്നൂറു കിലോമീറ്ററോളം നീളവും നൂറു കിലോമീറ്ററോളം വീതിയും വരുന്ന ഒരു വലിയ ജലസംഭരണി!**



റ്റിറ്റിക്കാക്ക തടാകത്തിന്റെ ഒരു ഭാഗം.

Photo: Bcasterline / Wikimedia Commons

സമുദ്രനിരപ്പിൽനിന്ന് ഏതാണ്ട് നാലു കിലോമീറ്ററോളം ഉയരത്തിലാണ് തെക്കേ അമേരിക്കയിലെ ബൊളീവിയയ്ക്കും പെറുവിനും ഇടയ്ക്കുള്ള റ്റിറ്റിക്കാക്ക ശുദ്ധജല തടാകം സ്ഥിതിചെയ്യുന്നത്. ഹിമാലയത്തിനു തെക്കുള്ള ഏറ്റവും ഉയരം കൂടിയ നമ്മുടെ ആനമുടിക്ക് കേവലം 2700 മീറ്ററേ ഉയരമുള്ളൂ എന്നോർക്കണം. പാലക്കാട്-മലപ്പുറം ജില്ലകൾ ചേർത്താലുള്ളതിനെക്കാൾ വിസ്തൃതിയും ഈ തടാകത്തിനുണ്ട്. പ്രമുഖമായ അഞ്ചെണ്ണമടക്കം 25 നദികൾ ഇതിലേക്ക് ഒഴുകിയെത്തുമ്പോൾ കേവലം ഒരു നദിയിൽക്കൂടി മാത്രമാണ് വെള്ളം പുറത്തേക്കുപോകുന്നത്, അതും ഒഴുകിയെത്തുന്നതിന്റെ കേവലം പത്തുശതമാനം മാത്രം. ബാക്കി 90 ശതമാനം വെള്ളവും ബാഷ്പീകരിച്ചുപോകുന്നു. അതിനാൽത്തന്നെ ഇതിനെയൊരു അടഞ്ഞ തടാകമായിട്ടാണ് കരുതിപ്പോരുന്നത്. തടാകത്തിൽ ഉള്ള 41 ദ്വീപുകളിൽ ചിലതിൽ വളരെയധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്നുമുണ്ട്.

റ്റിറ്റിക്കാക്ക തടാകത്തിന്റെ ഉപഗ്രഹചിത്രം. യൂറോപ്യൻ സ്പേസ് ഏജൻസിയുടെ Sentinel-2 ഉപഗ്രഹം പകർത്തിയത്. Photo: ESA



കാലങ്ങളായി ഈ തടാകത്തിൽ ജീവിക്കുന്ന ഒരു ജനവിഭാഗമാണ് ഉരു(Uru) ജനത. തടാകക്കരയിൽ ഉണ്ടാകുന്ന, നമ്മുടെ മുത്തങ്ങയുടെ കുടുംബത്തിൽപ്പെട്ട, നീളമുള്ള ഒരുതരം പുല്ല് ഉപയോഗിച്ചുണ്ടാക്കുന്ന ചങ്ങാടങ്ങളിലാണ് ഇവർ ജീവിക്കുന്നത്. ഏതാണ്ട് 5000 മാത്രമാണ് ഇവരുടെ ജനസംഖ്യ. തടാകത്തിന്റെയും അതിലെ ജലത്തിന്റെയും ഉടമകൾ അവരാണെന്നു കരുതുന്നവരാണിവർ. കാര്യം പുല്ല് ഉപയോഗിച്ച് ഉണ്ടാക്കുന്നതാണെങ്കിലും ഇത്തരത്തിലുള്ള വലിപ്പമേറിയ കൃത്രിമദ്വീപുകളിൽ ഏതാണ്ട് പത്തോളം കുടുംബങ്ങൾക്ക് കഴിയാൻ സാധിക്കും. നിരന്തരം പുതുക്കിക്കൊണ്ടിരിക്കേണ്ടതും ധാരാളം അധ്വാനം വേണ്ടതുമായ ഒരു പ്രവൃത്തിയാണ് ഈ ദ്വീപുബോട്ട് നിർമ്മാണം. ഇതിന്റെ മുകളിൽക്കൂടി നടക്കുമ്പോൾ ചതുപ്പിൽ നടക്കുന്ന പ്രതീതിയാണ് ഉണ്ടാവുക. പണ്ട് പ്രതിരോധത്തിനായിട്ടാവണം ഈ രീതിയിൽ അവർ വീടുകൾ നിർമ്മിച്ചിട്ടുണ്ടാവുക എന്നു കരുതുന്നു. ആക്രമണങ്ങൾ ഉണ്ടായാൽ തുഴഞ്ഞ് തടാകത്തിന്റെ ഉൾഭാഗത്തേക്കുപോകാമല്ലോ. ഇന്നേതായാലും പെറുവിലെ വലിയ ടൂറിസ്റ്റ് ആകർഷണമാണിത്.



ഉരു ജനതയുടെ സഞ്ചരിക്കുന്ന ദ്വീപുകളിൽ ഒന്ന്. പ്രത്യേകതരം പുല്ല് ഉപയോഗിച്ച് ഉണ്ടാക്കുന്ന ഈ ദ്വീപ് റ്റിറ്റിക്കാക്ക തടാകത്തിലൂടെ ഒഴുകിനടക്കും. ഓരോ ദ്വീപിലും അഞ്ചോ ആറോ പത്തോ വീടുകളും കാണും.

Photo: Gmunozjugo / Wikimedia Commons

തടാകത്തിലുള്ള പല ദ്വീപുകളിലും പലതരം ജനങ്ങൾ വസിക്കുന്നുണ്ട്. അതീവസമ്പന്നമായ സംസ്കാരമാണ് ഇവിടെ ഓരോ ദ്വീപിലുമുള്ളത്. ഇരുപതാം നൂറ്റാണ്ടുവരെ സ്പാനിഷ് കോളനിയായിരുന്ന ടാക്വിൽ എന്ന ദ്വീപിൽ വസിക്കു

ന്നവർ കൈകൊണ്ട് നെയ്യുണ്ടാക്കുന്ന തുണിത്തരങ്ങൾ പെറുവിലെതന്നെ ഏറ്റവും ഉയർന്ന നിലവാരത്തിലുള്ളവയാണ്. ഇവരുടെ വസ്ത്രനിർമ്മാണകലയെ മനുഷ്യവംശപാരമ്പര്യത്തിന്റെ ഒഴിച്ചുകൂടാനാവാത്ത അമൂല്യകലാസൃഷ്ടികളായി യുനസ്കോ അംഗീകരിച്ചിട്ടുണ്ട്. ഏതാണ്ട് 2200 അംഗങ്ങളുള്ള ഇവരിലെ ആണുങ്ങളാണ് എട്ടുവയസ്സുമുതൽ തുണി നെയ്യുന്നത്. ദ്വീപു മുഴുവൻ സമൂഹത്തിന്റെ സ്വന്തമെന്ന രീതിയിൽ 'കക്കരുത്, നുണപറയരുത്, മടിച്ചിരിക്കരുത്' എന്നൊരു ഇൻക ആശയത്തിലാണ് ഇവർ ജീവിക്കുന്നതും.





യവാരി എന്ന കപ്പൽ.

Photo: Ghislain Cottat / Wikimedia Commons

ഇന്ന് വർഷംതോറും ഏതാണ്ട് 40000 ടൂറിസ്റ്റുകൾ ദ്വീപ് സന്ദർശിക്കുന്നു. ഇത്തരത്തിലുള്ള പല ദ്വീപുകളെയും ബന്ധിപ്പിച്ചുകൊണ്ട് ബോട്ട് സർവീസുകൾ ഉണ്ട്. ആൾക്കാരും ചരക്കുകളും ആയി ഇവ കരയിൽനിന്നു ദ്വീപുകളിലേക്കും ദ്വീപുകൾ തമ്മിലും സഞ്ചരിക്കുന്നു. ചരിത്രാതീതകാലം മുതൽ പുൽത്തോണികളിലാണ് ഇവർ തടാകത്തിൽ യാത്രചെയ്തുകൊണ്ടിരുന്നത്. യൂറോപ്യർ തെക്കേ അമേരിക്ക കോളനിയാക്കിക്കൊണ്ടിരുന്ന കാലത്ത് മരങ്ങൾകൊണ്ടുള്ള ബോട്ടുകൾ അവർ ഈ തടാകത്തിലേക്കു കൊണ്ടുവന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ സ്പാനിഷുകാർ ഇരുമ്പുകൊണ്ടുള്ള ആവിക്കപ്പലുകളും തടാകത്തിലിറക്കി.

ഇത്തരം ബോട്ടുണ്ടാക്കുന്നതിന്റെ കരാർ സ്പാനിഷുകാർ ബിർമിംഹാമിലെ ഇംഗ്ലീഷുകാർക്കാണു നൽകിയത്. ഇംഗ്ലണ്ടിൽവച്ച് ബോട്ടുണ്ടാക്കിയശേഷം അതിലെ ആയിരക്കണക്കിനു ഭാഗങ്ങൾ നട്ടും ബോൾട്ടുമടക്കം തിരികെ



ഉരുവിലെ സഞ്ചരിക്കുന്ന ദ്വീപുകളുടെ ആകാശക്കാഴ്ച. പെറുവിലെ പുനോ തീരത്തുനിന്ന് ഏകദേശം അഞ്ചു കിലോമീറ്റർ അകലെയാണ് ഈ ദ്വീപുബോട്ടുകൾ കാണുന്നത്. ഓരോ ദ്വീപിനും സ്വന്തമായി ചെറുവള്ളവും ഉണ്ടാവും. പുല്ല് ഉപയോഗിച്ചാണ് ഈ വള്ളങ്ങൾ നിർമ്മിക്കുന്നത്.

Photo: Gentle / Wikimedia Commons

അഴിച്ചെടുത്തു. ഇങ്ങനെ അഴിച്ചെടുത്ത ഓരോ കഷണവും ഒരു കഴുതയ്ക്ക് ചുമക്കാൻ പറ്റുന്ന ഭാരമായി ക്രമപ്പെടുത്തുകയും ചെയ്തു. എന്നിട്ട് ഈ ബോട്ടിന്റെ ഭാഗങ്ങൾ ചിലിയിലെ ശാന്ത സമുദ്രത്തിലുള്ള തുറമുഖമായ അരിക്കയിൽ കപ്പലിൽ എത്തിച്ചു. തുറമുഖത്തുനിന്ന് 40 മൈൽ അകലെയുള്ള ടക്ന വരെ തീവണ്ടി മാർഗം എത്തിച്ച ഈ ഭാഗങ്ങൾ പിന്നീട് തുടർന്നുള്ള 220 മൈലുകൾ കഴുതപ്പുറത്തു കയറ്റി തടാകതീരത്തുള്ള പുനോയിൽ എത്തിക്കുകയായിരുന്നു.

ആറുമാസത്തിനുള്ളിൽ ബോട്ട് ഉണ്ടാക്കി എത്തിച്ചുകൊടുക്കാമെന്നായിരുന്നു കരാറിൽ ഉണ്ടായിരുന്നത്. എന്നാൽ അതത്ര എളുപ്പമായിരുന്നില്ല. 210 ടൺ ഭാരമുള്ള ലോഹക്കപ്പൽ നിർമ്മിച്ച് അഴിച്ചെടുത്ത് ഓരോന്നും എത്തിക്കേണ്ട ഓർഡറിൽ കഴുതപ്പുറത്തുകയറ്റി 220 മൈലുകളും 3810 മീറ്റർ ഉയരവും താണ്ടി തടാകതീരത്ത് എത്തിക്കാനുള്ള ഭഗീരഥപ്രയത്നം അവർ നടത്തിനോക്കി. പക്ഷേ ആറുമാസം കഴിഞ്ഞപ്പോഴും അവിടെയെത്തിയത് ഏതാനും ഭാഗങ്ങൾ മാത്രമായിരുന്നു. ശേഷിച്ചവ തീവണ്ടിനിലയത്തിനും തടാകത്തിനും ഇടയ്ക്കുള്ള സ്ഥലങ്ങളിൽ പലയിടത്തായി കിടന്നു.

അതിനിടയിൽ ഒരു ഭൂകമ്പം, കാർഷിക ലഹള, സ്പെയിൻകാരുടെ രണ്ടാം പെറു ആക്രമണഭീഷണി എന്നിവയെല്ലാം ഉണ്ടായി. ഒടുക്കം എട്ടുവർഷത്തിനുശേഷം 1870ലെ ക്രിസ്മസ് ദിനത്തിൽ യവാരി എന്ന ഈ കപ്പൽ തടാകത്തിലിറക്കി. ഒന്നരവർഷത്തിനുശേഷം യാപുര എന്ന ഒരെണ്ണംകൂടി നീറ്റിലിറക്കാനും കഴിഞ്ഞു. രണ്ടുകപ്പലുകൾക്കും ഒരേ വലിപ്പമായിരുന്നു. നൂറടി നീളവും 60 കുതിരശക്തിയുമുള്ള എഞ്ചിനും. ലാമ എന്ന ജീവിയുടെ ഉണക്കച്ചാണകമായിരുന്നു അവയുടെ ഇന്ധനം. 1914ൽ യവാരിയെ ഒന്നു പരിഷ്കരിച്ചു പുതിയ എഞ്ചിൻ പിടിപ്പിച്ചു. പക്ഷേ പെറുവിന്റെ നാവികസേനയ്ക്ക് കപ്പലോടിക്കാൻ ഫണ്ടില്ലാതെ വന്നപ്പോൾ യവാരിയുടെ യാത്ര നിർത്തിവയ്ക്കുകയും യാപുരയെ അവർ ഒരു ആശുപത്രിക്കപ്പൽ ആക്കിമാറ്റുകയും ചെയ്തു.

യവാരിയെ 1987ൽ ഒരു ലാഭേതര സംഘടന വാങ്ങി ഒരു മ്യൂസിയമാക്കി മാറ്റി. 150 വർഷത്തിനുശേഷം ഇന്നും യാപുര റ്റിറ്റിക്കാക്ക തടാകത്തിലും അതിലെ ദ്വീപുകളിലും ജീവിക്കുന്നവരുടെ ചികിത്സാ അവശ്യങ്ങൾക്കായി അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു.

ഇങ്ങനെ എത്ര പറഞ്ഞാലും തീരാത്ത നിറയെ കഥകളുണ്ട് റ്റിറ്റിക്കാക്ക തടാകത്തെപ്പറ്റി.

# ഉറുമ്പുജീവിതം

ഡോ. അരുൺ ഡി ഐ

അതിജീവനത്തിന്റെ, യാതനകളുടെ, തിരിച്ചറിവുകളുടെ, തിരിച്ചുവരവിന്റെ കഥയാണ് ഉറുമ്പുകൾക്കിടയിൽ പ്രചരിച്ചിരുന്ന നാടോടിക്കഥകളിൽ ഒന്നായ ഉറുമ്പുജീവിതം.

കഥ നടക്കുന്നത് ഇടതൂർന്ന വനത്തിലും കണ്ണെത്താദൂരത്തോളമുള്ള മണലാരണ്യത്തിലുമൊക്കെയാണ്. അധ്വാനശീലരായ ഒരുപറ്റം ഉറുമ്പുകളുടെ ജീവിതവിജയത്തിന്റെ കൂടി കഥയാണിത്.

മഴക്കാലത്തിനും വേനലിനുമിടയിൽ ഒരു യുഗം ദൂരമുണ്ടായിരുന്ന കാലം കഴിഞ്ഞു. ഇപ്പോൾ മഴ തോരുന്ന അന്നു മുതൽ വേനലാണ്. ചൂടുകാലത്ത് കാടു കറുക്കും, ചിലപ്പോൾ ചുവക്കും. കാട്ടുതീ പതിവ് കാഴ്ചയാകും. ജീവവായുവും ഭക്ഷണവും അന്യമാകും. എന്തിന് വീടും വീട്ടുകാരുമൊക്കെ അപകടത്തിലാകും.

പുതിയ വാസസ്ഥലം കണ്ടെത്തണം, ആഹാരം കണ്ടെത്തണം. തലമുറകളായുള്ള ഇത്തരം അനുഭവങ്ങൾ ചിലയിനം ഉറുമ്പുകളെ യാത്രക്കാരാക്കി മാറ്റി. അന്നവും ഉറങ്ങാനുള്ളയിടവും മാത്രം ലക്ഷ്യംവച്ച് അവർ യാത്രചെയ്തു. പറ്റമായി പോകുന്നതുകൊണ്ട് ശത്രുക്കൾ തിരിച്ചറിയുകയും ആക്രമിക്കുകയും ചെയ്യാം. അതെല്ലാം പ്രതീക്ഷിച്ചും പ്രതിരോധിച്ചും അനുഭവങ്ങൾ പങ്കുവച്ചും ഈ ഉറുമ്പുകൾ യാത്ര തുടർന്നു.

പല ദിക്കുകളിലേക്ക് അവർ വഴിപിരിഞ്ഞു പോകുന്നു, അവിടെയുള്ള പുതിയ സംഘങ്ങളുമായി പരിചയത്തിലാകുന്നു. ചിലർ അവർക്കൊപ്പം തങ്ങുന്നു. മറ്റുള്ളവർ യാത്ര തുടരുന്നു.

അങ്ങനെയൊരു യാത്രയിലാണ് ഉറുമ്പുകൾ ഒരു കടന്നൽ സംഘത്തെ കണ്ടുമുട്ടിയത്. യാത്രയുടെ വിവരങ്ങൾ തിരക്കിയ അവർ കിഴക്ക് മരുഭൂമിക്കപ്പുറത്തെ മൾബറിത്തോട്ടത്തെപ്പറ്റി ഉറുമ്പുകളോട് പറഞ്ഞു. വെള്ളവും ഭക്ഷണവുമുള്ള ഇടം! അതോടെ കാലങ്ങളായുള്ള അലച്ചിൽ അവസാനിപ്പിച്ച് അവിടെ താമസമാക്കാനുള്ള ആഗ്രഹം അവരിൽ ഉടലെടുത്തു.

പക്ഷേ മരുഭൂമി കടക്കണം. അനന്തമായി കിടക്കുന്ന മണലാരണ്യം മണൽത്തരിയോളം വലിപ്പമുള്ള ഉറുമ്പുകൾ മറികടക്കുക എന്നത് ഒരുതലമുറയിൽ സാധിക്കുന്ന കാര്യമല്ലെന്നവർക്കു തോന്നി.

അന്നു രാത്രി പലരും ഉറങ്ങിയില്ല. എങ്ങിനെ കത്തുന്ന സൂര്യന്റെ ചൂടിൽ മരുഭൂമി മുറിച്ചുകടക്കാം എന്നതായി അവരുടെ ചിന്ത.

ഇലകളും മറ്റുമുപയോഗിച്ച് കുടകൾ നിർമ്മിച്ചാലോ?

അവർ ഓടിനടന്ന് ഇലകൾ ശേഖരിച്ചു. അതുപയോഗിച്ച് ഓരോരുത്തരും തങ്ങൾക്കനുസൃതമായ കുടകൾ നിർമ്മിച്ച് ആവശ്യത്തിനുള്ള വെള്ളവും ഭക്ഷണവും കരുതി സൂര്യോദയത്തിനു മുമ്പുതന്നെ യാത്ര തുടങ്ങി.

സൂര്യനുദിച്ചതോടെ അവർ മരുഭൂമിയിലെ ചൂടിന്റെ കാഠിന്യമറിഞ്ഞു. ഇലക്കുട വാടിക്കരിഞ്ഞു തുടങ്ങി. കരുതിയ വെള്ളം തീർന്നുതുടങ്ങി, കൂടെയുള്ള വയോധികരായ ഉറുമ്പുകളും കുട്ടിയുറുമ്പുകളും ക്ഷീണിച്ചു തുടങ്ങി. മുന്നോട്ടുള്ള ദൂരത്തെക്കാൾ തിരിച്ചു പോകുന്നതാണ് ബുദ്ധിയെന്ന് മനസ്സിലാക്കി ആദ്യദിവസം അവസാനിക്കുമ്പോഴേക്കും അവർ നിരാശരായി സ്വന്തമിടത്ത് തിരികെയെത്തി.

ഇതൊരു പരിഹാരമല്ല എന്നവർ വിലയിരുത്തി.

അന്നുരാത്രി വീണ്ടും ചർച്ചകളുണ്ടായി. അഭിപ്രായങ്ങളുണ്ടായി.

പറക്കുന്ന ഏതെങ്കിലും ജീവികളോട് സഹായം അഭ്യർത്ഥിച്ചാലോ?

ശരി. അവിടെ കണ്ട പരുന്തുകളോടും കഴുകന്മാരോടും അവർ ചർച്ചകൾ നടത്തി. ചില കടന്നലുകളോടും അവർ സംസാരിച്ചു.

അവരിൽ ചിലർ സഹായിക്കാമെന്നേറ്റു. ആവേശഭരിതരായി ഉറുമ്പുകൾ പക്ഷികളുടെ ചിറകിലും ശരീരത്തും കയറിക്കൂടി. അധികം യാത്ര ചെയ്യേണ്ടിവന്നില്ല, ഉയർന്നു പറക്കുന്ന ഈ പക്ഷികൾ തലേന്നത്തെ ചൂടിന്റെ അനുഭവം തന്നെയാണ് അവർക്കു



നൽകിയത്. തിരിച്ചിറക്കിയ പക്ഷികളോട് നന്ദിപറഞ്ഞ് അവർ വീണ്ടും പുതിയ വഴികൾ ചിന്തിക്കാൻ തുടങ്ങി.

മണ്ണിനടിയിലൂടെ ഒരു തുരങ്കം പണിഞ്ഞാലോ?

കൂട്ടത്തിൽ ആരോഗ്യമുള്ള ഉറുമ്പുകൾ തുരങ്കനിർമ്മാണത്തിലേർപ്പെട്ടു. ദിവസങ്ങളോളം പണിപ്പെട്ട് അവർ ദീർഘദൂരം തുരങ്കമുണ്ടാക്കി. പക്ഷേ തുടർച്ചയായുള്ള മണൽക്കാറ്റ് അവരെ വീണ്ടും ദുരിതത്തിലാക്കി. തുരങ്കം ഇടയ്ക്കിടെ മണ്ണു വീണ് മൂടിപ്പോകുന്നു.

പുതിയ ഒരു വഴി കണ്ടെത്തിയേ മതിയാവൂ.

ഒരിക്കലും തോൽക്കാത്ത അവരുടെ മനോധൈര്യം വീണ്ടും പോംവഴികൾ തിരയാൻ അവർക്ക് ഊർജം നൽകി.

ഉറക്കമില്ലാത്ത രാത്രികൾ.

മിന്നിത്തിളങ്ങുന്ന രാത്രിയാകാശത്തിനു കീഴിൽ, ഭാവിയെപ്പറ്റിയുള്ള ആശങ്കയിലവർ അമർന്നിരുന്നു.

കത്തുന്ന പകലിനപ്പുറം സൂര്യനസ്തമിക്കുന്ന മരുഭൂമിയുടെ വിശാലമായ വിസ്തൃതിയിൽ, ഉറുമ്പുകൾക്ക് ഓരോ മണൽത്തരിയും ഒരു പർവതവും ഓരോ ഉരുളൻ കല്ലും വലിയ പ്രതിബന്ധവുമാണ്.

അപ്പോഴാണ് അങ്ങു ദൂരെ വിശ്രമിക്കുന്ന ഒരു വലിയ ജീവിയെ ചില കുട്ടിയുറുമ്പുകൾ കണ്ടെത്തുന്നത്. മണൽപ്പരപ്പിൽ നാല് തൂണുകളിൽ താങ്ങിനിർത്തുന്ന, ചലിക്കുന്ന പർവതം പോലൊരു ജീവി. അതിനാലാവണം എങ്ങനെ മൾബറിത്തോട്ടത്തിലെത്തും എന്ന ആശങ്കയുടെ നടുക്കടലിലും അവരിൽ കൗതുകം കുറയാഞ്ഞത്. അതിന്റെ വീതിയേറിയ പാദങ്ങൾ ഓരോ ചുവടുവെപ്പിലും ഉറുമ്പുകൾക്ക് വിശാലമായ താഴ്‌വരകൾപോലെയുള്ള ഗർത്തങ്ങൾ സൃഷ്ടിക്കുന്നു. ഇടതൂർന്ന വനമായി തോന്നിയ അതിന്റെ രോമങ്ങൾ ചൂടിൽനിന്നവറ്റയെ രക്ഷിക്കുമായിരിക്കും. ചക്രവാളത്തിനപ്പുറം കിടക്കുന്ന സുരക്ഷിതമായൊരിടം എന്നതിന്റെ ഓർമ്മപ്പെടുത്തൽ ഒട്ടകമെന്ന ജീവിയിൽ ഒരു സാധ്യത കൂടി തിരയാൻ അവരെ പ്രേരിപ്പിച്ചു.

**അപ്പോഴാണ് അങ്ങു ദൂരെ വിശ്രമിക്കുന്ന ഒരു വലിയ ജീവിയെ ചില കുട്ടിയുറുമ്പുകൾ കണ്ടെത്തുന്നത്. മണൽപ്പരപ്പിൽ നാല് തൂണുകളിൽ താങ്ങിനിർത്തുന്ന ചലിക്കുന്ന പർവതം പോലൊരു ജീവി. അതിനാലാവണം എങ്ങനെ മൾബറിത്തോട്ടത്തിലെത്തും എന്ന ആശങ്കയുടെ നടുക്കടലിലും അവരിൽ കൗതുകം കുറയാഞ്ഞത്.**

അങ്ങനെയാണ് അവർ ഒട്ടകങ്ങളുമായി ചർച്ചനടത്തിയത്.

അതെ, ഒട്ടകങ്ങളുടെ ശരീരത്തിനടിയിൽ ഇരുന്നു യാത്ര ചെയ്താൽ വെയിലിന്റെ കാഠിന്യം കുറക്കാം. അവരാകുമ്പോൾ മരുപ്പച്ചകളിൽ ഇടയ്ക്കിറങ്ങും. അതൊരാശ്വാസവുമാകും.

ഓരോരുത്തരായി തൂണുപോലുള്ള കാലിലൂടെ ഒട്ടകത്തിന്റെ ശരീരത്തിൽ കയറിക്കൂടി. രോമങ്ങൾ ചൂടിൽനിന്ന് അവരെ രക്ഷിച്ചു. പകൽയാത്രയിൽ ഇടയ്ക്കെപ്പോഴൊക്കെയോ നിർത്തിയ മരുപ്പച്ചകളിൽനിന്ന് വേണ്ടുവോളം വെള്ളം ശേഖരിച്ച് അവർ യാത്രതുടർന്നു.

അങ്ങനെ ദിവസങ്ങൾ നീണ്ട പ്രയത്നങ്ങൾക്കും യാതനകൾക്കും ഒടുവിൽ അവർ മരുഭൂമി കടന്ന് തങ്ങളുടെ വാഗ്ദത്തഭൂമിയിലെത്തി.

മൾബറിത്തോട്ടത്തിൽനിന്ന് നന്ദിയോടെ ഒട്ടകങ്ങൾക്ക് യാത്ര പറഞ്ഞ ഉറുമ്പുകൾ പിന്നിലാക്കിയ മരുഭൂമിയുടെ കഥകൾ പുതിയ തലമുറയ്ക്ക് പകർന്നുകൊടുത്തുകൊണ്ടിരുന്നു. ഉറുമ്പുകളുടെ അതിജീവനത്തിന്റെ കഥ, പരിശ്രമങ്ങളുടെ കഥ, യാത്രയുടെ കഥ, ഉറുമ്പുജീവിതം.



വര: ടി ആർ രാജേഷ്

# ഇത്തിരി കടുവക്കാര്യം

വിജയകുമാർ ബ്ലാത്തൂർ

മാർജ്ജാരവംശത്തിലെ പ്രധാന മൂന്നു പൂച്ചകളാണ് കടുവ, പുലി, സിംഹം എന്നിവർ. മൂന്നു ജീവികൾക്കും മൂന്നുതരം ജീവിതരീതികളാണുള്ളത്. മൂവരും ഇന്ത്യയിലെ കാടുകളിൽ ഉണ്ടെങ്കിലും നമ്മുടെ ദേശീയമൃഗം കടുവയാണ്. ബംഗാൾ ടൈഗർ എന്നാണ് ശരിയായ പേര്.

കടുവയെ പുലിയിൽ നിന്നും സിംഹത്തിൽനിന്നും വ്യത്യസ്തമാക്കുന്നത് എന്താണെന്ന് അറിയാൻ ശ്രമിക്കാം.

## അന്താരാഷ്ട്ര കടുവാദിനം

**ജൂലൈ 19**

ലോകത്ത് ആകമാനം ആറായിരത്തിൽ താഴെ കടുവകൾ മാത്രമാണ് കാടുകളിൽ സ്വാഭാവികമായി കാണപ്പെടുന്നത്. ഇവയുടെ മുക്കാൽ പങ്കും ഇന്ത്യയിലാണ്.



Photo: Rohit Varma / Wikimedia Commons

'കടുവയെ പിടിച്ച കിടുവ' എന്ന ഭാഷാശൈലിയിൽ പറയുന്ന കിടുവ എന്നൊരു ജീവി ശരിക്കും ഉള്ളതാണോ എന്ന് ആലോചിചിട്ടുണ്ട്. എങ്കിൽ അതിനെന്തൊരു ശക്തിയായിരിക്കും? കിടുവയല്ലേ അപ്പോൾ എല്ലാ കഥകളിലും കാട്ടിലെ രാജാവാകേണ്ടത്?

വഴിയാത്രികൻ അബദ്ധത്തിൽ മരങ്ങൾക്കിടയിലൂടെ നീണ്ടുകിടക്കുന്ന പുലിയുടെ വാല് പിടിച്ച് ഉണ്ടായതാണല്ലോ 'പുലിവാല്' എന്ന പ്രയോഗം. ഊരിപ്പോകാനാവാത്തവിധം ചില കുരുക്കുകളിൽപ്പെടുന്നതിനെ സൂചിപ്പിക്കാനാണ് അത് ഉപയോഗിക്കുന്നതെങ്കിലും കഥയിലുള്ളത്

അപ്പോൾ കടുവയെ ചിലർ പുലിയെന്ന് വിളിച്ച് വെറും വരയൻപുലി മാത്രമാക്കി അപമാനിക്കുന്നുണ്ട് എന്നതാണ് കാര്യം. ചില കിടുക്കാച്ചി ആളുകളെ വിശേഷിപ്പിക്കാൻ ആളൊരു പുലിയാണ് എന്നൊക്കെ പറയാറുണ്ടെങ്കിലും സത്യത്തിൽ പുലി എവിടെ കിടക്കുന്നു, കടുവ എവിടെ കിടക്കുന്നു.

മാർജ്ജാരകുടുംബത്തിലെ ബിഗ് കാറ്റ്സ് എന്നു വിളിക്കുന്നവരിലെ ഏറ്റവും ചെറുതായവരാണ് പുലികൾ എന്നു നമ്മൾ വിളിക്കുന്ന പുള്ളിപ്പുലികൾ. പാന്തെര പാർഡസ്(Panthera pardus) എന്നാണിവരുടെ ശാസ്ത്രനാമം. ആള് പുലിയാണെങ്കിലും ഇവർ കടുവകളെ പേടിച്ചാണ്



പുലി. മനുഷ്യരെ ആക്രമിക്കുന്ന വന്യമൃഗങ്ങളിൽ ഒന്നാണ് പുലി. കടുവയും മനുഷ്യരും തമ്മിലുള്ള സംഘർഷങ്ങൾ തീരെ കുറവാണെന്നു പറയാം. പക്ഷേ പുലിയും മനുഷ്യരും തമ്മിലുള്ള സംഘർഷങ്ങൾ നിരന്തരം നടക്കുന്നുണ്ട്.

Photo: Srikaanth Sekar / Wikimedia Commons

പുലിതന്നെയാകും, എന്തായാലും കടുവയാകില്ല. കടുവയെ അങ്ങനെ കണ്ടെത്താൻതന്നെ പ്രയാസമാണ്. പറഞ്ഞുവന്നത് നമ്മളെല്ലാം കടുവയെയും പുലിയെയും തമ്മിൽ തോന്നിയ പോലെ മാറ്റിപ്പറയാറുണ്ട് എന്നതാണ്.

കടുവയെ ചിലപ്പോൾ വരയൻ പുലി എന്നും സിനിമാക്കഥയിൽ കടുവയെ പിടിക്കുന്ന ആളെ പുലിമുരുകൻ എന്നും നമ്മൾ വിളിക്കും. ശബരിമല അയ്യപ്പന്റെ കഥയിൽ പുലിപ്പാലിന് പോയി ഈറ്റപ്പുലിയുമായി തിരിച്ചുവരുന്ന കഥാചിത്രണം നടത്തുമ്പോൾ ചിത്രകാരരും സിനിമക്കഥയാക്കിയപ്പോൾ സംവിധായകരും നമ്മളെ കാണിക്കുന്നത് കടുവപ്പുറത്തേറി വരുന്ന അയ്യപ്പനെയാണ്. അതിനും വരയൻപുലി എന്ന ഒഴികഴിവ് കൊടുക്കാം.

നമ്മുടെ കാടുകളിൽ കഴിയുന്നതെന്നു മാത്രം. ചിലപ്പോൾ നമ്മുടെ കാട്ടിലെ കാട്ടുനായ്ക്കൾ എന്ന ധോളുകളുടെ സംഘം പുലി കഷ്ടപ്പെട്ടു വേട്ടയാടി പിടിച്ച മൃഗത്തെ ഭീഷണിപ്പെടുത്തി തട്ടിയെടുക്കും. പാവത്തെ ഓടിച്ചുവിടും. അതിനാൽത്തന്നെ പുലികൾ വേട്ടയാടി കിട്ടിയ മൃഗത്തെ കഷ്ടപ്പെട്ട് വലിച്ച് മരക്കൊമ്പുകളിൽ ഉയരത്തിൽ കൊണ്ടുപോയി സൂക്ഷിക്കും. കടുവകളുള്ള കാടുകളിൽ കടുവയ്ക്ക് ഇഷ്ടമുള്ള വലിയ മൃഗങ്ങളെ പിടിക്കാതെ ഒഴിവാക്കിക്കൊടുക്കും. എന്നാലും പേടിമാറാതെ മരക്കൊമ്പുകളിൽ കൂടുതൽ സമയം ചിലവഴിക്കും.

സത്യത്തിൽ നമ്മുടെ കാടുകളിലെ കടുവ ബംഗാൾ കടുവ എന്ന ഇനത്തിൽപ്പെട്ട *പാന്തെര ടൈഗ്രിസ് ടൈഗ്രിസ്* ആണ്. അതായത് ഈ

കടുവയിലും വമ്പനായ ഒരു കിടുവയും നമ്മുടെ കാട്ടിൽ ഇല്ല. കരുത്തിൽ ആനയും കാട്ടുപോത്തും ഒക്കെ ഇവർക്ക് മേലെ ആണെങ്കിലും, ഭക്ഷ്യശൃംഖലയിൽ ഏറ്റവും മുകൾത്തട്ടിലെ മാംസഭോജിയായ ഇവർക്ക് കൊല്ലാൻ പറ്റാത്ത ആരുണ്ട് കാട്ടിൽ? അവസരം ഒത്തു കിട്ടണം എന്നുമാത്രം. അതിശക്തമായ മുൻകൈപ്പത്തികൊണ്ടുള്ള അടി തടുക്കാൻ അധികം മൃഗങ്ങൾക്കും കഴിയില്ല. ആ പല്ലുകളിൽ കോർത്താൽ മുറിഞ്ഞുപറിയാത്ത തൊണ്ടക്കൊരൽ ഏതു മൃഗത്തിനുണ്ട്. കൂർത്ത മൂർച്ചയുള്ള നഖങ്ങൾ കൊണ്ട് മാന്തിപ്പൊളിക്കാനാവാത്ത പുറംതൊലി മറ്റൊരു ജീവിക്കും ഇല്ലെന്നു കൂടിയാകുമ്പോൾ കാട്ടിലെ രാജാവ് കടുവയാണെന്നു തോന്നും. കൊമ്പനാനകളുടെ മുമ്പിലേ ഇവർ ചൂളാറുള്ളൂ.

കാട്ടിലെ രാജാവ് സിംഹം എന്നൊരു സങ്കല്പം നമ്മുടെ ഒരുവിധം എല്ലാ മൃഗകഥകളിലും സ്ഥിരമായി കാണാം. രസകരമായ ഒരു കാര്യം ഭൂമിയിൽ കടുവയുള്ള ഒരു കാട്ടിലും സിംഹം ഇല്ല എന്നതാണ്. കടുവകളുള്ളത് ഏഷ്യ ഭൂഖണ്ഡത്തിൽ മാത്രമാണ്.

പാന്തെര ലിയോ എന്നാണ് സിംഹത്തിന്റെ ശാസ്ത്രനാമം. സിംഹങ്ങൾ രണ്ട് വിഭാഗമാണുള്ളത്. ആഫ്രിക്കൻ സിംഹവും ഏഷ്യൻ സിംഹവും. ഇവർ ജീവിക്കാൻ ഇഷ്ടപ്പെടുന്നത് വന്മരങ്ങളുള്ള കൊടും കാട്ടിലല്ല. പുൽപ്രദേശങ്ങളും കുറ്റിക്കാടുകളും നിറഞ്ഞ സാവന്നകൾ പോലുള്ള ഇടങ്ങളിലാണ്. ഇന്ത്യയിൽ മാത്രമാണ് ഏഷ്യൻ സിംഹങ്ങൾ ഉള്ളത്. അതും ഗുജറാത്തിലെ ഗിർവനത്തിൽ. അവിടെ ഒരിക്കലും കടുവ എത്താറുമില്ല.

അവർക്ക് അതിനാൽ നേർക്കുനേർ സ്വാഭാവികമായും കാണാൻ ഒരു അവസരവും ഉണ്ടായിട്ടില്ല. അതിനാൽത്തന്നെ സിംഹമാണോ കടുവയാണോ കാട്ടിലെ ശരിയായ രാജാവ് എന്ന ചോദ്യത്തിൽ അർത്ഥമില്ലല്ലോ. ഇവർ തമ്മിൽ ഏറ്റുമുട്ടിയാൽ ആരാണ് ജയിക്കുക എന്നറിയാനുള്ള കൗതുകത്താൽ പണ്ടു കാലം മുതൽ നാട്ടുരാജാക്കന്മാരും ബ്രിട്ടീഷ് ഉദ്യോഗസ്ഥരും സിംഹത്തിനെയും കടുവയെയും ഒന്നിച്ച് കൂട്ടിൽ ഇട്ട് പൊരുതിപ്പിച്ചു നോക്കിയിട്ടുണ്ട്. പലപ്പോഴും രണ്ടും മുറിവേറ്റ് ചാവും. കടുവ ജയിച്ചിട്ടുമുണ്ട്, ചിലപ്പോൾ സിംഹം അതിജീവിച്ചിട്ടുമുണ്ട്. അതൊക്കെ അവസരങ്ങളും ഭാഗ്യവുംപോലെയിരിക്കും. എങ്കിലും മേൽക്കൈ പലപ്പോഴും കടുവകൾക്കാണുണ്ടാകാറ്. അത്രമേൽ മാരകമാണ് കടുവയുടെ കൈപ്പത്തി കൊണ്ടുള്ള അടി. കടുവകൾ ഒറ്റയ്ക്കു വേട്ടയാടുന്നവരാണ്. കരയിലും വെള്ളത്തിലും ഒരുപോലെ ശക്തരുമാണ്. ശരീരഭാരം മൂലം മരത്തിൽ ഉയരത്തിൽ കയറാൻ വിഷമമാണെന്നു മാത്രം.



◀ വെള്ളത്തിലും കരയിലും ഒരുപോലെ വേട്ടയാടാൻ കഴിയും കടുവകൾക്ക്. കടുവയുടെ മുഖത്തും ശരീരത്തിലുമുള്ള വരകൾ ഓരോ കടുവയ്ക്കും ഓരോന്നായിരിക്കും. കടുവകളെ തിരിച്ചറിയാൻ ഈ വരയടയാളങ്ങളെ ഉപയോഗിക്കാനാവും.

Photo: Adwait786/ Wikimedia Commons

എന്നാൽ സിംഹങ്ങൾ കൂട്ടമായി ജീവിക്കുന്നവരും കൂട്ടമായി വേട്ടയാടുന്നവരുമാണ്. ആൺ സിംഹത്തിന്റെ തലയ്ക്കു ചുറ്റുമുള്ള രോമക്കൂട്ടം അതിന് ഒരു രാജകീയത നൽകുന്നുണ്ട് എന്നാണ് ചിലർ പറയുക. അതേസമയം കടുവയുടെ വലിയ തലയും ആ നടപ്പും ആണ് രാജകീയം എന്ന് ചിലർ പറയും.

സത്യത്തിൽ രാജാവ് എന്നത് ജനാധിപത്യ സംവിധാനത്തിനും വളരെ താഴെയുള്ള ഒരു മോശം ഭരണവ്യവസ്ഥയാണല്ലോ. ചോദ്യം ചെയ്യാനാവാത്ത, ആരെയും ശക്തികൊണ്ട് കീഴ്പ്പെടുത്തി, ഭയപ്പെടുത്തി ഭരിക്കുന്ന ഒരാൾ എന്നത് ഒട്ടും നല്ല ഒരു സംവിധാനമല്ല.

മനുഷ്യ സമൂഹത്തിൽ ഉള്ളതുപോലെ കാട്ടിൽ ഒരു ഭരണവ്യവസ്ഥ ഉണ്ടാകണം എന്നത് നമ്മുടെ ഭാവന മാത്രമാണ്. എന്നിരുന്നാലും സാമൂഹ്യജീവിതം നയിക്കുന്ന ചില മൃഗങ്ങളിൽ ഒരു നേതാവിനെയൊക്കെ കാണാം.

ആനക്കൂട്ടങ്ങളിൽ മുതിർന്ന പെൺആനയാകും സംഘ നേതാവ്. ധോളുകളുടെ കാര്യത്തിലും ഒരു തലവൻ ഉണ്ടാകും. അല്ലാതെ മൊത്തം മൃഗങ്ങൾ മറ്റൊരു മൃഗത്തെ രാജാവായി അംഗീകരിക്കുന്ന പരിപാടിയൊന്നും പ്രകൃതിയിലില്ല. അവിടെ ഭരണവും തെരഞ്ഞെടുപ്പും ഇലക്ഷനും രാജാവും മന്ത്രിയും ഒന്നും ഇല്ല. എല്ലാം നമ്മുടെ ഭാവനയിൽ വിരിഞ്ഞ കഥകൾ മാത്രം. പരിണാമം വഴി പലതരം ജീവജാതികൾ ഭൂമിയിൽ ഉണ്ടായി. അവ ഇരതേടിയും ഇരയായും ഒക്കെ ഭക്ഷ്യശൃംഖലയുടെ ഭാഗമായി, ഒരു സന്തുലിത ഇക്കോവ്യൂഹമായി നിലനിൽക്കുന്നു എന്നു മാത്രം. അതിൽ ക്രൂരരും പാവങ്ങളും എന്നോ, പ്രജയും രാജാവും എന്നോ ഒന്നുമുള്ള വേർതിരിവില്ല. എല്ലാം അതിജീവന ജീവിത സമരങ്ങൾ മാത്രം.



◀ പെൺസിംഹവും കുഞ്ഞും ഇന്ത്യയിലെ ഗിർ വനത്തിൽ.

Photo: Priyank Dhami / Wikimedia Commons

# അരിത്തമ്പുരാൻ

ഇ പി പവിത്രൻ



(ഒരു ജാപ്പനീസ് നാടോടിക്കഥയുടെ പുനരാവിഷ്കാരം)

മുമ്പ്, വളരെക്കാലം മുമ്പ് ജപ്പാനിൽ ധീരനായ ഒരു യോദ്ധാവ് ജീവിച്ചിരുന്നു. ഒരു സമുറായ് പോരാളി. എല്ലാവരും അയാളെ തവാര റ്റോഡ എന്നു വിളിച്ചു. ജാപ്പനീസ് ഭാഷയിൽ അതിനർത്ഥം അരിത്തമ്പുരാൻ എന്നാണ്. എന്നാൽ അയാളുടെ യഥാർത്ഥ പേര് ഫുജിവാര ഹിഡെസാട്ടോ എന്നായിരുന്നു. അങ്ങനെയൊരു വിളിപ്പേര് വന്നതിനു പിന്നിൽ രസകരമായ ഒരു കഥയുണ്ട്.

സമുറായ് പോരാളികൾ ഒരിടത്തും അലസരായിരിക്കില്ല. അവർ സദാ സാഹസികതകൾ തേടി സഞ്ചരിച്ചുകൊണ്ടിരിക്കും. ഒരു ദിവസം ഉറയിൽ തിരുകിയ രണ്ടു വാളും തോളിലെ ആവനാഴിയിൽ കുറച്ച് അമ്പുകളും തന്നെക്കാൾ വലിയ ഒരു വില്ലുമായി ഹിഡെസാട്ടോ യാത്ര പുറപ്പെട്ടു.

അധിക ദൂരം പോയില്ല. അതിമനോഹരമായ ബീവാ തടാകത്തിന്റെ രണ്ടു തീരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സെറ്റാനോ കരാഷി പാലത്തിലേക്ക് കാൽ വെച്ചതേയുള്ളൂ, പാലത്തിൽ മുന്നിലായതാ ഭീമാകാരനായ ഒരു വ്യാളീസർപ്പം കിടക്കുന്നു. വലിയൊരു പൈൻ മരത്തടിയോളം വണ്ണമുണ്ട്. അതിന്റെ കൂർത്ത ദംഷ്ട്രകളിലൊന്ന് പാലത്തിന്റെ ഒരു വശത്തെ കൈവരിയിൽ കോർത്തതുപോലെ. ചുരുണ്ടുകിടക്കുന്ന വലിയ ശരീരത്തിന്റെ വാൽ എതിർവശത്തും. ആ ഭീകര രൂപം ഉറങ്ങുകയാണെന്ന് തോന്നി. ശ്വസിക്കുമ്പോൾ തീയും പുകയും ഉയരുന്നുണ്ട്.

ഹിഡെസാട്ടോ ആദ്യം ഒന്നു സംശയിച്ചു. ഒന്നുകിൽ തിരിച്ചു പോകണം. അല്ലെങ്കിൽ ആ വ്യാളീശരീരത്തെ മറികടന്ന് മുന്നോട്ടുനീങ്ങണം. അസാമാന്യ ധൈര്യശാലിയാണ് ഹിഡെസാട്ടോ. ഒട്ടും ഭയക്കാതെ വ്യാളിയുടെ ശരീരത്തിൽ ചവിട്ടിയും അതിന്റെ ചുരുളുകൾക്കിടയിൽ കാൽ വച്ചും തടസ്സം മറികടന്ന് ഒരിക്കൽപ്പോലും പിന്തിരിഞ്ഞു നോക്കാതെ മുന്നോട്ടുനീങ്ങി.

നാലഞ്ചു ചുവട് നടന്നതേയുള്ളൂ, ആരോ പിന്നിൽനിന്നു വിളിക്കുന്നു. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടത് ഒരു അദ്ഭുതക്കാഴ്ച! വ്യാളീസർപ്പം അപ്രത്യക്ഷമായിരിക്കുന്നു. ആ സ്ഥാനത്ത് അസാധാരണ രൂപവുമായി ഒരാൾ ഭവ്യതയോടെ കുനിഞ്ഞുനിന്ന് നമിക്കുകയാണ്. അയാളുടെ ചുവന്ന മുടിക്കെട്ട് തോളിൽ പടർന്നുകിടക്കുന്നു. വ്യാളീമുഖമുള്ള ഒരു കിരീടമുണ്ട് തലയിൽ. കടൽനീല നിറമുള്ള ഉടുപ്പിൽ ഭംഗിയുള്ള ചിപ്പിത്തോടുകൾ തുന്നിച്ചേർത്തിരിക്കുന്നു.

എന്തൊക്കെയാണ് സംഭവിക്കുന്നതെന്ന് പിടികിട്ടിയില്ലെങ്കിലും ഹിഡെസാട്ടോ പതുക്കെ അയാൾക്കടുത്തേക്ക് നടന്നു ചെന്ന് ചോദിച്ചു:

“എന്നെ ഇപ്പോൾ വിളിച്ചത് നിങ്ങളാണോ?”

“അതേ. എനിക്കൊരപേക്ഷയുണ്ട്. എന്നെയൊന്ന് സഹായിക്കണം.”

“എനിക്ക് സാധിക്കുന്നതാണെങ്കിൽ ചെയ്യുതരാം. പക്ഷേ ആദ്യം ആരാണ് നിങ്ങളെന്നു പറയൂ.”



വര: രശ്മി രാഘവൻ

"ഞാനീ തടാകത്തിലെ വ്യാളീരാജനാണ്. എന്റെ വീട് ഈ പാലത്തിനു കീഴെ തടാകത്തിനടിയിലാണ്."

"ഞാനെന്തു സഹായമാണ് ചെയ്യുതരേണ്ടത്?"

"എന്റെ വർഗത്തിന് മുഴുവൻ ഭീഷണിയായി ഒരു തേരട്ടരാക്ഷസനുണ്ട്. ഈ തടാകത്തിനക്കരെക്കാണുന്ന വലിയ മലയുടെമപ്പുറമാണതിന്റെ താമസം. ഞാനീ തടാകത്തിൽ ഒരുപാടു കൊല്ലങ്ങളായി പാർത്തുവരുന്നു. മക്കളും പേരമക്കളുമായി വലിയൊരു കുടുംബമാണെന്റേത്. ഞങ്ങളിപ്പോൾ പേടിച്ചരണ്ടാണ് കഴിയുന്നത്. ആ തേരട്ടരാക്ഷസൻ ഞങ്ങളുടെ വീട് കണ്ടെത്തിയിരിക്കുന്നു. ഓരോ രാത്രിയിലും അത് വീടാക്രമിച്ച് കുടുംബത്തിലൊരാളെ പിടിച്ചു കൊണ്ടുപോകുന്നു. അതിനോടെതിരിടാൻ എനിക്ക് കെൽപ്പില്ല. ഇതിങ്ങനെ തുടർന്നാൽ കുടുംബത്തിലാരും ബാക്കിയുണ്ടാവില്ല. ഒടുവിൽ ഞാനുമതിന്റെ ഇരയായി മാറും.

എന്നെ രക്ഷിക്കാൻ കഴിവുള്ള ധൈര്യശാലിയായ ഒരു മനുഷ്യനെ കണ്ടെത്താനാകുമെന്ന പ്രതീക്ഷയിൽ വ്യാളീസർപ്പത്തിന്റെ രൂപമെടുത്ത് ഞാനീ പാലത്തിൽ ഇടയ്ക്കിടെ വന്ന് കിടക്കാൻ തുടങ്ങിയിട്ട് കുറേക്കാലമായി. പക്ഷേ കാണുന്നവരൊക്കെ പേടിച്ചോടുകയാണു പതിവ്. നിങ്ങളെപ്പോലെ ധീരനായ ഒരു പോരാളിയെ ഞാനിതുവരെ കണ്ടിട്ടില്ല. കനിവുണ്ടാകണം. ആ തേരട്ടരാക്ഷസനെ കൊന്ന് എന്റെ കുടുംബത്തെ രക്ഷിക്കണം."

കഥ കേട്ടതോടെ ഹിഡെസാട്ടോയിലെ സമുറായ് പോരാളി ഉണർന്നു.

"എവിടെയാണ് തേരട്ടരാക്ഷസൻ ഇപ്പോഴുള്ളത്?"

"മികാമി മലയുടെ മുകളിലാണ് അതിന്റെ വീട്. പകൽ മുഴുവൻ മാളത്തിലായിരിക്കും. കണ്ടെത്താനാവില്ല. തടാകത്തിനുള്ളിലെ ഞങ്ങളുടെ കൊട്ടാരത്തിലേക്ക് രാത്രി ആളെപ്പിടിക്കാനെത്തുന്ന സമയത്ത് നേരിടുന്നതാണു നല്ലത്."

"ശരി, അങ്ങനെയാവട്ടെ."

പാലത്തിനു ചുവട്ടിലേക്ക് വ്യാളീരാജൻ ഹിഡെസാട്ടോയെ നയിച്ചു. അദ്ഭുതമെന്നു പറയട്ടെ, തടാകത്തിലെ ജലം ഇരുവശത്തേക്കും വഴിമാറി അവർക്ക് താഴേക്കുള്ള പാതയൊരുക്കി. ഉടുത്തിരുന്ന വസ്ത്രത്തിൽ നനവു പറ്റിയതുപോലുമില്ല.

ബീവാ തടാകത്തിനടിയിൽ വെണ്ണക്കല്ലിൽ തീർത്ത മനോഹര സൗധമായിരുന്നു രാജകൊട്ടാരം. അവിടെ രാജാവിനെയും അതിഥിയെയും സ്വീകരിക്കാൻ പല രൂപത്തിലും വർണ്ണത്തിലുമുള്ള മത്സ്യങ്ങൾ കാത്തിരിപ്പുണ്ടായിരുന്നു. കൺമുന്നിൽ കണ്ട കാഴ്ചകളൊക്കെ ഹിഡെസാട്ടോയ്ക്ക് അവിശ്വസനീയമായി തോന്നി.

അതിഗംഭീരമായിരുന്നു കൊട്ടാരത്തിൽ ഹിഡെസാട്ടോയ്ക്കുവേണ്ടി ഒരുങ്ങിയ വിരുന്ന്. അതിനു മുമ്പ് അറിഞ്ഞിട്ടില്ലാത്ത വിഭവങ്ങളുടെ സുഗന്ധം അവിടമാകെ പടർന്നു. ഭക്ഷണം കഴിക്കാനായി ഇരുന്നപ്പോൾ സ്വർണ്ണവർണ്ണമുള്ള പത്തു മത്സ്യനർത്തകിമാർ വാതിൽ തുറന്നെത്തി. വാദ്യോപകരണങ്ങളുമായി പത്ത് നീല മത്സ്യങ്ങൾ തൊട്ടുപിറകെയും.

വിരുന്നും സംഗീതവും നൃത്തവുമൊക്കെയായി നേരം പാതിരാവോളം നീണ്ടു. സ്ഫടികചഷകത്തിൽ അതിഥിയ്ക്കുള്ള വീഞ്ഞൊഴിക്കുകയായിരുന്നു വ്യാളീരാജൻ. പെട്ടെന്ന് പുറത്തെന്തോ മുഴക്കം. കൊട്ടാരമാകെ ഒന്നിളകിയുലഞ്ഞതുപോലെ.

വ്യാളീരാജനൊപ്പം ഹിഡെസാട്ടോയും ചാടിയെഴുന്നേറ്റ് കൊട്ടാരത്തിന്റെ മട്ടുപ്പാവിലേക്കു ചെന്നു. തടാകത്തിനക്കരെയുള്ള മലമുകളിലതാ വലിയ രണ്ട് തീഗോളങ്ങൾ തെളിയുന്നു.

"അതാണ് തേരട്ടരാക്ഷസൻ. തീഗോളങ്ങൾ അതിന്റെ കണ്ണുകളാണ്. ഇരതേടിയുള്ള വരവാണ്. കൊല്ലാൻ പറ്റിയ സമയം ഇതുതന്നെ."

ഹിഡെസാട്ടോ സൂക്ഷിച്ചു നോക്കി. ആകാശത്തിലെ നക്ഷത്രങ്ങളുടെ മങ്ങിയ വെളിച്ചത്തിൽ കണ്ടു, രണ്ടു തീഗോളങ്ങൾക്കു പിന്നിൽ തേരട്ടരാക്ഷസന്റെ തടിച്ചുനീണ്ട ശരീരം. മികാമി മലയെ ചുറ്റിയ ഉടൽ ചുരുളുകളഴിഞ്ഞ് മുന്നോട്ടു നീങ്ങുകയാണ്. അതിന് ആയിരം കാലുകളിൽ വെളിച്ചമുണ്ട്. കത്തുന്ന ശരറാന്തലുകൾ ജാഥയായി തടാകതീരത്തേക്ക് നീങ്ങുകയാണെന്നു തോന്നും. രാത്രിയിൽ പടയാളികളുടെ മുന്നേറ്റംപോലെ.

"പേടിക്കാതിരിക്കൂ."

ഹിഡെസോട്ടോ പറഞ്ഞു.

"എന്റെ വില്ലും അമ്പുകളും കൊണ്ടുവരാൻ പറയൂ."

ആയുധങ്ങളെത്തി.

ആവനാഴിയിൽ മൂന്ന് അമ്പുകളേ ബാക്കിയുള്ളൂവെന്ന് ഹിഡെസാട്ടോ കണ്ടു.

വലിയ വില്ലെടുത്തു കുലച്ച് തൊടുത്തുവിട്ട ആദ്യത്തെ അമ്പ് മിന്നൽപോലെ കുതിച്ച് രാക്ഷസന്റെ നെറ്റിയിൽ കൊണ്ടു.

**ഞങ്ങളിപ്പോൾ പേടിച്ചരണ്ടാണ് കഴിയുന്നത്. ആ തേരട്ടരാക്ഷസൻ ഞങ്ങളുടെ വീട് കണ്ടെത്തിയിരിക്കുന്നു. ഓരോ രാത്രിയിലും അത് വീടാക്രമിച്ച് കുടുംബത്തിലൊരാളെ പിടിച്ചുകൊണ്ടുപോകുന്നു. അതിനോടെതിരിടാൻ എനിക്ക് കെൽപ്പില്ല. ഇതിങ്ങനെ തുടർന്നാൽ കുടുംബത്തിലാരും ബാക്കിയുണ്ടാവില്ല.**

എന്തുകാര്യം! തുളഞ്ഞു കയറാതെ തൂവൽപോലെ അത് താഴേക്ക് അടർന്നുവീഴുകയാ ണുണ്ടായത്. രണ്ടാമത് തൊടു ത്തുവിട്ട അമ്പിനും അതേ ഗതിതന്നെ സംഭവിച്ചു.

അമ്പുകൾ രണ്ടും നിഷ്ഫല മാവുന്നതു കണ്ട് വ്യാളീരാജൻ പേടിച്ചുവിറയ്ക്കുകയായിരുന്നു.

ഹിഡെസാട്ടോയ്ക്ക് മനസ്സി ലായി, സാധാരണ അസ്ത്രപ്ര യോഗംകൊണ്ട് ഈ രാക്ഷ സനെ തോൽപ്പിക്കാനാവില്ല.

ഇനി ഒരു അമ്പു മാത്രമേ ബാക്കിയുള്ളൂ. അതും ലക്ഷ്യം കാണുമെന്നുറപ്പില്ല. തടാകത്തി നക്കരേക്ക് നോക്കിയപ്പോൾ കണ്ടു, മികാമി മലയെ ചുറ്റിയ ചുരുളുകളഴിഞ്ഞ് രാക്ഷസൻ താഴേക്കു വരികയാണ്. തീഗോ ളങ്ങൾ അടുത്തെത്താനിനി അധികനേരം വേണ്ട. ആയിരം തൊടുത്തു.

ഇത്തവണ അസ്ത്രം അതിന്റെ ലക്ഷ്യം ഭേദിച്ചു. തലപിളർന്ന് വേദനകൊണ്ട് വളഞ്ഞുപുള ഞ്ഞു പിടഞ്ഞ് രാക്ഷസന്റെ വലിയ ശരീരം പതുക്കെ നിശ്ച ലമായി. അതിന്റെ കണ്ണുകളാ കുന്ന തീഗോളങ്ങളും കാലു കളിലെ റാന്തൽ വെളിച്ചങ്ങളും ഒന്നൊന്നായണഞ്ഞ് ഇരുളില ലിഞ്ഞു.

പെട്ടെന്ന് ആകാശത്തെ നക്ഷത്രങ്ങൾപോലും കണ്ണുക ടച്ചു. എങ്ങും കൂരിരുൾ വ്യാപിച്ചു. കനത്ത ഇടിവെട്ട്, മിന്നൽ, ചൂളം കുത്തിയെത്തിയ കൊടുങ്കാറ്റ്. തടാകത്തിലെ ഓളങ്ങൾ തിരകൾപോലെ തീരങ്ങളിലേക്കാഞ്ഞടിച്ചു. കൊട്ടാരം തകർന്നുവീഴുമെന്ന് തോന്നി. അതിനകത്തുള്ളവർ മുഴുവൻ പേടിച്ചരണ്ട് എവിടെ ല്ലാത്ത ശരീരം പൊങ്ങിക്കിട ക്കുന്നു. അതിന്റെ രക്തച്ചുവപ്പ് തടാകത്തിലേക്ക് പരക്കുന്നുണ്ട്.

വ്യാളീരാജന്റെ ആഹ്ലാദത്തി നതിരില്ലായിരുന്നു. രാജകുടും ബാംഗങ്ങളും കൊട്ടാരവാസി കളുമെല്ലാം ഹിഡെസാട്ടോ യുടെ മുമ്പിൽ വന്ന് വണങ്ങി. സർവനാശത്തിൽനിന്ന് അവ രുടെ വംശത്തെ രക്ഷിച്ചയാൾ. ജപ്പാനിലെ ഏറ്റവും ധീരനായ യോദ്ധാവ്.

കൊട്ടാരത്തിൽ പിന്നെയും വിഭവസമൃദ്ധമായ വിരുന്നൊ രുങ്ങി. പവിഴത്തളികകളിൽ അതിനുമുമ്പെങ്ങും കാണാത്ത വിഭവങ്ങൾ. സ്ഫടികചഷകങ്ങ ളിൽ അപൂർവപാനീയങ്ങൾ. വിവരിക്കാനാവാത്ത സ്വാദും സുഗന്ധവും.

തെളിഞ്ഞ സൂര്യൻ. ബീവാ തടാകത്തിന്റെ ജലപ്പരപ്പിന് വജ്രത്തിളക്കം. കൊട്ടാരത്തിന് രാത്രിയിലേതിനേക്കാൾ നൂറി രട്ടി സൗന്ദര്യം പകലിലാ ണെന്നു തോന്നി.

കൊട്ടാരത്തിൽ അല്പദിവസ ങ്ങൾ കൂടി താമസിക്കാൻ എല്ലാ വരും നിർബന്ധിച്ചെങ്കിലും ഹിഡെസാട്ടോ വഴങ്ങിയില്ല. താൻ വന്ന ലക്ഷ്യം നിറവേറ്റി യിരിക്കുന്നു. തിരിച്ചുപോകണം. എങ്കിലും അവരുടെ ആവർത്തി ച്ചുള്ള നിർബന്ധത്തിനു വഴങ്ങി ചെറിയ ചില സമ്മാനങ്ങൾ സ്വീകരിക്കാം എന്നയാൾ സമ്മ തിച്ചു.

കൊട്ടാരമുറ്റത്തുനിന്ന് യാത്ര പറയാനൊരുങ്ങവേ കുറച്ചു സ്വർണ്ണമത്സ്യങ്ങൾ ഹിഡെസാ ട്ടോയുടെ പിന്നിൽ നിരയായി വന്നുനിന്നു. പെട്ടെന്ന് അവ യെല്ലാം മനുഷ്യരൂപം പ്രാപിച്ചു. എല്ലാവരും ആചാരവസ്ത്രങ്ങള ണിഞ്ഞിരുന്നു, രാജഭടന്മാരെ പ്പോലെ. അവരുടെ തലയിൽ വ്യാളീമുഖമുള്ള കിരീടങ്ങളു ണ്ടായിരുന്നു. സമ്മാനങ്ങളു മായി ഹിഡെസാട്ടോയ്ക്കൊപ്പം

**ഇനി ഒരു അമ്പു മാത്രമേ ബാക്കിയുള്ളൂ. അതും ലക്ഷ്യം കാണുമെന്നുറപ്പില്ല. തടാകത്തിനക്കരേക്ക് നോക്കിയപ്പോൾ കണ്ടു, മികാമി മലയെ ചുറ്റിയ ചുരുളുകളഴിഞ്ഞ് രാക്ഷസൻ താഴേക്കുവരികയാണ്. തീഗോളങ്ങൾ അടുത്തെത്താനിനി അധികനേരം വേണ്ട. ആയിരം കാലുകളിലെ റാന്തൽവെളിച്ചം തടാകപ്പരപ്പിൽ തട്ടി തിളങ്ങുന്നുണ്ട്.**

കാലുകളിലെ റാന്തൽവെളിച്ചം തടാകപ്പരപ്പിൽ തട്ടി തിളങ്ങു ന്നുണ്ട്.

ഹിഡെസാട്ടോയുടെ മന സ്സിൽ പെട്ടെന്നൊരു ചിന്ത കടന്നുവന്നു. തേരട്ടകൾക്ക് മനു ഷ്യരുടെ ഉമിനീര് മാരകമാ ണെന്ന് എവിടെയോ കേട്ടി ട്ടുണ്ട്. പക്ഷേ ഇത് വെറുമൊരു തേരട്ടയല്ലല്ലോ. ആ അറിവ് ശരിയാണെങ്കിൽത്തന്നെ അതിനെ കീഴ്പ്പെടുത്താൻ ഉമിനീരെത്ര വേണ്ടിവരും. മറ്റൊരു മാർഗവും മുന്നിലില്ല. അതൊന്നു പരീക്ഷിക്കാൻ തന്നെ ഹിഡെസാട്ടോ തീരുമാ നിച്ചു. അവസാനത്തെ അമ്പിൽ നാക്കുകൊണ്ട് ഉമിനീർ പുരട്ടി വില്ലുകുലച്ച് അതിസൂക്ഷ്മ മായി ഉന്നംകുറിച്ച് അമ്പു യൊക്കെയോ ചുരുണ്ടുകൂടി.

മണിക്കൂറുകളോളം അന്തരീ ക്ഷമാകെ കലിതുള്ളി.

ഇരുൾ നേർത്ത് നേരം പുലർ ന്നതോടെ എല്ലാം ശാന്തമായി. മലയിൽനിന്ന് രാക്ഷസത്തേരട്ട യുടെ ശരീരം അപ്രത്യക്ഷമായി രുന്നു.

ഹിഡെസാട്ടോ വ്യാളീരാജനെ വിളിച്ചു,

“നോക്കൂ, ഞാനെന്റെ വാക്കു പാലിച്ചിരിക്കുന്നു. തേരട്ടരാക്ഷ സന്റെ കഥ കഴിഞ്ഞു. ഇനി നിങ്ങൾക്ക് അതിനെപ്പറ്റി യോർത്ത് ഭയം വേണ്ട.”

കൊട്ടാരവാസികളെല്ലാം ആഹ്ലാദത്തിലായിരുന്നു.

ഹിഡെസാട്ടോ ബീവാ തടാകപ്പരപ്പിലേക്ക് വിരൽ ചൂണ്ടി. രാക്ഷസന്റെ ജീവനി

പോകാനുള്ളവരാണവർ.
സമ്മാനങ്ങളെന്തൊക്കെയാണെന്ന് കേൾക്കണ്ടേ.
ഒരു വലിയ ഓട്ടുമണി.
ഒരു ചാക്ക് അരി.
പട്ടു തുണിയുടെ ഒരു കെട്ട്.
അടുക്കളയിലേക്കുള്ള ഒരു പാത്രം.

എവിടെയെങ്കിലും താവളം കണ്ടെത്തിക്കാണും. അയാളുടെ തിരിച്ചുവരവും കാത്ത് കണ്ണുംനട്ടിരുന്ന ജോലിക്കാർ ആ കാഴ്ച കണ്ട് അമ്പരന്നു. അവർ വീട്ടുകാരെയും അയൽക്കാരെയുമൊക്കെ വിളിച്ചുകൂട്ടി. അകലെനിന്നൊരു ഘോഷയാത്ര അടുത്തുവരുന്നു. മുന്നിൽ



ഹിഡെസാട്ടോ. രാജകീയവേഷങ്ങളണിഞ്ഞ് സമ്മാനങ്ങളും കൊടിതോരണങ്ങളുമായി ഒരു സംഘം പിന്നാലെ. ആർക്കും ഒരു എത്തും പിടിയും കിട്ടിയില്ല.

സെറ്റാ നോ കറാഷി പാലം വരെ വ്യാളീരാജൻ ഒപ്പം ചെന്നു. പിന്നെ ഭവ്യതയോടെ വണങ്ങി ആശംസകളർപ്പിച്ച് തിരിച്ചുപോയി.
ഹിഡെസാട്ടോ രാത്രി തിരിച്ചെത്താത്തതിനാൽ അയാളുടെ വീട്ടുകാരും അവിടുത്തെ ജോലിക്കാരുമൊക്കെ വല്ലാത്ത വേവലാതിയിലായിരുന്നു. പിന്നെ അവർ സമാധാനിച്ചു. രാത്രിയിലെ കാറ്റും കോളും കാരണം

സമ്മാനങ്ങളൊക്കെ വീട്ടുമുറ്റത്ത് നിരത്തിവെച്ച് രാജകിങ്കരന്മാർ കൺമുന്നിൽനിന്ന് അപ്രത്യക്ഷരായി.
ഉണ്ടായ സംഭവങ്ങളൊക്കെ വള്ളിപുള്ളി വിടാതെ ഹിഡെസാട്ടോ വിവരിച്ചത് അദ്ഭുതത്തോടെ എല്ലാവരും കേട്ടു.
വ്യാളീരാജൻ നന്ദിപൂർവം കൊടുത്തുവിട്ട സമ്മാനങ്ങളിൽ ചിലതിന് മാന്ത്രികശക്തിയുണ്ടെന്ന് തിരിച്ചറിയാൻ അധികനേരം വേണ്ടിവന്നില്ല. ആകൃതിയിലും മുഴക്കത്തിലും വളരെ വിശേഷപ്പെട്ട ആ വലിയ ഓട്ടുമണി ഹിഡെസാട്ടോ അടുത്തുള്ള അമ്പലത്തിൽ സമർപ്പിച്ചു. ഗ്രാമവാസികളെ സമയമറിയിച്ചുകൊണ്ട് അത് അവിടെ ഇടയ്ക്കിടെ മനോഹരമായി മുഴങ്ങി.
വീട്ടുകാർക്ക് ചോറുവെയ്ക്കുവാനുള്ള അരി എത്ര അളന്നെടുത്താലും പിറ്റേന്ന് രാവിലെ നോക്കുമ്പോൾ അളവൊട്ടും കുറയാതെ ചാക്ക് നിറഞ്ഞുതന്നെ കാണപ്പെട്ടു. അതുപോലെതന്നെ പട്ടിന്റെ കാര്യവും. എല്ലാവർക്കും വേണ്ട വിശേഷവസ്ത്രങ്ങൾ തയ്ക്കാനായി എത്ര മുറിച്ചെടുത്താലും തുണി അത്രതന്നെ ബാക്കിയുണ്ടാവും.
അതിനെക്കാളൊക്കെ അദ്ഭുതകരമായിരുന്നു പാത്രത്തിന്റെ കാര്യം. എന്തെങ്കിലും പദാർത്ഥങ്ങൾ അതിലിട്ടു കൊടുത്താൽ മതി, ആശിക്കുന്ന വിഭവങ്ങൾ എന്തുതന്നെയാകട്ടെ, പേര് പറഞ്ഞാൽ ഉടൻതന്നെ അത് തയ്യാറാക്കിത്തരും. തീ വേണ്ട, വിറകു വേണ്ട.
ഹിഡെസാട്ടോയുടെ പേരും പെരുമയും നാടൊട്ടുക്ക് പരന്നു. വീട്ടുചെലവിന് പണമേ വേണ്ടെന്നായപ്പോൾ ക്രമേണ അയാൾ പണക്കാരനായി മാറി. സമുറായ് പോരാളിയെന്നപോലെ ദാനശീലനുമായതിനാൽ എല്ലാവർക്കും അയാളെ ഇഷ്ടമായിരുന്നു.
അങ്ങനെയാണ് ഫുജിവാര ഹിഡെസാട്ടോയെ നാട്ടുകാർ തവാര റ്റോഡ എന്നാക്കി മാറ്റിയത്. അരിത്തമ്പുരാൻ എന്ന ആ പേര് അയാൾക്കും ഇഷ്ടമായിരുന്നു കേട്ടോ.

# ഡൈനസോറുകൾക്കൊപ്പം ജീവിച്ച പന്നൽച്ചെടികൾ

വി യു രാധാകൃഷ്ണൻ

**ഡൈനസോറുകൾക്കൊപ്പം ജീവിച്ചിരുന്ന സസ്യങ്ങൾ. അവയിൽ ബഹുഭൂരി പക്ഷവും ഇന്നില്ല. എന്നാൽ പൂവും വിത്തുമൊന്നും ഇല്ലാത്ത ഒരിനം സസ്യ വിഭാഗം ഇന്നും ഡൈന സോറുകളുടെ കഥകളും പേറി നമുക്കൊപ്പമുണ്ട്. അതാണ് പന്നൽച്ചെടികൾ. 36കോടി വർഷങ്ങളായി ഭൂമിയിൽ വംശനാശം നേരിടാതെ ജീവിച്ചുപോരുന്ന സസ്യവിഭാഗം!**

കോടിക്കണക്കിനു വർഷങ്ങൾ പഴക്കമുണ്ട് പന്നൽച്ചെടികളുടെ കഥകൾക്ക്. പരിണാമത്തിനൊപ്പം നിർണായകമാറ്റം കാണിച്ച ഈ ഹരിതഗാത്രികൾ യുഗങ്ങളായി നിലകൊണ്ടു വരികയാണ്. ആരെയും വിസ്മയിപ്പിക്കുന്നതാണ് പന്നൽ സസ്യലോകം. അനേകമുണ്ട് ഇവയുടെ സവിശേഷതകൾ. അതിലേറെയുണ്ട് അവയുടെ ഉപയോഗങ്ങൾ.

പരിസ്ഥിതി, കൃഷി എന്നീ രംഗങ്ങളിൽ സജീവസാന്നിധ്യമായി നിൽക്കുന്ന പന്നലുകൾ വൈവിധ്യമായ ഘടനയുള്ളവയാണ്. കിണറുകളോടുചേർന്നും കനാലുകളോടുചേർന്നും നനവുള്ളിടത്തും ഇവയെ ധാരാളമായി കണ്ടുവരുന്നു. പന്നൽച്ചെടികളെക്കുറിച്ചുള്ള പഠനമാണ് ടെറിഡോളജി (Pteridology).

### സവിശേഷ സ്വഭാവങ്ങൾ

ജുറാസിക് കാലഘട്ടത്തിൽ ജീവിച്ചിരുന്ന സസ്യവിഭാഗമാണ് ഇവ. പ്രത്യുത്പാദനത്തിന്



**സൈലം, ഫ്ളോയം എന്നീ സംവഹനനാളികളുണ്ടായ ആദ്യത്തെ ചെടിവർഗമാണ് പന്നലുകൾ. ചെടികൾക്ക് ആവശ്യമായ വെള്ളവും വളവും മറ്റു ധാതുക്കളുമെല്ലാം ഇലകളിലും മറ്റു ഭാഗങ്ങളിലും എത്തിക്കുന്നത് സംവഹനനാളികളാണ്. വളരെ നേർത്ത കുഴലുപോലെയുള്ള അവയവം എന്നു പറയാം. ജലത്തെയും ധാതുക്കളെയും കൊണ്ടുപോകുന്നത് സൈലമാണ്. പ്രകാശസംശ്ലേഷണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന സംയുക്തങ്ങളെ കൊണ്ടുപോകുകയാണ് ഫ്ളോയത്തിന്റെ ധർമ്മം.**

വിത്തുണ്ടാക്കൽ എന്ന പ്രക്രിയയുടെ ആദ്യഘട്ടങ്ങൾ പ്രകടിപ്പിച്ച സസ്യങ്ങൾ കൂടിയാണിവ. സ്പോറുകൾ എന്നറിയപ്പെടുന്ന വിത്തുസമാനമായ പൊടിയാണ് പന്നലുകളുടെ അടുത്ത തലമുറയ്ക്ക് വഴിവയ്ക്കുന്നത്.

ഇലകളിൽ സ്പോറുകളെ ധരിക്കുന്ന സസ്യങ്ങളായതിനാൽ സ്പോറോഫില്ലുകൾ (Sporophylls) എന്നാണ് ഇവയുടെ പേര്.

കരയിൽ നനവുള്ളിടത്തും തടികളിലും പാറക്കെട്ടിലുമൊക്കെ പന്നലുകളെ കാണാം. ഈ ചെടികളെ പല ആവശ്യങ്ങൾക്കായും മനുഷ്യർ വളർത്താറുമുണ്ട്. പന്നൽച്ചെടികളെ അവയുടെ തനത് ആവാസവ്യവസ്ഥയൊരുക്കി കൃത്രിമമായി ഒരുക്കിവളർത്തുന്ന കേന്ദ്രങ്ങളാണ് ടെറേറിയങ്ങൾ.



▶ പന്നൽച്ചെടികൾക്കിടയിൽ Ankylosaurus എന്ന ഡൈനസോർ. ഡൈനസോറുകളുടെ കാലഘട്ടത്തിൽ പൂക്കളുണ്ടാകുന്ന ചെടികളെക്കാളേറെ പന്നൽച്ചെടികളായിരുന്നു. ഡൈനസോറുകൾക്ക് വംശനാശം സംഭവിച്ചെങ്കിലും പന്നൽച്ചെടികൾ ഇന്നും പല രൂപത്തിൽ ഭൂമിയിൽ നിലനിൽക്കുന്നു.

Photo: AI Generated

ചില്ലുകൂട്ടിൽ വെച്ചോ പ്ലാസ്റ്റിക് ഷീറ്റിനകത്തോ നിയന്ത്രിതചുറ്റുപാടുകൾ നൽകിയാണ് ഇങ്ങനെ വളർത്തുന്നത്. ബോട്ടാണിക് ഗാർഡനുകൾ, വീടുകളിലെ ഉദ്യാനങ്ങൾ എന്നിവിടങ്ങളിലും ഇത്തരം സജ്ജീകരണങ്ങൾ ഒരുക്കാറുണ്ട്. Fittonia, Walking Fern, Boston Fern എന്നിവ ഇങ്ങനെ വളർത്തുന്ന പൂന്തോട്ടപ്പന്നലുകൾക്ക് ഉദാഹരണങ്ങളാണ്.

ഡൈനസോറുകൾ ഓടിനടന്നിരുന്ന ജുറാസിക് യുഗത്തിലെ ഡിവോണിയൻ കാലഘട്ടത്തിൽ സമൃദ്ധമായിരുന്നു ഈ ചെടിവർഗം. അതുകൊണ്ടുതന്നെ Devonian period നെ Golden Age of Pteridophytes എന്നു പറയുന്നു. ഇപ്പോൾ ഇവയുടെ എണ്ണം കുറയുന്നുണ്ട്.



◀ സ്പോറുകൾ വഴിയാണ് പന്നൽച്ചെടികൾ അടുത്ത തലമുറയ്ക്കു ജന്മം കൊടുക്കുന്നത്. ഇലകളുടെ അടിയിലായി പൊടിരൂപത്തിലാവും സ്പോറുകൾ ഉണ്ടാവുന്നത്.

Photo: kaibara87 / Wikimedia Commons

## സാമ്പത്തിക പ്രാധാന്യം

വിവിധ രാജ്യങ്ങളിലെ മനുഷ്യർ ഇവയെ ഭക്ഷണമാക്കാറുണ്ട്. Marsilea, Alsophila എന്നിവ അതിൽ ചിലതുമാത്രം. പല മരുന്നുകളുടെയും സ്രോതസ്സുകളായിട്ടുള്ള പന്നൽച്ചെടികളുമുണ്ട്. വളങ്ങളുണ്ടാക്കാനും പന്നൽ ഉപയോഗിക്കാറുണ്ട്. നൈട്രജൻ വളമായി മാറ്റാവുന്ന Azolla ഉദാഹരണമാണ്. പൂന്തോട്ടങ്ങളിലെ അലങ്കാര സസ്യങ്ങളായും ചിലയിനം പന്നലുകളെ ഉപയോഗിക്കുന്നുണ്ട്. വീടിനുള്ളിലും ഇവയെ ചിലർ വളർത്താറുണ്ട്. ചിലയിനം പന്നലുകൾക്ക് വലിയ വിലയുമാണ്. ഗാർഡനുകളിലും മറ്റും വളർത്തുന്ന പന്നലുകൾ പലതുണ്ട്. ഇലയുടെ ഭംഗിയും ആകൃതിയും സ്വീകാര്യതയ്ക്ക് മാറ്റുകൂട്ടുന്നു.

## അസോളയുടെ ഗുണഗണങ്ങൾ

പന്നൽവർഗത്തിലെ അസോള (Azolla) ഭാവിയിലേക്കുള്ള വാഗ്ദാനമാണ്. അന്തരീക്ഷ നൈട്രജനെ സ്ഥിരീകരിക്കാൻ (Biological Nitrogen fixation) സാധിക്കുന്ന നീലഹരിത ആൽഗയായ അനാബീന (Anabaena)കളുമായി സഹവർത്തിത്വത്തിലാണിവ. സൈനോബാക്ടീരിയകൾ എന്നും ഇവയെ പറയുന്നു. സൂക്ഷ്മമൂലകങ്ങളെയും വൈറ്റമിനുകളെയും ഇങ്ങനെ സംഭരിക്കാൻ ഇവർക്കാകും. ഇവയെ വളമാക്കിയാൽ വിളകൾക്ക് പ്രത്യേക നൈട്രജൻ വളം ചേർക്കേണ്ടതില്ല. ഇതുപോലെ 30% പ്രോട്ടീൻ കൂടുതലുള്ളതിനാൽ പാലുല്പാദനം വർധിപ്പിക്കാൻ പശുക്കൾക്ക് നൽകാം. കോഴികൾക്ക് തീറ്റയായി കൊടുത്താൽ മുട്ടയ്ക്കു വലിപ്പവും മുട്ടക്കരുവിന് നിറവും ലഭിക്കും. ഇങ്ങനെ വീട്ടിൽവച്ച് വളർത്തി കർഷകർക്ക് ലാഭം നൽകാനാകുന്ന ജൈവ പ്രതിനിധികളാണ് ഈ പന്നൽ.

## ആഫ്രിക്കൻ പായൽ (Salvinia auriculata)

എല്ലാ പന്നൽച്ചെടികളും നമുക്ക് നല്ല താവണമെന്നില്ല. ഉദാഹരണത്തിന് ആഫ്രിക്കൻ പായൽ. ചണ്ടിപോലെ വളരുന്ന ഒരു ജലസസ്യമാണിത്. കളയായി ജലാശയങ്ങളിൽ കണ്ടുവരുന്നു. കൃഷിക്കും പരിസ്ഥിതിക്കും ഒരുപോലെ മാരകകാരികളാണിവ.

അലങ്കാരച്ചെടിയായി നഴ്സറിക്കാരും ബൊട്ടാണിക് ഗാർഡനുകളിൽ സൂക്ഷിക്കാനായി ശാസ്ത്രജ്ഞരും ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ നിന്നും കൊണ്ടുവന്ന ഈ സസ്യങ്ങൾ ഇന്ന് വൻപ്രശ്നങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. ജലോപരിതലത്തിൽ അനിയന്ത്രിതമായി വളർന്ന് ജലാശയം മുഴുവൻ നിറയാനും അങ്ങനെ ജലത്തിലേക്കുള്ള സൂര്യപ്രകാശത്തെ തടസ്സപ്പെടുത്താനും ഇവയ്ക്കാവും. അതോടെ ജലജീവികൾക്ക് ഓക്സിജൻ ലഭിക്കാതെ ബുദ്ധിമുട്ടാവും. എന്നാൽ കൊതുകുകൾക്കാകട്ടെ മുട്ടയിടാൻ പായലിന്റെ ഇലകൾക്കിടയിൽ കെട്ടിക്കിടക്കുന്ന വെള്ളം സഹായകരമാണ്. അതിനാൽ കൊതുകുകൾ പെരുകാൻ ഇവ കാരണമാകും.

വെള്ളത്തിന്റെ പോഷകഗുണം കുറയ്ക്കുന്ന ഇവ വേഗം പടർന്നു വികസിക്കുമെന്നതിനാൽ ഇവയെ ഒഴിവാക്കാനും പ്രയാസമാണ്.

# ജീവിതമാണു പ്രധാനം

**പള്ളിയറ ശ്രീധരൻ**

രഘു അത്യാവശ്യമായി ഒരു ഓഫീസിൽ ചെന്നു. അവിടെ എത്തിയപ്പോഴാണ് അറിഞ്ഞത്, ഓഫീസർ എട്ടാം ക്ലാസ്സിൽ ഒന്നിച്ചു പഠിച്ച വിഷ്ണുവാണെന്ന്.

അവർ പഴയ കാര്യങ്ങൾ കുറെ സംസാരിച്ചു. മറ്റു സഹപാഠികൾ എവിടെയൊക്കെയുണ്ടെന്ന് അന്വേഷിച്ചു. ആ നഗരത്തിൽത്തന്നെ നാലുപേർ ഉണ്ടെന്നു മനസ്സിലായി.

"വരുന്ന ഞായറാഴ്ച നമുക്ക് ഒന്നു കൂടാം"

രഘു അഭിപ്രായപ്പെട്ടു.

വിഷ്ണുവും അത് അംഗീകരിച്ചു. അങ്ങനെ സഹപാഠികളായ നാലുപേർ നഗരത്തിലെ പാർക്കിൽ ഒത്തുകൂടി.

"ഇവിടെ അടുത്താണ് നമ്മളെ മലയാളം പഠിപ്പിച്ച ഭാസ്കരൻ സാറിന്റെ വീട്, ഞാൻ ഇടയ്ക്ക് അദ്ദേഹത്തെ കാണാറുണ്ട്."

"നമുക്കു നാലുപേർക്കും കൂടി അവിടെ പോയാലോ; സാറിന് ഒരു സർപ്രൈസ് ആയിരിക്കും."

അവർ നാലുപേരും സാറിന്റെ വീട്ടിലെത്തി. തന്റെ പഴയ വിദ്യാർത്ഥികളെ കണ്ടപ്പോൾ അദ്ദേഹത്തിനു സന്തോഷം തോന്നി.

അവരെപ്പറ്റി ഭാസ്കരൻ സാർ കൂടുതൽ അന്വേഷിച്ചു. നാലു പേർക്കും നല്ല ജോലിയുണ്ട്, വരുമാനമുണ്ട്. എങ്കിലും ജീവിതത്തിൽ പല പ്രശ്നങ്ങളുമുണ്ട്. ജീവിതത്തിൽ ഒട്ടും സംതൃപ്തരല്ല അവരെന്ന് അദ്ദേഹം മനസ്സിലാക്കി.

പഠിക്കുമ്പോൾ വ്യക്തിപരമായ കാര്യങ്ങളിൽ ഭാസ്കരൻ സാർ വളരെ ശ്രദ്ധാലുവായിരുന്നു. ആവശ്യമായ നിർദേശങ്ങളും നൽകിയിരുന്നു.

"ശരി, ചായ കുടിച്ചിട്ടു പോകാം."

"വേണ്ട സർ, ഞങ്ങൾ ഒന്നിച്ചു ഭക്ഷണം കഴിച്ചിട്ടാണു വന്നത്."

"സാരമില്ല, ഒരു ചായ കുടിച്ചതുകൊണ്ട് ഒരു പ്രശ്നവുമില്ല. അദ്ദേഹം അകത്തുപോയി കുറച്ചുകഴിഞ്ഞ് ഒരു ട്രേയിൽ ആറു ചായയുമായി വന്നു.

അവയിൽ നാലെണ്ണം വില കൂടിയ നല്ല ഭംഗിയുള്ള ഗ്ലാസുകളായിരുന്നു. രണ്ടു ഗ്ലാസുകൾ സാധാരണ സ്റ്റീൽ ഗ്ലാസുകളും.

"ശരി, ചായ എടുക്കൂ."

നാലുപേരും ഏറ്റവും ഭംഗിയുള്ള ഗ്ലാസുകളാണ് തെരഞ്ഞെടുത്തത്. ഇതു ശ്രദ്ധിച്ച സാർ അവരോടു പറഞ്ഞു:

"സത്യത്തിൽ എല്ലാ ഗ്ലാസിലെയും ചായ ഒന്നു തന്നെയാണ്. പക്ഷേ സ്റ്റീൽ ഗ്ലാസിലെ ചായ ആരും എടുത്തില്ല. എന്തുകൊണ്ടാണെന്നറിയാമോ? നിങ്ങൾ പുറംപകിട്ടിലാണ് ശ്രദ്ധിച്ചത്. ജീവിതത്തിലും നിങ്ങൾ അങ്ങനെ തന്നെയാണ്. ജീവിതത്തെ നിങ്ങൾ ശരിയായ രീതിയിൽ കാണുന്നില്ല. ധനം സമ്പാദിക്കുന്നതിൽ മാത്രമാണ് നിങ്ങളുടെ ശ്രദ്ധ.

മാതാപിതാക്കളോട് ശരിക്കും സംസാരിക്കാറുണ്ടോ? വീട്ടിലെല്ലാവരെയും കൂട്ടി സിനിമയ്ക്ക് പോകാറുണ്ടോ? ഇല്ല. ധനം സമ്പാദിക്കുന്നതിനൊപ്പം സന്തോഷമായി ജീവിക്കാനും ശ്രമിക്കൂ. നിങ്ങൾക്ക് സംതൃപ്തി ലഭിക്കും.

സാറിന് നന്ദി പറഞ്ഞുകൊണ്ട് അവർ അവിടെനിന്ന് ഇറങ്ങി സ്വന്തം വീടുകളിലേക്കു യാത്രയായി.



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# ഉത്തരധ്രുവത്തിന്റെ അടിയിലൂടെയുള്ള യാത്ര!

ജൂലിയസ് മാനുവൽ



റോബർട്ട് ഫുൾട്ടൺ 1800ൽ നിർമ്മിച്ച അന്തർവാഹിനിയുടെ മാതൃക.



കടലിനടിയിൽ ഇരുപതിനായിരം കാതങ്ങൾ (1870) എന്നത് പ്രശസ്ത ശാസ്ത്ര-സാഹിത്യകാരനായ ജൂൾ വേണിന്റെ അതുല്യമായ ഒരു കൃതിയാണ്. അന്നുവരെയും ലോകം കണ്ടിട്ടില്ലാത്തത്ര രീതിയിൽ, സൗകര്യങ്ങളിൽ ഇന്നത്തെ അന്തർവാഹിനികളെ വെല്ലുന്ന നോട്ടിലസ് (Nautilus) എന്ന മുങ്ങിക്കപ്പലിൽ ലോകം ചുറ്റുന്ന ക്യാപ്റ്റൻ നെമോ എന്ന ഇന്ത്യൻ വംശജനായ ഒരാളുടെ കഥയാണത്. ഒരു സാങ്കല്പിക നോവൽ ആണെങ്കിൽക്കൂടി നമ്മെ ആവേശത്തിന്റെ മുൾമുനയിൽ നിർത്തുന്ന രീതിയിലാണ് ജൂൾ വേൺ അത് എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്. എന്നാൽ ജൂൾ വേണിന്റെ കഥയിലെ അന്തർവാഹിനിക്ക് നോട്ടിലസ് എന്ന പേര് കിട്ടിയതിനു പിന്നിൽ മറ്റൊരു കഥയുണ്ട്. പഴയ ഗ്രീക്ക് ഭാഷയിൽ നോട്ടിലോസ് (nautilos) എന്നാൽ നാവികൻ എന്നാണ് അർത്ഥം. ഇതേ പേരിൽ ഒരു കടൽജീവിയുണ്ട്. ഈ ജീവിയുടെ പേര് കടംകൊണ്ട് 1800ൽ റോബർട്ട് ഫുൾട്ടൺ (Robert Fulton) എന്നൊരു അമേരിക്കൻ എഞ്ചിനീയർ ഒരു മുങ്ങിക്കപ്പൽ നിർമ്മിച്ചിരുന്നു. വെറും നാലുപേർക്കു മാത്രം സഞ്ചരിക്കാവുന്ന, കൈകൊണ്ട് പ്രവർത്തിപ്പിക്കാവുന്ന ഒരു ചെറു അന്തർവാഹിനിയായിരുന്നു അത്. നെപ്പോളിയനു വേണ്ടിയാണ് ഫുൾട്ടൺ അതു നിർമ്മിച്ചതെങ്കിലും അത് തന്റെ സേനയിലേക്ക് ചേർക്കുവാൻ നെപ്പോളിയൻ വിസമ്മതിച്ചു. ഈ ചെറുമുങ്ങിക്കപ്പലിൽനിന്നാണ് ജൂൾ വേൺ തന്റെ നോവലിലെ സാങ്കല്പിക അന്തർവാഹിനിക്ക് പേര് കൊടുത്തത്.

എന്നാൽ നോവലിലെ ആധുനിക അന്തർവാഹിനിയുടെ രൂപഭാവങ്ങൾ ജൂൾ വേൺ പകർത്തിയത് ഫ്രഞ്ച് നേവി ഉപയോഗിച്ചിരുന്ന പ്ലോൺഷ്യ (Plongeur - കടലിൽ മുങ്ങുന്നവർ) എന്ന അന്തർവാഹിനിയിൽനിന്നാണ്. യന്ത്രശക്തിയാൽ പ്രവർത്തിക്കുന്ന ആദ്യത്തെ അന്തർവാഹിനിയായിരുന്നു പ്ലോൺഷ്യ. വലിയ സിലിണ്ടറുകളിൽ അതിമർദത്തിൽ സൂക്ഷിച്ചുവെച്ചിരിക്കുന്ന വായുവിന്റെ ശക്തിയിൽ ആയിരുന്നു പ്ലോൺഷ്യ പ്രവർത്തിച്ചിരുന്നത്.

ജൂൾ വേണിന്റെ കഥയിൽ നോട്ടിലസിന്റെ വിവിധ ഭാഗങ്ങൾ പല രാജ്യങ്ങളിൽ നിർമ്മിച്ച് അവസാനം ഒരിടത്തുവെച്ച് കൂട്ടിയോജിപ്പിച്ച് നിർമ്മിക്കുകയാണ് ചെയ്തത് എന്നാണ് നോവലിൽ പറയുന്നത്. ജൂൾ വേണിന്റെ ഭാവനയിൽ വിരിഞ്ഞ നോട്ടിലസ് എന്ന ഈ അന്തർവാഹിനിക്ക് ഇന്നത്തെ അന്തർവാഹികളുടെ

പല സവിശേഷതകളും ഉണ്ടായിരുന്നു എന്ന താണ് നമ്മെ അതിശയിപ്പിക്കുന്ന കാര്യം. കടലിന്റെ അടിത്തട്ടിൽനിന്നു കൽക്കരി ഖനനം ചെയ്ത് എടുത്ത ശേഷം അത് ഇന്ധനമായി ഉപയോഗിച്ച് കടൽജലത്തിലെ ഉപ്പിൽനിന്നു സോഡിയം വേർതിരിച്ച് എടുക്കും. ഇതുവെച്ച് നിർമ്മിച്ചിരിക്കുന്ന സോഡിയം-മെർക്കുറി ബാറ്ററികളാണ് നെമോയുടെ നോട്ടിലസിന് ജീവൻ നൽകുന്നത്. രണ്ട് പുറംചട്ടകളുള്ള (Double-hulled) നോട്ടിലസിന് 43 നോട്ട്സ് (80km/hr) വേഗതവരെ കൈവരിക്കാനാവും.

കുടിക്കുവാനുള്ള വെള്ളം, കടൽജലത്തിൽ നിന്നു ശുദ്ധീകരിച്ചെടുക്കുകയാണു ചെയ്യുക. തിമിംഗലം ചെയ്യുന്നതുപോലെ ശുദ്ധവായു സംഭരിക്കുവാൻ നോട്ടിലസിന് ഇടയ്ക്കിടെ ജലോപരിതലത്തിൽ എത്തേണ്ടതുണ്ട്. ശുദ്ധവായു നിറച്ചാൽ തുടർച്ചയായി 5 ദിവസങ്ങൾവരെ നോട്ടിലസിന് കടലിൽ മുങ്ങിക്കിടക്കാം. ഇത്രയും സൗകര്യങ്ങളുള്ള നോട്ടിലസ് പല സമുദ്രങ്ങളിലായി ആകെ സഞ്ചരിച്ച ദൂരമാണ് നോവലിന്റെ തലക്കെട്ടിൽ ഉള്ള 'ഇരുപതിനായിരം കാതങ്ങൾ' എന്നത്. ഏതാണ്ട് 80,000 കിലോമീറ്ററുകൾ. ഭൂമിയുടെ ചുറ്റളവിന്റെ ഇരട്ടി!

ഇതിനിടെ ക്യാപ്റ്റൻ നെമോ നോട്ടിലസുമായി അന്റാർട്ടിക്കയിലേക്കു പോകുന്ന കാര്യം ജൂൾ വേൺ രസകരമായി വിവരിച്ചിട്ടുണ്ട്. അന്റാർട്ടിക്ക ഒരു ഭൂഖണ്ഡം ആയതിനാൽ അതിന്റെ അടിയിലൂടെ മുങ്ങിക്കപ്പലിൽ പോകുക സാധ്യമല്ല. എന്നാൽ ഭാവനയ്ക്ക് അതിരുകൾ ഇല്ലാത്തതിനാൽ ജൂൾ വേൺ ആ നോവലിലൂടെ നമ്മെ ദക്ഷിണധ്രുവത്തിന്റെ അടിയിലൂടെ കൊണ്ടുപോവുകയാണ്. തണുത്തുറഞ്ഞ ജലത്തിലൂടെ കൂറ്റൻ ഹിമാനികളുടെ അടിയിലൂടെ തന്റെ അന്തർവാഹിനിയുടെ പുറംചട്ടയുടെ കരുത്തിൽ വിശ്വാസമുണ്ടായിരുന്ന ക്യാപ്റ്റൻ നെമോ നോട്ടിലസിനെ കൊണ്ടുപോകുന്ന രംഗം ശ്വാസം അടക്കിപ്പിടിച്ചു മാത്രമേ വായിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനിടെ ഒരു കൂറ്റൻ ഹിമാനി നോട്ടിലസിന്റെ മുകളിലേക്കു ഇടിഞ്ഞുവീഴുകയും അന്തർവാഹിനി അവിടെ കുടുങ്ങിപ്പോകുകയും ചെയ്യും. എന്നാൽ മഞ്ഞുകട്ടകൾ കുത്തിപ്പൊട്ടിച്ച് നോട്ടിലസ് മുകളിലേക്ക് ഉയരുമ്പോൾ അത്രയും നേരം ശ്വാസമടക്കിപ്പിടിച്ചിരുന്ന നമുക്കും അപ്പോഴാണ് ആശ്വസിക്കുവാൻ സാധിക്കുക. നെമോ ദക്ഷിണധ്രുവത്തിൽ ചെല്ലുകയും അവിടെ തന്റെ പതാക സ്ഥാപിക്കുകയും ചെയ്യും.

ക്യാപ്റ്റൻ നെമോ നോട്ടിലസുമായി ദക്ഷിണധ്രുവത്തിന്റെ അടിയിലൂടെ പോയ കഥ കാര്യമായി സ്വാധീനിച്ചത് ജൂൾ വേണിന്റെ കഥ പ്രസിദ്ധീകരിച്ച് 18 വർഷങ്ങൾക്കു ശേഷം ജനിച്ച മറ്റൊരു വ്യക്തിയെയാണ്. ജോർജ് ഹുബർട്ട് വിൽക്കിൻസ് (George Hubert Wilkins) എന്നൊരു ഓസ്ട്രേലിയക്കാരൻ ആയിരുന്നു അത്. നോവലിൽ പറയുന്നതുപോലെ വൻകരയായ അന്റാർട്ടിക്കയുടെ അടിയിലൂടെ അന്തർവാഹിനിയിൽ പോകുക അസാധ്യമാണെന്ന് വിൽക്കിൻസിന് അറിയാമായിരുന്നു. ആ യാത്ര തികച്ചും സാങ്കൽപ്പികം മാത്രമാണ്. എന്നാൽ മഞ്ഞുപാളികൾ മാത്രമുള്ള, തുറന്ന സമുദ്രമായ




▲
20,000 ലീഗ്സ് അണ്ടർ ദ സീ എന്ന പുസ്തകത്തിന്റെ പുറംചട്ട.

ആർട്ടിക്കിന്റെ അടിയിലൂടെ ഒരു അന്തർവാഹിനിക്ക് അനായാസം കടന്നുപോകുവാൻ സാധിക്കും. അവസാനം 1931 ൽ അമേരിക്കൻ നാവികസേനയുടെ പക്കൽനിന്നു വാടകയ്ക്കെടുത്ത ഒരു ഡീസൽ-ഇലക്ട്രിക് അന്തർവാഹിനിയിൽ 20 പേരുമായി വിൽക്കിൻസ് ഉത്തരധ്രുവത്തിലേക്ക് തിരിച്ചു. തന്റെ മുങ്ങിക്കപ്പലിന് ജൂൾ വേണിന്റെ കഥയിലെ അതേ പേര് തന്നെയാണ് വിൽക്കിൻസ് കൊടുത്തത്, നോട്ടിലസ്!



▲
ജോർജ് ഹുബർട്ട് വിൽക്കിൻസ്

എന്നാൽ ആ യാത്ര പരാജയമായിരുന്നു. കൂറ്റൻ മഞ്ഞുകട്ടകൾക്കടിയിലൂടെ പോകുവാനുള്ള കരുത്ത് വിൽക്കിൻസിന്റെ നോട്ടിലസിന് ഉണ്ടായിരുന്നില്ല. അതിനാൽ ഉത്തരധ്രുവത്തിൽനിന്ന് ഏതാണ്ട് 300 കിലോമീറ്ററുകൾ അകലെ വെച്ച് യാത്ര അവസാനിപ്പിച്ച് അദ്ദേഹത്തിനു മടങ്ങേണ്ടിവന്നു. എങ്കിലും ആർട്ടിക് സമുദ്രത്തെക്കുറിച്ചുള്ള ഒട്ടനവധി അറിവുകളുമായിട്ടാണ് വിൽക്കിൻസ് മടങ്ങിയത്. എന്തായാലും ആർട്ടിക്കിന്റെ അടിയിലൂടെ അന്തർവാഹിനിയിൽ സഞ്ചരിക്കുക എന്ന സ്വപ്നം മനുഷ്യൻ ഉപേക്ഷിച്ചില്ല. 1958ൽ മറ്റൊരു മുങ്ങിക്കപ്പൽ വിൽക്കിൻസിന്റെ ദൗത്യം പൂർത്തിയാക്കി. വിചിത്രമെന്ന് പറയട്ടെ, ആ അന്തർവാഹിനിയുടെ പേരും നോട്ടിലസ് എന്നു തന്നെയായിരുന്നു!

ലോകത്തിലെ ആദ്യത്തെ ആണവമുങ്ങിക്കപ്പലായിരുന്നു USS നോട്ടിലസ്. മുമ്പ് ഇതേ പേരിലുണ്ടായിരുന്ന മറ്റ് അന്തർവാഹിനികളുടെ പേരിൽനിന്നു തന്നെയാണ് ഈ ആധുനിക ആണവമുങ്ങിക്കപ്പലിനും നോട്ടിലസ് എന്ന പേര് കിട്ടിയത്. ആണവശക്തിയിൽ പ്രവർത്തിച്ചിരുന്നതിനാൽ എത്രനാളുകൾ വേണമെങ്കിലും കടലിൽ മുങ്ങിക്കിടക്കുവാനുള്ള ശേഷി പുതിയ നോട്ടിലസിന് ഉണ്ടായിരുന്നു. അതിനാലാണ് മുമ്പ് വിൽക്കിൻസ് പരാജയപ്പെട്ടിടത്ത് പുതിയ നോട്ടിലസിന് വിജയിക്കാനായത്. കമാണ്ടർ വില്യം റോബർട്ട് ആൻഡേഴ്സന്റെ (William Robert Anderson) നേതൃത്വത്തിൽ USS നോട്ടിലസ് 1958 ആഗസ്റ്റ് മൂന്നാം തീയതി പൂർണ്ണമായും ഉത്തരധ്രുവത്തിന്റെ അടിയിലൂടെ കടന്നുപോയി. അങ്ങിനെ വിൽക്കിൻസ് ഉൾപ്പടെയുള്ള ഒട്ടനവധി ആളുകളുടെ സ്വപ്നം അവസാനം സഫലീകരിക്കപ്പെട്ടു.

എന്നാൽ മുമ്പ് ഉത്തരധ്രുവത്തിന്റെ അടിയിലൂടെ പോകുവാൻ ശ്രമിച്ച് പരാജയപ്പെട്ടെങ്കിലും, പിന്നീട് നടന്ന യാത്രകൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഒട്ടനവധി അറിവുകൾ നേടിത്തന്ന ഹുബർട്ട് വിൽക്കിൻസിനെ ലോകം മറന്നിരുന്നില്ല. 1959 മാർച്ച് 17 ന് മറ്റൊരു ആണവ അന്തർവാഹിനികൂടി ഉത്തരധ്രുവത്തിൽ എത്തിച്ചേർന്നു. സ്കേറ്റ് (USS Skate) എന്ന ആ മുങ്ങിക്കപ്പലിൽ അന്തരിച്ച ഹുബർട്ട് വിൽക്കിൻസിന്റെ ഭൗതികാവശിഷ്ടങ്ങൾക്കൂടി ഉണ്ടായിരുന്നു. മാർച്ച് 27 ന് അവർ അദ്ദേഹത്തിന്റെ ചാരം ഉത്തരധ്രുവത്തിൽ വിതറുകയും ചെയ്തു. വിൽക്കിൻസ് അങ്ങിനെ കടലിന്റെ അടിയിലൂടെതന്നെ ഉത്തരധ്രുവത്തിൽ എത്തിച്ചേരുകതന്നെ ചെയ്തു. അദ്ദേഹത്തിന്റെ അന്ത്യാഭിലാഷമായിരുന്നു അത്.

യു എസ് എസ് നോട്ടിലസ്
എന്ന മുങ്ങിക്കപ്പൽ
▼



കഥ



# സയന്റിസ്റ്റ് വാസൂട്ടൻ

ജിഷ യു സി

വര: ടി ആർ രാജേഷ്

"ഹായ് പുതുമണ്ണിന്റെ മണം!"

വാസൂട്ടൻ പുതുമഴ പെയ്തു തോർന്ന മുറ്റത്ത് ഇറങ്ങിനടന്നുകൊണ്ട് സ്വയം പറഞ്ഞു. ഒരു കരിന്തേൾ അവന്റെ മുമ്പിലൂടെ ഓടി മതിലിൽ ഉള്ള ഒരു മാളത്തിലേക്കു കയറി. അവൻ ഒരു കമ്പെടുത്ത് മാളത്തിൽ കുത്തി നോക്കി. 'എവിടെപ്പോയി ആശാൻ?'

"വാസൂട്ടാ, ഇപ്പൊ നീ മുറ്റത്ത് ഇങ്ങനെ നടക്കണ്ട. പുതുമണ്ണിന്റെ മണം ഇഴജന്തുക്കൾക്ക് നല്ല ഇഷ്ടാ. വല്ല പാമ്പോ മറ്റോ ഉണ്ടാവും."

വാസൂട്ടൻ കരിന്തേളിന്റെ മാളത്തിൽ കമ്പിട്ടുനോക്കുന്നത് കണ്ട് കോലായിൽ ഇരിക്കുന്ന മുത്തശ്ശി അവനെ ശകാരിച്ചു.

"എന്താ ന്റെ കുട്ടീ, നീയീ കണ്ട മടേലും മാളത്തിലുമൊക്കെ കമ്പിട്ട് കുത്തണത്?" മുത്തശ്ശി തുടർന്നു.

ചാറ്റൽ മഴയിൽ നനഞ്ഞ കോഴിക്കൂട്ടം ഇറയത്ത് തണുത്തു വിറങ്ങലിച്ചു നിൽക്കുന്നു. അവന് അവരെ കണ്ട് പാവം തോന്നി.

ഇപ്പോൾ ശരിക്കും മഴ മാറി മാനം തെളിഞ്ഞു.

"ഹായ് മഴവില്ല്! മുത്തശ്ശീ, ഏട്ടാ... മഴവില്ല്."

വാസൂട്ടൻ തുള്ളിച്ചാടി.

"ചേട്ടാ വേഗം വരൂ, മഴവില്ല് കാണാം."

അവൻ ഉറക്കെ വിളിച്ചു. പക്ഷേ ചേട്ടൻ വന്നപ്പോഴേക്കും മഴവില്ല് മാഞ്ഞുപോയി.

"എവിടെ? ഞാൻ കണ്ടില്ലല്ലോ."

ചേട്ടൻ സങ്കടത്തോടെ പറഞ്ഞു.

ചേട്ടന്റെ സങ്കടം കണ്ട് വാസൂട്ടന് വിഷമം തോന്നി. അവൻ ഏറെനേരം ചിന്തിച്ചിരുന്നു. ഒടുവിൽ എന്തോ മനസ്സിൽ ഉറപ്പിച്ച് വീടിനു പിന്നിലെ ചായ്പ്പിൽ കച്ചറ സാധനങ്ങൾ വച്ച തകരപ്പെട്ടിക്കടുത്തെത്തി. ഇന്നാളൊരു ദിവസം അമ്മ ഫ്രെയിം പൊട്ടിയ ഒരു കണ്ണാടി അവിടെ ഇട്ടിരുന്നത് അവൻ തിരഞ്ഞെടുത്തു.

"ചേട്ടാ, വരൂ... മഴവില്ല് കാണണ്ടേ?" അവൻ ചേട്ടനെ വിളിച്ചു.

കണ്ണാടി, ഒരു പാത്രം വെള്ളം. ഇത്രയുമായി അവൻ മുറ്റത്തേക്കിറങ്ങി. വെള്ളം നിറച്ച പാത്രത്തിൽ കണ്ണാടി ചരിച്ച് ഇറക്കിവച്ചു. സൂര്യപ്രകാശം നേരിട്ട് പതിക്കുന്ന വിധത്തിൽ കണ്ണാടി ചരിച്ചതോടെ എതിർവശത്തെ ചുവരിൽ അതാ മഴവില്ല് തെളിയുന്നു.

"എടാ മിടുക്കാ, നീ ശരിക്കും സയന്റിസ്റ്റ് തന്നെ." ഏട്ടൻ അനിയനെ ചേർത്തുപിടിച്ചു.

# ഖജുരാഹോ ക്ഷേത്രങ്ങൾ

കെ രമ

യുനെസ്കോയുടെ ലോകപൈതൃക സ്ഥാനപദവിയുള്ള ഇന്ത്യൻ ക്ഷേത്രസമുച്ചയമാണ് ഖജുരാഹോ ക്ഷേത്രസമുച്ചയങ്ങൾ. സി ഇ 950നും 1050നും ഇടയിൽ ചന്ദേല രാജവംശ രാജാക്കന്മാരാണ് ഈ ക്ഷേത്രങ്ങളെല്ലാം പണികഴിപ്പിച്ചത്. 85 ക്ഷേത്രങ്ങൾ ആകെയുണ്ടായിരുന്നു എന്ന് ചരിത്രരേഖകളുണ്ട്. എന്നിരുന്നാലും ഇപ്പോൾ ആറ് ചതുരശ്രകിലോമീറ്റർ വിസ്തൃതിയിൽ വിവിധയിടങ്ങളിലായി കിടക്കുന്ന ഇരുപതു ക്ഷേത്രങ്ങളാണുള്ളത്.

ഖജുരാഹോവിലേക്ക് തീവണ്ടിയിൽ പോണോ കാറിൽ പോണോ? അതായിരുന്നു ചർച്ച. തീവണ്ടിയിലാണെങ്കിൽ ഭോപ്പാലിൽനിന്ന് ആറേകാൽ മണിക്കൂർ മതി. കാറിലാണെങ്കിൽ ഒൻപതു മണിക്കൂർ. തീവണ്ടി മതിയെന്ന് ഞാൻ ശഠിച്ചു. രാവിലെ തീവണ്ടി കയറി പോകുന്ന വഴിക്ക് ഇരുവശത്തും പരന്ന പാടങ്ങൾ കണ്ട് സമയം പോയത് അറിഞ്ഞില്ല. കൂട്ടിന് നുണയാൻ ഗുലാബ് ജാമുനും ഉണ്ടായിരുന്നു.



▶ ദുലാദേവ ക്ഷേത്രം. രഥത്തിന്റെ ആകൃതിയിൽ കിഴക്കുദിക്കിന് അഭിമുഖമായിട്ടാണ് ക്ഷേത്രനിർമ്മിതി. ഖോഡാർ നദിക്കു സമീപമാണ് ഈ ക്ഷേത്രം.

Photo: Marcin Bialek / Wikimedia commons

റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി കാറിൽ കയറുമ്പോൾ അനു പറഞ്ഞു:

"മധ്യപ്രദേശിലെ ഛത്തർപൂർ ജില്ലയിലാണ് ഖജുരാഹോ നഗരം. ഈ നഗരത്തിൽ പന്ത്രണ്ടാം നൂറ്റാണ്ടിൽ 85 ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നു. ഇപ്പോൾ കാലത്തെ അതിജീവിച്ച് 20 എണ്ണം തലയുയർത്തി നിൽക്കുന്നു. ഇന്ത്യൻ ഹെറിറ്റേജിന്റെ യഥാർഥ രത്നം ആണ് ഖജുരാഹോ ഗ്രൂപ്പ് ഓഫ് ക്ഷേത്രങ്ങൾ."

"അനൂ, ഇതൊക്കെ എനിക്കറിയാഡോ. ബാക്കി ഞാൻ പറയട്ടെ. സി. ഇ. പത്താം നൂറ്റാണ്ടിനും പതിനൊന്നാം നൂറ്റാണ്ടിനും ഇടയിൽ ചന്ദേലാ രാജവംശത്തിന്റെ കാലത്താണ് ഖജുരാഹോവിലെ ക്ഷേത്രങ്ങൾ നിർമ്മിച്ചത്."

ദൂരെ നിന്നുതന്നെ വലിയ മണ്ണുപുറ്റുകൾ ഉയർന്നുനിൽക്കുന്നപോലെ തോന്നി. മനോഹരമായ ഭൂപ്രകൃതിയിൽ, ആറ് ചതുരശ്രകിലോമീറ്റർ ചുറ്റളവിൽ പരന്നുകിടക്കുന്ന മണൽക്കല്ലിൽ നിർമ്മിച്ച ക്ഷേത്രസമുച്ചയങ്ങൾ! പച്ച പുൽത്തകിടികൾക്കിടയിലൂടെ ഓരോ ക്ഷേത്രത്തിലേക്കും നടപ്പാതകളുണ്ട്. നാഗര ശൈലിയിൽ പണിത ഓരോ ക്ഷേത്രവും ചുറ്റുപാടിൽനിന്ന് ഉയർന്നുനിൽക്കുന്നു. നാലു സമുച്ചയങ്ങൾ ആയിട്ടാണ് ക്ഷേത്രങ്ങൾ പരന്നുകിടക്കുന്നത്.

നടപ്പാതയിലൂടെ നടക്കവേ ഒരു ചോദ്യമുയർന്നു,

"അനൂ, ഈ ക്ഷേത്രങ്ങൾ ഒരു കാട്ടിനുള്ളിലാണ് എന്നറിയാമോ?"

"ബുന്ദേൽഖണ്ഡ്?"

"അതേ. കുറെക്കാലം ആരും കടന്നുവരാതെ ഇവിടെ വള്ളികളും മരങ്ങളും വന്ന് മൂടിയിരിക്കുകയായിരുന്നു. ബി.എസ് ബർട്ട് ആണ് 1838ൽ ആർക്കിയോളജി ഡിപ്പാർട്ട്മെന്റിന് ഈ ക്ഷേത്രങ്ങളെക്കുറിച്ചു വിവരം നൽകിയത്."

"അമ്പട വീരാ, നീ നന്നായി റിസർച്ച് ചെയ്തല്ലോ!"

ഞങ്ങളാദ്യം പോയത് പുരാവസ്തുമ്യൂസിയത്തിന് അടുത്തുള്ള പടിഞ്ഞാറൻ ക്ഷേത്രസമുച്ചയത്തിലേക്കാണ്. ഇതിൽ ലക്ഷ്മണൻ, കന്ദാരിയാ, മഹാദേവ, ചിത്രഗുപ്ത തുടങ്ങി പിന്നെയും ക്ഷേത്രങ്ങളുണ്ട്. എല്ലാ ക്ഷേത്രങ്ങളിലെയും ശില്പങ്ങൾ എത്ര കൃത്യതയോടെയാണ് കൊത്തിവച്ചിരിക്കുന്നത്. ഏതാണ്ട് 870 ശില്പങ്ങളുണ്ട് എന്നാണ് ഗൈഡ് പറഞ്ഞത്. കന്ദാരിയാ മഹാക്ഷേത്രത്തിൽ നാലു കൈയുള്ള ശിവനാണ്. നിരനിരയായ കുന്നുകൾപോലെ ഉയർന്നുനിൽക്കുന്ന ഗോപുരങ്ങൾ! ഈ ഗോപുരങ്ങൾക്ക് 117 അടി ഉയരമുണ്ടത്രേ. ഉയർന്ന പ്ലാറ്റ്ഫോമിൽ കിഴക്കോട്ട് തിരിഞ്ഞാണ് പ്രതിഷ്ഠ. കുത്തനെയുള്ള പടികൾ കയറി ഞങ്ങൾ ഒരു ചത്വരത്തിൽ എത്തി.



അവിടെനിന്നും നീണ്ട ഹോളിലൂടെ നടന്ന് മാർബിളിൽ തീർത്ത ശിവലിംഗം ഉള്ള ഗർഭഗൃഹത്തിൽ എത്തി.

ജഗദംബീക്ഷേത്രം, ചിത്രഗുപ്തക്ഷേത്രം എന്നിങ്ങനെയുള്ള ക്ഷേത്രങ്ങളിലെ കൊത്തുപണികളിലും ആകൃഷ്ടരായി ഞങ്ങൾ നിന്നുപോയി. കിഴക്കൻ ക്ഷേത്രസമുച്ചയത്തിൽ വാമനക്ഷേത്രം, ജവാരി ക്ഷേത്രം, പാർശ്വനാഥക്ഷേത്രം എന്നിവയാണുള്ളത്. കറുപ്പുരാശി കലർന്ന കല്ലുകളിൽ പണിത ജവാരി ക്ഷേത്രവും പാർശ്വനാഥ ക്ഷേത്രവും ജൈനമതക്ഷേത്രങ്ങളാണ്. മനുഷ്യന്റെ കലാപരമായ വികാസം വിളിച്ചോതുന്നവയാണ് ഈ ക്ഷേത്രങ്ങൾ. ആധുനിക ഉപകരണങ്ങൾ ഇല്ലാതിരുന്ന കാലഘട്ടത്തിൽ കല്ലിൽ കൊത്തി ഇത്ര മനോഹരമായി ശില്പങ്ങൾ നിർമ്മിച്ചവരെ, മനുഷ്യരുടെ കരവിരുതിനെ, അധ്വാനത്തെ അദ്ഭുതത്തോടെയാണ് ഞാൻ നോക്കിക്കണ്ടത്. ക്ഷേത്രസമുച്ചയത്തെ 1986 ൽ ലോക ഹെറിറ്റേജ് പട്ടികയിൽ ഉൾപ്പെടുത്തി. അതിമനോഹരവും ഉന്നതവുമായ കലാസൃഷ്ടി എന്നതാണ് ഈ ക്ഷേത്രങ്ങളുടെ സവിശേഷതയായി യുനെസ്കോ കണ്ടെത്തിയത്.

കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക് എന്നീ നാലു സമുച്ചയങ്ങളെ വേലിതിരിച്ചു സംരക്ഷിക്കുന്നു. തെക്കൻ ക്ഷേത്രസമുച്ചയത്തിലെ ദുലാഡിയോ ക്ഷേത്രത്തിലെ സ്ത്രീരൂപങ്ങളിലെ ആഭരണങ്ങൾ കൊത്തിവച്ചിരിക്കുന്നത് കണ്ട് അനു അതിനെ ക്യാമറയിലാക്കി. ദീംഭട്കയിലെ ആദിമമനുഷ്യന്റെ കോറിവരയിൽനിന്ന് മനുഷ്യൻ കലാപരമായി വളർന്ന് മനോഹരമായ ശില്പങ്ങൾ നിർമ്മിച്ചിരിക്കുന്നു - ശരിക്കും ഒരു അദ്ഭുതം തന്നെ.



ലക്ഷ്മണ ക്ഷേത്രം. ഖജുരാഹോയിലെ ഒരു പ്രധാന ക്ഷേത്രമാണിത്.

Photo: Dennis Jarvis / Wikimedia commons

കവിത

# കാട് വിളിക്കുന്നു

## സുരേന്ദ്രൻ കാടങ്കോട്



വര: ജാസില ലുലു

കാട്ടിൽനിന്നും വന്നൊരു പറവ
കൂട്ടിലായി കിടക്കുന്നു പാവം
കുട്ടി വന്നു തുറക്കുന്നു കൂട്
കാട്ടിലേക്ക് പറക്കൂ പൈങ്കിളിയേ.

മതിൽ തട്ടി ചെറുതായി കാഴ്ച
മനം തൊട്ടിടാ ചെടിക്കൂട്ടം
മണ്ണിൽ മുളയ്ക്കാതെ നില്പാ
മണമുള്ള പൂക്കളൊട്ടില്ല

മധുവില്ല മധുപനുമില്ല
മനമൂറും കുയിൽപ്പാട്ടുമില്ല
മഴകൊള്ളാ മുറ്റം മടുക്കും
മടങ്ങൂ ആ മാനം വിളിപ്പൂ.



നീ വന്നൊരാ കാടിൻവിളികൾ
നിശ്ചയം നിൻ കാതിൽ തൊടുന്നു
നീളേ നിരന്നെത്ര ചില്ല
നിനക്കായ് പച്ചയണിഞ്ഞു

ചിത്രവർണ്ണപ്പട്ടുടുത്ത് പറക്കും
ചങ്ങാതിക്കൂട്ടം കാത്തുനില്പതുണ്ടേ
ചിക്കെന്നു കുളിരാനൊരുകാറ്റ്
ചിന്നിവരും മഴയൊന്ന് മുത്തും.

പൂമ്പൊടിയൊരുക്കും സുഗന്ധം
പകിട്ടാർന്ന തൂവലിൽ പൂശാൻ
പഴങ്ങൾ രസങ്ങൾ നിറയ്ക്കും
പവിഴംപോലുള്ള നിൻ ചുണ്ടിൽ

പാട്ടെത്ര പാടിയുണർത്തും
പൂങ്കുയിൽ തേടുന്നു നിന്നെ.
ഉത്സവപ്പന്തൽ ഒരുക്കി
ഉല്ലാസപ്പൂത്തിരി കൊളുത്തി
ഉത്തമൻമാരായ് മൃഗങ്ങൾ
ഉറക്കെ വിളിക്കുന്നു കേൾക്ക.

ആകയാൽ പോക പൈങ്കിളിയേ
അക്കാണും പൂത്തൊരു കാട്ടിൽ
അതിനും മുകളിലെ വാനിൽ
അത്രയ്ക്കുയരത്തിൽ പറക്കൂ!



കവിത

# കുരുവികൾ, കുയിലുകൾ

## സി ആർ ദാസ്

കളകളമൊഴുകും പുഴയുടെ തീരത്ത്
അരയാലു തലപൊക്കി നിന്നു.
അരയാലിൻ കൊമ്പത്ത് കലപില പാടുന്ന
കിളികളവർ കൂടുകൾ കൂട്ടി.
മധുരമാം പാട്ടിന്റെയീണത്തിൽ കൂകുന്ന
കുരുവികൾ കൂട്ടിൽ വസിപ്പൂ.
അരയാലിൻ കൊമ്പത്തെ കൂട്ടിലിരുന്നവർ
കുയിലമ്മ പാട്ടുകൾ പാടി.
കുരുവികൾ മുട്ടകളിട്ടു.

അരയാലിൻ കൊമ്പ് ഇളകിയാടുമ്പോഴും
അടയിരുന്നോർ നാളു നീക്കി.
കളകളം പുഴയുടെ പാട്ടു കേട്ടുണരവേ.
തലനീട്ടി കുരുവിതൻ മക്കൾ
അവർ പാടിയദ്ഭുതമാകാശസീമയിൽ
അറിവിന്റെ നിറകുടമിരിപ്പൂ.
കുയിലുകൾ സ്നേഹത്താൽ കൂടിയെൻ മക്കളേ
ഉണരണമുയരണം, വാനിൽ!
കളകളമൊഴുകും പുഴയുടെ തീരത്ത്
അരയാലു തലപൊക്കി നിന്നൂ.
അരയാലിൻ കൊമ്പിൽ കുരുവികൾ, കുയിലുകൾ
നാദപ്രപഞ്ചങ്ങൾ തീർത്തൂ.



വര: ബോബി എം പ്രഭ

# മഴയോർമ്മ

## വിജയാ വാസുദേവൻ

എട്ടു മണിയായിട്ടും തോരാതെ നിൽക്കുന്ന മഴ കണ്ട് അമ്മ പറഞ്ഞു:

"ഇന്നലെ രാത്രി തുടങ്ങിയ മഴയാ. എന്റെ കുട്ടി ഇന്ന് സ്കൂളിൽ പോകേണ്ട."

തിരിഞ്ഞുനിന്ന് അച്ഛന്റെ മുഖഭാവം ഉൾക്കൊണ്ട് അമ്മ ചോദിച്ചു:

"ഇന്ന് വിടാതിരുന്നാലോ കുട്ടികളെ."

കാർമേഘംപോലെ എന്റെ മനസ്സു കറുത്തു.

മഴയിൽ നനഞ്ഞു കുളിച്ച്, കൊതി തീരുന്നതുവരെ വെള്ളത്തിൽ ആറാടി ഒരു നടത്തം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു ഞാൻ.

റോഡിൽനിന്ന് ഉമ്മറത്തെ പറമ്പിനോടു ചേർന്നുപോകുന്ന തോട്ടിലൂടെ ഒഴുകുന്ന വെള്ളം പറമ്പിലേക്ക് കവിഞ്ഞൊഴുകുന്നത് നോക്കിയിരുന്ന എന്നെ സ്കൂളിൽ പോകാനായി കൂട്ടുകാരി വന്നു വിളിച്ചു.

ഒരുവിധം സമ്മതം വാങ്ങി മഴയിലേക്ക് ഇറങ്ങിയപ്പോൾ എന്റെ മനസ്സിലും മഴ തിമിർത്തു പെയ്യുകയായിരുന്നു.

കൂടെ നടക്കുന്ന സിന്ധു മഴയെ ശപിക്കുമ്പോൾ ഞാൻ അവളെ ശകാരിച്ചു, അപ്പോൾ അവള് പറഞ്ഞു:

"നശിച്ച മഴയാ ഇത്. എന്തൊക്കെ ആപത്താണ് ഈ മഴ വരുത്തുന്നത് എന്ന് ആർക്കറിയാം."

എനിക്കപ്പോൾ അവളോട് ദേഷ്യം തോന്നി.

രാത്രിയിലും പകലിലും പെയ്യുന്ന മഴ മനസ്സിൽ വളരെ സന്തോഷം നൽകുമായിരുന്നു. രാത്രി ജനലിൽ വന്നു മഴ മുട്ടി വിളിക്കുന്നതായി തോന്നും.



വര: സചീന്ദ്രൻ കാറഡ്ക്ക

ഇതൊന്നും പറഞ്ഞാൽ എന്റെ കൂട്ടുകാരിക്ക് മനസ്സിലാകില്ല. അവൾ മഴയെ പ്രാകിക്കൊണ്ട് നടന്നു.

ചാഞ്ഞുചെരിഞ്ഞ് വയൽ വരമ്പിലൂടെ വീശിയ കാറ്റിലും ചീറിത്തകർത്തു പെയ്ത മഴയിലും പല രഹസ്യങ്ങളും പെയ്തിറങ്ങുന്നതായി എനിക്കു തോന്നുമായിരുന്നു.

ഞങ്ങൾ നടന്ന് സ്കൂളിൽ എത്തി.

പതിവുപോലെ ബെല്ലടിച്ചു.

കടലോരത്തുള്ള എന്റെ സ്കൂളിൽ അന്ന് കുട്ടികൾ പൊതുവേ കുറവായിരുന്നു. കടൽക്കാറ്റിന്റെ കുളിരും കടൽവെള്ളത്തിന്റെ ഉപ്പും മാത്രമറിയാവുന്ന നിഷ്കളങ്ക ബാല്യങ്ങൾ എന്റെ ക്ലാസിൽ ഉണ്ടായിരുന്നു.

അവർക്കിടയിൽ അക്ഷരങ്ങൾകൊണ്ട് എഴുതിത്തീർക്കാൻ പുതിയ കവിതകൾ മെനയുക എന്റെ ശീലമായിരുന്നു.

അപ്പോഴാണ് 'പൂയ്,' എന്ന വിളി കേട്ടത്.

വാതിൽപ്പടിയിൽ ഒരു ലുങ്കി ചുറ്റി റഫീഖ് വന്നു നിൽക്കുകയാണ്.

അവൻ വീണ്ടും പറഞ്ഞു:

"പൂയ്, ക്ലാസിൽ കയറിക്കോട്ടെ ടീച്ചറെ?"

ടീച്ചർ പറഞ്ഞു:

ഇനിമുതൽ 'പൂയ്...' എന്ന വിളി നിർത്തിയില്ലെങ്കിൽ നിന്നെ ക്ലാസിൽ കയറ്റില്ല.

റഫീക്കിന്റെ ചുണ്ടിൽ അപ്പോൾ വിരിയാൻ മടിച്ചൊരു ചിരി ഉണ്ടായിരുന്നു.

അവൻ വീണ്ടും പറഞ്ഞു:

"കടലിൽ കുളിച്ചിട്ട് കുറച്ചു ദിവസമായി ടീച്ചറെ. കടൽ ഇളകി. ഇനി കുറച്ചു ദിവസം ഉപ്പയ്ക്ക് കടലിൽ മീൻ പിടിക്കാൻ പോകാൻ പറ്റില്ല."

ടീച്ചറുമായി അവൻ വിശേഷങ്ങൾ പങ്കിട്ടു. അപ്പോഴും ടീച്ചർ പറഞ്ഞു:

"ഇനിമുതൽ നീ പൂയ് എന്ന് വിളിച്ചാൽ ക്ലാസ്സിൽ ഞാൻ കയറ്റില്ല."

അവനപ്പോൾ ചിരിച്ചുകൊണ്ട് ബെഞ്ചിൽ പോയി ഇരുന്നു.

നാലാം ക്ലാസിലെ കുട്ടികളായ ഞങ്ങളൊക്കെ അവനെ നോക്കി ചിരിച്ചു.

അവനാണ് എല്ലാ ദിവസവും നേരം വൈകിവരുന്നത്. അവന് പറയാൻ ഏറെയുള്ളത് കടലിനെക്കുറിച്ചാണ്.

അവൻ മാത്രമായിരുന്നു ലുങ്കിചുറ്റി ക്ലാസിൽ വരുന്നത്.

മഴയും ഇടിയും കനത്തു. മഴയുടെ ശബ്ദവും കുട്ടികളുടെ ശബ്ദവും കൂടിക്കൂടി വന്നപ്പോൾ ടീച്ചർ പുസ്തകമെല്ലാം അടച്ചുവയ്ക്കാൻ പറഞ്ഞു. ജനലിലൂടെ മഴ ആർത്തുപെയ്യുന്നത് ഞങ്ങൾ നോക്കിയിരുന്നു.

ഉച്ചക്കഞ്ഞിയുടെ സമയമായപ്പോൾ ഞങ്ങൾ പാത്രവും എടുത്ത് പുറത്തേക്കിറങ്ങി.

അപ്പോൾ വീണ്ടും റഫീക്ക് 'പൂയ് എന്ന് വിളിക്കാൻ തുടങ്ങി. ടീച്ചർ വടിയുമായി അവനെ ശകാരിക്കാനായി വരാന്തയിലേക്ക് ഇറങ്ങിച്ചെന്നു.

അവനപ്പോൾ വരാന്തയിൽ തൂക്കുപാത്രവുമായി നിൽക്കുന്ന അവന്റെ ഉപ്പൂപ്പയെ 'പൂയ് കഞ്ഞി വെന്തു. വെക്കം വാ...' എന്നു പറഞ്ഞ് വിളിക്കുന്നുണ്ടായിരുന്നു.

ഉപ്പൂപ്പാ വടിയും കുത്തി തൂക്കുപാത്രവുമായി വരാന്തയിലേക്ക് വന്നു കയറിനിന്നു.

റഫീഖ് ഓടിപ്പോയി ആ തൂക്കുപാത്രത്തിൽ കഞ്ഞിയും പയറും വാങ്ങിച്ചു.

അവൻ കൈപിടിച്ച് ഉപ്പൂപ്പയെ നടത്തി. വരാന്തയിലൂടെ അവർ രണ്ടുപേരും നടന്ന് നിലത്ത് ഒരു മൂലയിൽ ഇരുന്നു.

പാത്രത്തിൽനിന്ന് അവർ രണ്ടുപേരും കൂടി കഞ്ഞി പങ്കിട്ടുകഴിച്ചു.

ടീച്ചർ വടി താഴെയിട്ട് അടുത്തേക്കു ചെന്നു.

"ഉപ്പ കടലിൽ മീൻ പിടിക്കാൻ പോവാത്ത കാരണം വൈകുന്നേരം മാത്രമേ വീട്ടിൽ കഞ്ഞി വെയ്ക്കൂ. ഞാൻ ഉപ്പൂപ്പയ്ക്ക് കഞ്ഞി തരാമെന്ന് രാവിലെ വരുമ്പോൾ പറഞ്ഞിരുന്നു. അതാണ് ഞാനെന്റെ ഉപ്പൂപ്പയെ വിളിച്ചത്.

'പൂയ്...' എന്നു വിളിച്ചാൽ എന്റെ ഉപ്പൂപ്പ വേഗം വരും."

ടീച്ചർ ചിരിച്ചുകൊണ്ട് ആ പാത്രത്തിലേക്ക് വീണ്ടും കഞ്ഞിപകർന്നു. അവർ രണ്ടുപേരും ഒരേ പാത്രത്തിൽ നിന്ന് ചിരിച്ചുകൊണ്ട് കഞ്ഞി വാരി കഴിക്കാൻ തുടങ്ങി. മഴ നനയാതെ ആ സ്കൂൾ വരാന്തയിൽ ഇരുന്ന് അവർ വാരിക്കഴിച്ച ഉച്ചക്കഞ്ഞിയുടെ വിശപ്പ് പിന്നീട് ഒരു മഴക്കാലത്തും ഞാൻ അറിഞ്ഞിട്ടില്ല.

പൂയ് എന്ന വിളിയിൽ പിന്നീട് ആ ടീച്ചർ ഒരിക്കലും പരിഭവിച്ചിട്ടുമില്ല.

**അവനപ്പോൾ വരാന്തയിൽ തൂക്കുപാത്രവുമായി നിൽക്കുന്ന അവന്റെ ഉപ്പൂപ്പയെ 'പൂയ് കഞ്ഞി വെന്തു. വെക്കം വാ...' എന്നു പറഞ്ഞ് വിളിക്കുന്നുണ്ടായിരുന്നു. ഉപ്പൂപ്പാ വടിയും കുത്തി തൂക്കുപാത്രവുമായി വരാന്തയിലേക്ക് വന്നു കയറിനിന്നു. റഫീഖ് ഓടിപ്പോയി ആ തൂക്കുപാത്രത്തിൽ കഞ്ഞിയും പയറും വാങ്ങിച്ചു.**

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

## ഉണ്ണിക്കുട്ടനു പറ്റിയ തെറ്റ്

**അലങ്കൃത**
ക്ലാസ് 3
ജി എൽ പി എസ്
കൊടകര
തൃശ്ശൂർ

പണ്ടുപണ്ട് ഒരമ്മക്കിളി ഒരു മരത്തിൽ കൂടുകൂട്ടി ഒരു മുട്ടയിട്ടു. മഹാവികൃതിയായ ഉണ്ണിക്കുട്ടന്റെ വീട്ടുമുറ്റത്തായിരുന്നു ആ മരം. ഒരു ദിവസം ഉണ്ണിക്കുട്ടൻ ഒരു വടിയെടുത്ത് കൂടൊന്ന് ആട്ടിനോക്കി. പക്ഷേ കൂട് താഴെ വീണില്ല. അപ്പോൾ ഉണ്ണിക്കുട്ടൻ കഷ്ടപ്പെട്ട് മരത്തിൽ വലിഞ്ഞുകയറി മുട്ടയെടുത്തു. ഒരു മരക്കൊമ്പിൽ വന്നിരുന്ന് മുട്ടയെ നല്ലവണ്ണം നോക്കി. അമ്മക്കിളി ആ സമയം കൂട്ടിൽ ഉണ്ടായിരുന്നില്ല.

ഉണ്ണിക്കുട്ടൻ മുട്ടയെടുത്ത് താഴെയിറങ്ങാൻ കാലുവെച്ചതും അമ്മക്കിളി പറന്നെത്തി. ദേഷ്യം വന്ന അമ്മക്കിളി ഉണ്ണിക്കുട്ടനെ കൊത്താൻ തുടങ്ങി. അതോടെ കാൽ വഴുതി ഉണ്ണിക്കുട്ടൻ മരത്തിൽനിന്ന് താഴെവീണ്, കൈ ഉളുക്കി ആശുപത്രിയിലായി. ദേഷ്യം വന്ന ഉണ്ണിക്കുട്ടൻ പറഞ്ഞു,

"വിടില്ല നിന്നെ ഞാൻ!"

ഒരുമാസം കഴിഞ്ഞു. ഉണ്ണിക്കുട്ടന്റെ അമ്മ എറിഞ്ഞുനൽകുന്ന ഗോതമ്പുമണികൾ കൊത്തിപ്പെറുക്കി തിന്നാൻ അമ്മക്കിളി പതിവായി ഉണ്ണിക്കുട്ടന്റെ വീട്ടിൽ വരും. അങ്ങനെ ഒരു ദിവസം ഉണ്ണിക്കുട്ടൻ ഒരു



വര: സചീന്ദ്രൻ കാറഡ്ക്ക

കെണിവെച്ചു. ആ കെണിയെക്കുറിച്ച് അറിയാമായിരുന്ന അമ്മക്കിളി പക്ഷേ ഒന്നും അറിയാത്തപോലെ നിന്ന് ഗോതമ്പുമണികൾ കൊത്തിപ്പെറുക്കി തിന്നുകൊണ്ടിരുന്നു. മരത്തിൽ ഒളിച്ചിരുന്ന് ഉണ്ണിക്കുട്ടൻ വലയിട്ടതും പക്ഷി ഒറ്റ പറക്കൽ.

ഇതു കണ്ട് മരത്തിൽനിന്ന് ചാടിയിറങ്ങിയ ഉണ്ണിക്കുട്ടൻ കെണിയിലും പെട്ടു. പാവം ഉണ്ണിക്കുട്ടൻ, അവന്റെ കാലാകെ മുറിഞ്ഞു.

അപ്പോഴാണ് അവന് തന്റെ തെറ്റ് മനസ്സിലായത്.

# വര



**മിഥുൻ ബിജുലാൽ**
ക്ലാസ് 8
ഇന്ത്യൻ സ്കൂൾ ഡാർസൈറ്റ്, ഒമാൻ



**ദിൽഷ ലാൽ**
ക്ലാസ് 8
ദേവസ്വം ബോർഡ് ഹയർ സെക്കന്ററി സ്കൂൾ, പരുമല, പത്തനംതിട്ട

**റോസ് മരിയ കെ എസ്**
ക്ലാസ് 8
അനിത പബ്ലിക് സ്കൂൾ, കാലടി, എറണാകുളം





**അൻതര മഹേഷ്**
ക്ലാസ് 6
നരിക്കുന്ന് യു പി സ്കൂൾ എടച്ചേരി
വടകര കോഴിക്കോട്

# തോൽവി

**നെവിൻ പോൾ**
ക്ലാസ് 10
ബിലീവേഴ്സ് ചർച്ച്
റസിഡൻഷ്യൽ സ്കൂൾ,
തിരുവല്ല, പത്തനംതിട്ട



വര: സചീന്ദ്രൻ കാറഡ്ക്ക

ഇന്ന് ക്ലാസ്മുറിയിൽ അത്ര ആനന്ദകരമായ അന്തരീക്ഷമല്ലായിരുന്നു. വളരെ കലുഷിതവും ദുഷ്കരവുമായ ഒരു സാഹചര്യത്തെ അഭിമുഖികരിക്കാൻ അവർ ഓരോരുത്തരും മനസ്സില്ലാമനസ്സോടെ ഒരുങ്ങുകയായിരുന്നു. പെട്ടെന്നാണ് എല്ലാവരുടെയും ഹൃദയമിടിപ്പ് ഇരട്ടിവേഗത്തിലാക്കി ഫസ്റ്റ് ബെല്ലടിക്കുന്നത്. ആദ്യം ബോബി സാറിന്റെ ക്ലാസ് ആണെന്ന് ഞങ്ങൾക്കെല്ലാം അറിയാമായിരുന്നു. ഒരു നീണ്ട ജുബ്ബയും വെള്ളമുണ്ടും പിന്നെയൊരു പഴഞ്ചൻ കണ്ണാടിയും അദ്ദേഹത്തിന്റെ സ്ഥിരം വേഷവിധാനങ്ങളാണ്. പക്ഷേ, ഇത്തവണ ഇവയ്ക്കെല്ലാം കൂട്ടിനു കൈയിൽ വാർഷികപ്പരീക്ഷയുടെ ഉത്തരക്കടലാസുമുണ്ട്.

ക്ലാസിൽ ഒരു പുതിയ വിദ്യാർത്ഥി ഉണ്ടായിരുന്നു. പേര് കുട്ടൻ. അവന്റെ സുഹൃത്തുക്കൾ ബോബി സാറിന്റെ സ്വഭാവസവിശേഷതകൾ അവനെ ബോധിപ്പിച്ചതു കൊണ്ടാകാം അവന്റെ ഹൃദയമിടിപ്പ് ക്ലാസിൽ ഞങ്ങളെല്ലാവരെക്കാളും ഉച്ചത്തിൽ മുഴങ്ങി. എന്ന് മാത്രമല്ല, സാറിന്റെ ചെറിയ നിഴലനക്കം കണ്ടപ്പോൾത്തന്നെ അയാൾ ചാടി എഴുന്നേൽക്കുകയും ചെയ്തു. ബോബി സർ ക്ലാസിലെത്തിയതോടെ മറ്റുള്ളവരും ചാടിയെഴുന്നേറ്റു. ചില പക്ഷികളുടെയോ മറ്റോ ശബ്ദമല്ലാതെ ഒരു ചെറിയ അനക്കം പോലും ആ പ്രദേശത്തെങ്ങും ഉണ്ടായിരുന്നില്ല എന്ന് ഞാൻ അപ്പോഴാണു ശ്രദ്ധിച്ചത്.

“എല്ലാവരും ഇരിക്ക്.”

അധികം ഉച്ചത്തിലല്ലാത്ത ഒരു ശബ്ദം കേട്ടു.

അദ്ദേഹം ആദ്യം പേരു വിളിക്കും, പിന്നീട് അടുത്തേക്കു വരാൻ പറയും.

എന്നിട്ട് കൈ നീട്ടുമ്പോൾ ഒന്നുകിൽ ഒരു നീണ്ട വടി കൈയിൽ പതിക്കും. അല്ലെങ്കിൽ ഉത്തരക്കടലാസ് കൈയിൽ വെച്ചുതരും. അതാണ് അദ്ദേഹത്തിന്റെ രീതി.

“മനോജ്, രവി, ശോഭ...”

ക്ലാസിൽ പലരുടെയും മുഖത്ത് ചിരിയും കരച്ചിലും മാറിമാറി പുറത്തുവന്നു.

“നിന്റെ അപ്പനെ ഇന്ന് ഞാൻ വിളിക്കുമെടാ...” സാർ ജോർജിനോട് പറഞ്ഞു.

തുടർന്ന് എന്റെ പേരും വിളിച്ചു. മോശമല്ലാത്ത ഒരു മാർക്ക് വാങ്ങിയതുകൊണ്ട് ശിക്ഷാനടപടികൾക്ക് വിധേയനാവേണ്ടിവന്നില്ല.

അടുത്തത് കുട്ടനായിരുന്നു. അവന്റെ പേര് വിളിച്ചിട്ട് സാർ പറഞ്ഞു:

“ഈ പേപ്പർ അവസാനം തരാം”.

എല്ലാവരും ആരാധനയോടെ കുട്ടനെ നോക്കി. സാധാരണയായി ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ആൾക്കാണ് അവസാനം പേപ്പർ ലഭിക്കുക. കുട്ടൻ ക്ലാസിൽ അഭിമാനത്തോടെ നിന്നു. പിന്നീട് തന്റെ ഇരിപ്പിടത്തിൽ പോയിരുന്നു. അല്പസമയം കടന്നുപോയി.

“വിസ്മയ - 48 മാർക്ക്.”

അങ്ങനെ അവസാനത്തെ കുട്ടിക്കും ഉത്തരക്കടലാസ്

കിട്ടി. ഇനിയും കുട്ടന്റെ ഊഴമാണ്. അവൻ ഇരിപ്പിടത്തിൽനിന്ന് ചാടിയെഴുന്നേറ്റ് വിളിക്കുന്നതിനു മുമ്പുതന്നെ ബോബി സാറിന്റെ അടുക്കൽ പോയി നിന്നു.

തന്നെക്കൊണ്ട് ആവുംവിധം തല ചരിച്ചു തന്റെ ഉത്തരപ്പേപ്പറിൽ നോക്കി ഞെട്ടിയതും തുടയിൽ അടി വീണതും ഒരുമിച്ചായിരുന്നു.

"0/50!"

എല്ലാവരെക്കാളും രണ്ടടി അന്ന് കുട്ടന് കൂടുതൽ ലഭിച്ചു. ആർക്കും വിശ്വാസയോഗ്യമല്ലായിരുന്നു കുട്ടന്റെ മാർക്ക്, കാരണം ബുദ്ധിരാക്ഷസനെപ്പോലെയായിരുന്നു അവന്റെ പെരുമാറ്റം. മാനനഷ്ടം സഹിക്കവയ്യാതെ അവൻ തന്റെ ഇരിപ്പിടത്തിൽ പോയിരുന്നു.

കുട്ടനും കൂടി ഉത്തരക്കടലാസ് ലഭിച്ചു കഴിഞ്ഞപ്പോൾ ബെല്ലടിച്ചു. ബോബി സാർ ക്ലാസിൽനിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു. കുട്ടൻ വളരെ സങ്കടത്തിലായിരുന്നു. അന്നത്തെ ദിവസം അവൻ ലജ്ജ കൊണ്ട് സഹപാഠികളോടുപോലും മിണ്ടിയില്ല. വളരെ പതുക്കെയാണെങ്കിലും അന്നത്തെ ദിവസം കടന്നുപോയി. ലാസ്റ്റ് ബെല്ലടിച്ചു. എല്ലാവരും ഇറങ്ങിപ്പോവുകയും ചെയ്തു.

എന്നാൽ കുട്ടൻ മാത്രം ക്ലാസിൽ നിന്ന് ഇറങ്ങിപ്പോകാൻ ഒരു ഉത്സാഹവും കാണിച്ചില്ല. ക്ലാസ് കഴിഞ്ഞു എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയതുകൊണ്ടു മാത്രം അവൻ പതുക്കെ പുറത്തേക്കിറങ്ങി. പെട്ടെന്നാണ് ആരോ പുറകിൽനിന്നു വിളിച്ചത്. അവൻ തിരിഞ്ഞുനോക്കി.

ബോബി സാർ.

"നിനക്ക് വേദനിച്ചോടാ," അദ്ദേഹം കുട്ടനോടു ചോദിച്ചു. ഇല്ല എന്ന മുഖഭാവത്തോടെ അവൻ നിന്നു. ഉടൻ സാർ പറഞ്ഞു,

"എടാ ഞാൻ നിന്നെ തല്ലിയത് ദേഷ്യം കൊണ്ടല്ല, നീ മികച്ചതായി പഠിക്കുവാനാണ്. നന്നായി തോൽക്കുന്നവർക്ക് നന്നായി ജയിക്കാനും പറ്റും. ഇന്ന് ക്ലാസിൽ നല്ല മാർക്ക് ലഭിച്ചവർ ജീവിതത്തിൽ വിജയിക്കണമെന്നില്ല. നീ നന്നായി പഠിക്കും. നീ ഒരുനാൾ ശോഭിക്കും". ഇത്രയും പറഞ്ഞുകൊണ്ട് അല്പം വികാരാധീനനായി സാർ അവിടെനിന്ന് പോയി.

കാലം കടന്നുപോയി. ജീവിതകാലം മുഴുവൻ ഓർമ്മയിൽ സൂക്ഷിക്കാവുന്ന ഒരു പിടി നല്ല ഓർമ്മകളും ബാക്കി വെച്ചുകൊണ്ട് ഞങ്ങളുടെ സ്കൂൾ കാലഘട്ടം അവസാനിച്ചു. ഞാൻ തുടർന്ന് എൻജിനീയറിങ് കഴിഞ്ഞ് ഒരു ഐടി കമ്പനിയിൽ ജോലിക്കു കയറി.

ആ കാര്യം എന്റെ ചെവിയിലേക്ക് എത്തുവാൻ അധിക നാൾ വേണ്ടിവന്നില്ല. എന്റെ കമ്പനിയുടെ സി. ഇ. ഒ., അതായത് എന്റെ ബോസ് അന്ന് ബോബി സാർ പരീക്ഷയ്ക്കു തോറ്റതിന് ശിക്ഷിച്ച ആ പഴയ കുട്ടനായിരുന്നു!

അങ്ങനെ പ്രതീക്ഷിച്ചതുപോലെ ഒരു ദിവസം ഞങ്ങൾ തമ്മിലുള്ള കൂടിക്കാഴ്ച നടന്നു. അവനോട് ചോദിക്കുവാൻ ഒരേയൊരു ചോദ്യമാണ് ഉണ്ടായിരുന്നത്.

"നീ എങ്ങനെ ഈ സ്ഥാനത്ത് എത്തി?"

അവൻ ഒന്നും ആലോചിക്കാതെ എനിക്ക് മറുപടി തന്നു.

"തോറ്റവർക്ക് ജയിക്കാൻ പറ്റും എന്ന് അന്ന് ബോബി സാർ പറഞ്ഞ വാക്കുകൾ എന്റെ മനസ്സിൽ കൊളുത്തിവിട്ട തീപ്പൊരി പിന്നീട് വലിയ കാട്ടുതീയായി പടർന്നു. അതാണ് എന്നെ ഇന്ന് വിജയത്തിൽ എത്തിച്ചിരിക്കുന്നത്. ഒരു ശരാശരി വിദ്യാർഥിയായിരുന്നു ഞാൻ. ബോബി സാർ തല്ലിയതിനോട് യോജിപ്പില്ലെങ്കിലും അദ്ദേഹത്തിന്റെ വാക്കുകൾ എന്റെ മനസ്സിൽക്കൊണ്ടു. അത് എന്നും മനസ്സിൽ സൂക്ഷിച്ചതുകൊണ്ടാകാം ഇന്ന് ഈ വിജയത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുന്നത്."

അന്ന് വീട്ടിലെത്തിയ ശേഷം ഞാൻ ആലോചിച്ചു, പഴയ കുട്ടനും ഇന്ന് എന്റെ മുതലാളിയായ കുട്ടനും തമ്മിലുള്ള ദൂരം. ആ വാക്കുകൾ ഞാനോർത്തു.

"തോൽക്കുന്നവർക്ക് നന്നായി ജയിക്കാനും പറ്റും."

# കനിവ്

**അമൃതവർഷിണി**
ക്ലാസ് 7,
വാല്യക്കോട് എ യു പി സ്കൂൾ,
പേരാമ്പ്ര, കോഴിക്കോട്

മരം പുഴയോട് പറഞ്ഞു
നീ ഒഴുകുംവരെയെ ഞാനുള്ളു.

പുഴ മരത്തോട് പറഞ്ഞു
നമ്മളുണ്ടെങ്കിലെ ജീവനുള്ളു.

കാറ്റ്, ഭൂമിയുടെ
സുഗന്ധവുമായ് വന്ന്
അവരെ തലോടി.

# വായനവാരം
## അക്ഷരനിറവ് സംഘടിപ്പിച്ചു

**കേരള** സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വായനവാരത്തോടനുബന്ധിച്ച് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ 'പുസ്തക നിറവ്' പരിപാടി സംഘടിപ്പിച്ചു. വായനദിനമായ ജൂൺ 19 മുതൽ 22 വരെയായിരുന്നു പരിപാടി. കുട്ടികളിലെ വായനശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പുസ്തക നിറവ് പരിപാടിയിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ പ്രദർശനവും പ്രത്യേക ഡിസ്കൗണ്ടിൽ പുസ്തക വിൽപ്പനയും നടന്നു.



ബ്ലൂ മൗണ്ട് സ്കൂളിൽ പുസ്തകനിറവ് എഴുത്തുകാരൻ പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു.



ഗായത്രി പബ്ലിക് സ്കൂളിലെ പുസ്തകപ്രദർശനം

തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ ബ്ലൂ മൗണ്ട് പബ്ലിക് സ്കൂളിൽ നടന്ന പുസ്തകനിറവ് പരിപാടി മലയാളത്തിന്റെ മുതിർന്ന എഴുത്തുകാരൻ പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്തു. ബ്ലൂ മൗണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ചെയർമാൻ അഡ്വ. കെ വിജയൻ അധ്യക്ഷനായ ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പൽ ഡെൽസി ജോസഫ് സ്വാഗതം ആശംസിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, മുൻ എം എൽ എ കോലിയക്കോട് കൃഷ്ണൻ നായർ എന്നിവർ സംസാരിച്ചു.

ആലപ്പുഴ ജില്ലയിലെ ഗായത്രി സെൻട്രൽ സ്കൂളിൽ നടന്ന പുസ്തകനിറവ് എഴുത്തുകാരൻ ചുനക്കര ജനാർദ്ദനൻ നായർ ഉദ്ഘാടനം ചെയ്തു. വായനമത്സരം, കവിതാലാപന മത്സരം എന്നിവയിൽ വിജയിച്ച കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, ഗായത്രി സെൻട്രൽ സ്കൂൾ ചെയർമാൻ സി ഷാജി, സ്കൂൾ പ്രിൻസിപ്പൽ ലീന ശങ്കർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിൽ മാനേജർ ബി എസ് പ്രദീപ് കുമാർ എന്നിവർ സംസാരിച്ചു. ■

THALIRU
July 2024, Volume 31, Issue No. 7, 48 Pages
Printed and Published by Palliyara Sreedharan on behalf of Kerala State Institute of Children's Literature, Thiruvananthapuram. Printed at St. Joseph's Press, Thiruvananthapuram, Kerala and Published at Kerala State Institute of Children's Literature, Sanskrit College campus, Palayam, Thiruvananthapuram -34
Editor: Palliyara Sreedharan

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

# വാർത്തകൾ

## പരിസ്ഥിതിദിനം ആചരിച്ചു

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പരിസ്ഥിതി ദിനം ആചരിച്ചു. ദിനാചരണം എസ് എൻ കോളേജ് ചെമ്പഴന്തി റിട്ട. പ്രിൻസിപ്പലും പരിസ്ഥിതി പ്രവർത്തകനുമായ ഡോ. അനിൽകുമാർ എസ് പരിസ്ഥിതിദിന പ്രഭാഷണം നടത്തി ഉദ്ഘാടനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. മികച്ച ചെടിച്ചട്ടിയൊരുക്കാൻ ഉദ്യോഗസ്ഥർക്കിടയിൽ നടത്തിയ മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ പരിപാടിയിൽ സമ്മാനിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ദീപ ടി വി, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബിനോദ് കെ, ഫിനാൻസ് ഓഫീസർ സൂര്യനാരായണൻ എം ഡി, ഓഫീസ് മാനേജർ ബി എസ് പ്രദീപ് കുമാർ, ഗായത്രീദേവി ജെ എ തുടങ്ങിയവർ സംസാരിച്ചു.





വായനദിനത്തിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ച തിരുവനന്തപുരം, കാലടി ഗവ. ഹൈസ്കൂളിലെ കുട്ടികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ തളിര് മാസിക സമ്മാനിക്കുന്നു.

## തളിര് സ്കോളർഷിപ്പ് 2024 രജിസ്ട്രേഷൻ തുടങ്ങി

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന തളിര് സ്കോളർഷിപ്പ് 2024ന്റെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. https://scholarship.ksicl.kerala.gov.in എന്ന വെബ്സൈറ്റിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. തളിര് മാസികയുടെ വാർഷികവരിസംഖ്യയ്ക്ക് തുല്യമായ 250 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികൾക്കും 2025 ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 ലക്കം തളിര് തപാലിൽ വീട്ടിലെത്തും.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരമുണ്ട്. ജില്ലാതലത്തിൽ വിജയികളാകുന്ന 100 കുട്ടികൾക്ക് 1000 രൂപ വീതം ജില്ലാതല സ്കോളർഷിപ്പ് ലഭിക്കും. സംസ്ഥാനത്തൊട്ടാകെ ചുരുങ്ങിയത് 1400 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാകും. സംസ്ഥാനതലത്തിൽ വിജയികളാകുന്ന കുട്ടികൾക്ക് 10000, 5000, 3000 എന്നിങ്ങനെ സ്കോളർഷിപ്പ് തുക ലഭിക്കും. ജൂനിയർ (5, 6, 7 ക്ലാസുകൾ), സീനിയർ (8, 9, 10 ക്ലാസുകൾ) വിഭാഗത്തിലും പ്രത്യേകം പരീക്ഷകൾ നടക്കും.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2024-26
RNI No. 20076/1970
Regd KL/TV (N)/399/2024-2026
July 2024
Published on 01-07-2024 Vol:31, Issue: 7, ₹25

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന **തളിര് സ്കോളർഷിപ്പ് 2024** ന് ഇപ്പോൾ രജിസ്റ്റർ ചെയ്യാം.

**250 രൂപ** അടച്ച് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാം.

രജിസ്റ്റർ ചെയ്യുന്നവർക്ക് **2025 ജനുവരി** മുതൽ **ഡിസംബർ** വരെയുള്ള തളിര് തപാലിൽ ലഭ്യമാവും.



https://scholarship.ksicl.kerala.gov.in/

THALIRU

# തളിര് സ്കോളർഷിപ്പ് 2024

## 14 ലക്ഷം രൂപയുടെ സ്കോളർഷിപ്പ്

https://scholarship.ksicl.kerala.gov.in/
എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യാം

**ജില്ലാതലം**
യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി **ഓരോ ജില്ലയിലും** ചുരുങ്ങിയത് **100 പേർക്ക്** സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.

**സംസ്ഥാനതലം**
ഇരു വിഭാഗത്തിലും ആദ്യ മൂന്നു റാങ്കുകാർക്ക് **10000, 5000, 3000 രൂപ** എന്നിങ്ങനെ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.

100കുട്ടികളിൽ കൂടുതൽ തളിര് സ്കോളർഷിപ്പിനു ചേരുന്ന സ്കൂളുകൾക്ക് 1000രൂപയുടെ പുസ്തകങ്ങൾ